KNANAYADEEPAM

# ക്നാനായദീപം

Vol: 35 / Issue: 2 February 2024 ₹:10/-



## നീതിമാന്റെ ഓർമ്മ
## അനുഗ്രഹത്തിനായിത്തീരട്ടെ

2 – ാം ചരമവാർഷികം
**23-2-2024**



സുമ തോമസ്

36 – ാം ചരമവാർഷികം
**29-2-2024**



എം. യു. ഉതുപ്പാൻ
(ഉപ്പായിച്ചൻ)

57 – ാം ചരമവാർഷികം
**7-1-2024**



ഉണ്ണിട്ടൻ ഉതുപ്പാൻ



72 – ാം ചരമവാർഷികം
**20-07-2024**



നൈത്തോമ്മ

17 – ാം ചരമവാർഷികം
**29-5-2024**



ചാച്ചിയമ്മ ഉതുപ്പാൻ

## മണിമലേത്ത് ഏജൻസി, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

14 – ാം ചരമവാർഷികം
**14-5-2024**



എം. ഒ. ഏബ്രഹാം (പ്രസാദ്)

Advt -R

# ക്നാനായ ദീപം

2024 ഫെബ്രുവരി പുസ്തകം 35 ലക്കം 2

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

വി. കുമ്പസാരം 09
റ്റി. യു. ജോസ് തൈത്തറ

വാക്കുകളല്ല സുവിശേഷം-പ്രവൃത്തിയാണ് 10
അമ്മാൾ രാജൻ പുളിമൂട്ടിൽ

യുവജന കേന്ദ്രീകൃതമാകണം സഭ 15
സുനിൽ ഡി. കുരുവിള

നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു 17
സീമ ഷിന്റോ കന്നിയേൽ

സംഭാഷണം സുന്ദരമായ കല 18
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

ജയത്തിന്റെ അടയാളവും... 19
ഫാ. പി.റ്റി. മാത്യു പയ്യനാട്ട്

വിശുദ്ധ കുർബ്ബാന സ്വീകരണത്തിലെ... 21
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

ഏവൻഗേലിയോൻ ദീപം 22
ഫാ. ബിനോ ഫിലിപ്പ് മൂഴിപ്പറമ്പിൽ

അരങ്ങിനപ്പുറത്തെ അണിയറ... 23
എഞ്ചി. ടി.എം. തോമസ് കൊച്ചുപുരയ്ക്കൽ

സ്ത്രീകൾ വിമർശന വിധേയരോ? 24
പ്രൊഫ. ഡോ. അന്നമ്മ ജേക്കബ്

27 മനുഷ്യന്റെ മാറ്റു കൂട്ടുന്ന മതം
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

28 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

41 ഒരു നല്ലയിടയന്റെ നനവോർമ്മകൾ

42 സഹദേന്മാരിൽ മുമ്പൻ
റ്റി.ജെ. ജേക്കബ് തുണ്ടിയിൽ

44 മല്പാനോട് ചോദിക്കാം

45 കാൽപ്പാടുകൾ
എബി

46 മാട്രിമോണിയൽ

48 കലഹം
ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Roy Mathew Core Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# EDITORIAL
## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

2024-ലെ ഒരു മാസം പിന്നിട്ട് മൂന്നുനോമ്പും കഴിഞ്ഞ് വലിയനോമ്പിലേയ്ക്കു പ്രവേശിക്കുകയാണല്ലോ. പ്രാർത്ഥനയും നോമ്പുകളും ദൈവീകങ്ങളാണ്. അതിനെ ദുഷ്കൃത്യങ്ങൾക്കും, അനീതിക്കും വേണ്ടി മറയായി പിടിക്കുവാൻ ഉപയോഗിച്ചാൽ തിരിഞ്ഞുകൊള്ളുന്ന വാളായിരിക്കും. വേദപുസ്തകത്തിലെ എല്ലാ ഉപവാസങ്ങളും അനുഗ്രഹത്തിനും ദൈവപ്രീതിക്കുമായി ഭവിച്ചെങ്കിലും ഇസബേലിന്റെ നോമ്പു മാത്രം അവളുടെ നാശത്തിനായി ഭവിച്ചു. കായേന്റെ ബലിയും, അനന്യാസിന്റെ ദാനവും സ്വന്ത നാശത്തിനാണ് ഉപകരിച്ചത്. നീതിമാനായ നാബോത്തിനെ കുറ്റക്കാരനാക്കി വധിക്കുവാനാണ് ഇസബേൽ ഉപവാസം നിശ്ചയിച്ചത്. കുറ്റമില്ലാത്തവരിൽ കുറ്റം ചുമത്തുവാനും, പുലഭ്യങ്ങളും അസഭ്യങ്ങളും വർഷിക്കുവാനും സ്ഥാപിത താല്പര്യങ്ങളെ സംരക്ഷിക്കുവാനും വേണ്ടി സംഘടനകൾ ഉണ്ടാക്കുകയും പാവപ്പെട്ടവരെ തെറ്റിദ്ധരിപ്പിക്കുകയും വ്യാമോഹിപ്പിക്കുകയും ചെയ്യുന്ന സമർത്ഥന്മാർ ഉണ്ട്. ഏതെങ്കിലും വിധത്തിൽ മനുഷ്യരെ കബളിപ്പിച്ച് പണം ഉണ്ടാക്കുവാൻ ചിട്ടികളും കമ്പനികളും ഉണ്ടാക്കി തക്കസമയം വരുമ്പോൾ ഒളിച്ചോടിപ്പോകുന്ന വിദ്വാന്മാരെപ്പോലെ മനുഷ്യരുടെ ഇടയിൽ കുഴപ്പങ്ങളും അസമാധാനങ്ങളും വർദ്ധിപ്പിക്കുന്ന നേതൃമാന്യന്മാർ മനസ്സിലാക്കണം ഇസബേലിന്റെ ഉപവാസവും അവളുടെ സമൂല നാശത്തിനായിട്ടാണ് ഭവിച്ചത്. നാബോത്തിന്റെ തോട്ടം കൈവശമാക്കുന്നതിനുവേണ്ടിയാണ്, അല്ലാതെ ഉപവസിച്ച് മോക്ഷം നേടുവാനായിട്ടല്ല അവൾ നോമ്പാചരിച്ചത്. ഫലമോ, നായ്ക്കൾ അവളുടെ ശരീരം വലിച്ചുകൊണ്ടു നടന്നു. കുരിശു മുമ്പിൽ കാണിച്ചുകൊണ്ട് കഠാരികൊണ്ടുള്ള താണ്ഡവനൃത്തം പുറകിൽ നടത്തുന്നതും, ദൈവശുശ്രൂഷയുടെ ഭാവന മുമ്പിൽ പ്രകടിപ്പിച്ചുകൊണ്ട് സഭയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതും ഇസബേലിന്റെ ഉപവാസത്തിന്റെ മറ്റു പതിപ്പുകളാണ്. ഉപവാസം വർജ്ജിത സ്വഭാവത്തിന്റെ അടയാളമായി ശരീരേച്ഛകളെ നിയന്ത്രിക്കേണ്ടതിനായിട്ടായിരിക്കണം നടത്തേണ്ടത്. മറ്റുള്ളവരെ ഭക്തിയുടെ വേഷം കാണിക്കുവാൻ വേണ്ടി യഹൂദർ നടത്തിയിരുന്ന ഉപവാസങ്ങളെ കർത്താവ് ഭർത്സിക്കുന്നതായി കാണുന്നു. ഉപവാസംമൂലം പാപത്തോടുള്ള വെറുപ്പ് നമ്മിൽ വളർത്തുവാൻ പര്യാപ്തമാകുന്നില്ലെങ്കിൽ തന്മൂലം വലിയ പ്രയോജനം സിദ്ധിക്കുന്നില്ല. യഥാർത്ഥ ഉപവാസത്തെക്കുറിച്ച് നോമ്പിന്റെ പ്രാർത്ഥനകളിൽ പറയുന്നുണ്ട്. ലാഭമുണ്ടാക്കാൻ ഉപവസിക്കുന്നതും കാരുണ്യ പ്രവൃത്തികളും ദാനധർമ്മങ്ങളും ചെയ്യാതെ ഉപവസിക്കുന്നതും വ്യർത്ഥമാണ്. നമ്മുടെ നോമ്പ് സാത്താനെ ജയിക്കുവാനുള്ള ആയുധമായി തീരട്ടെ. സംസ്കാരത്തിന്റെ ഉച്ചകോടിയിൽ എത്തിയിരിക്കുന്ന ഈ നൂറ്റാണ്ടിൽപോലും കുപ്രചരണത്താലും, വ്യാജ പ്രസ്താവനകളാലും രാത്രിയെ പകലെന്നും, പകലിനെ രാത്രിയെന്നും മേല്പട്ടക്കാരെ വേഷധാരികളായും, വേഷധാരികളെ തിരുമേനിമാരെന്നും സംബോധന ചെയ്യാൻ പ്രയാസമില്ലാതായിരിക്കുകയാണ്. അത് ഇപ്പോൾ സുറിയാനി സഭയുടെ വേദ ഉപദേശങ്ങളുടെ ഒരു അദ്ധ്യായമായിട്ടാണ് ചിലർ കരുതുന്നത്. ഇന്ന് തെരുവുകൾ തോറും മെത്രാന്മാർ അവഹേളിക്കപ്പെടുന്നു. സോഷ്യൽ മീഡിയയിൽകൂടി വായിൽ തോന്നുന്നതെന്തും വിളിച്ചു പറയാൻ ലോകമനുഷ്യർക്ക് ബുദ്ധിമുട്ടില്ല. എന്നാൽ മെത്രാന്മാർക്ക് അവരുടെ നിലയിലേക്കിറങ്ങാനും അധഃപതിക്കാനും സാധിക്കുകയില്ല. സഭയെ പീഡിപ്പിക്കുന്നതിനു കിട്ടിയ സന്ദർഭം സാത്താൻ ശരിക്കും വിനിയോഗിക്കുകയാണ്.

ആതുര ശുശ്രൂഷയ്ക്കും, വിദ്യാഭ്യാസ വളർച്ചയ്ക്കും വേണ്ടി സഭ തുടങ്ങിയ സ്ഥാപനങ്ങൾ ബ്ലേഡ് കമ്പനികളായി മാറിപ്പോയി എന്നും, പൊതു നന്മയ്ക്കുവേണ്ടി അധികാരിയുടെ മുന്നിൽ പരാതിയുമായി ചെന്നപ്പോൾ ആട്ടിപ്പുറത്താക്കപ്പെട്ടതും, ഒരു വിശ്വാസിയെ സഭാനേതൃത്വത്തിൽ നിന്നും അകറ്റുവാൻ ഇടയാക്കി. പണം വാങ്ങി അദ്ധ്യാപകരെ നിയമിച്ചപ്പോൾ, ക്രിസ്തീയതയ്ക്കു ചേരാത്ത മാനദണ്ഡങ്ങളിലൂടെ സ്ഥാപനങ്ങൾ നടത്തപ്പെട്ടപ്പോൾ, സഭാസ്ഥാപനങ്ങളും ആശുപത്രികളും ഒക്കെ അധഃപതിച്ച് സമ്പത്തിനുവേണ്ടി നിലകൊണ്ടപ്പോൾ ഒരു സാധാരണക്കാരന്റെ മനസ്സിൽ സഭാനേതൃത്വത്തോടുള്ള സ്നേഹവും ബഹുമാനവും മരിച്ചുകഴിഞ്ഞിരുന്നു.

അഭിപ്രായ സ്വാതന്ത്ര്യം നഷ്ടപ്പെട്ട, നീതി നിഷേധിക്കപ്പെട്ട, അവഗണിക്കപ്പെട്ട ഒരു സമൂഹമായി അൽമേനികൾ മാറിയിരിക്കുന്നു. എന്തിനും ഏതിനും പണം മാത്രം മതിയെന്ന അവസ്ഥയിൽ സഭാധികാരികൾ മുന്നോട്ട് പോയപ്പോൾ സാധാരണക്കാരന്റെ മനസ്സിൽ ഒരു കാര്യം ഉറപ്പിക്കപ്പെട്ടു. എല്ലാവരും പണക്കൊതിയന്മാരാണ്. ഇന്ന് സമൂഹം മുഴുവൻ സഭാധികാരികൾക്കെതിരെ വിളിച്ചു പറയുന്നു അവർ പണക്കൊതിയന്മാരാണെന്ന്. ടി.വി. ചാനലുകൾ വിളിച്ചു പറയുന്നു വൈദികരും മെത്രാന്മാരും പണത്തിനു വേണ്ടിയാണ് ജീവിക്കുന്നതെന്ന്. അല്ലെന്ന് അധികാരികൾ പറഞ്ഞാലും അത് അംഗീകരിക്കാൻ ഇന്നത്തെ സാധാരണക്കാരന് കഴിയുന്നില്ല. ഇന്ന് പള്ളിപ്പെരുന്നാളുകൾപോലും ചൂഷണത്തിന്റെ വേദികളാണ്. വടക്ക് ഒരു പള്ളിയിൽ മാതാവിന്റെ തലയിൽ കിരീടം വയ്ക്കുക എന്ന് ഒരു ചടങ്ങുണ്ട്. കിരീടം വെക്കാൻ പത്ത് രൂപ കൊടുക്കണം. ഈ ഇനത്തിൽ എത്രയായിരം രൂപയാണ് പള്ളിക്കു വരുമാനം. അമ്പലങ്ങളിലെപ്പോലെ തൂക്കുനേർച്ച നടത്തുന്ന പള്ളികൾ ഉണ്ട്. ഓരോ കാര്യത്തിനും നിശ്ചിത നിരക്കിൽ പണം കൊടുക്കണമെന്ന് പള്ളിമുറ്റത്ത് ബോർഡിൽ പരസ്യപ്പെടുത്തിയിട്ടുള്ള പള്ളികളും നമുക്കുണ്ട്. ഇടവകക്കാരൻ മരിച്ചാൽ കാപ്പ ഇടുന്നതിന്, പള്ളി മണി അടിക്കുന്നതിന് എന്നുവേണ്ട പണം ഉള്ളവനുവേണ്ടി എന്തും ചെയ്യും. ഇല്ലാത്തവർ ശബ്ദിക്കരുത്. തിരുശേഷിപ്പുകളുടെ പേരിൽ അനേകം സാധനങ്ങൾ വിശുദ്ധൻ ഉപയോഗിച്ചതാണെന്നു പറഞ്ഞ് സ്ഥാപിച്ച് പണം സമ്പാദിക്കുന്നു.

ഒരു പോസ്റ്റുമോർട്ടം നടത്തി സഭാനേതൃത്വത്തെ അധിക്ഷേപിക്കുകയല്ല ഈ ലേഖനത്തിന്റെ ലക്ഷ്യം. ജനങ്ങളിൽ നിന്ന് എന്തുകൊണ്ട് സഭാനേതൃത്വം അകന്നുപോയി എന്നു വിലയിരുത്തുകയാണ്. എഴുപതുകളിലെ കോളേജ് സമരത്തിന് സഭയുടെ മുഴുവൻ പിൻബലം ഉണ്ടായിരുന്നു. ഇന്ന് അപ്രകാരം ഒരു സമരം ഉണ്ടായാൽ എന്താകും സ്ഥിതി. ഒരു ന്യൂനപക്ഷം മാത്രം. തെറ്റുതിരുത്താൻ സഭാനേതൃത്വം തയ്യാ

*(ശേഷം പേജ് 8-ൽ)*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2024 വർഷത്തിന്റെ ഒരു മാസം പിന്നിട്ട് പുതിയ മാസത്തിലേയ്ക്ക് നാം പ്രവേശിച്ചുവല്ലോ. ലഭിച്ച കൃപയ്ക്കായി ദൈവസന്നിധിയിൽ സ്തുതി സമർപ്പിക്കുന്നു. തുടർന്നുള്ള ദിനങ്ങളും ദൈവാനുഗ്രഹത്താൽ നിറയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഫെബ്രുവരി രണ്ടിന് മായൽത്തോ പെരുന്നാൾ ആയിരുന്നുവല്ലോ. ദൈവനിയോഗത്താൽ ഭൂമിയിലേക്ക് അവതരിച്ച യേശുവിനെ മാതാപിതാക്കൾ ദൈവാലയത്തിലേയ്ക്ക് കൊണ്ടുവന്ന് ദൈവസന്നിധിയിൽ സമർപ്പിച്ചതിനെ നാം ഈ മോറോനായ പെരുന്നാളിലൂടെ സ്മരിക്കുമ്പോൾ വചനം നമ്മെ പ്രേരിപ്പിക്കുന്നത് നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുക എന്നതാണ്. നശ്വരമായ ഈ ലോകത്തിൽ ആയിരിക്കുന്ന നാം നമുക്കുള്ളതെല്ലാം ദൈവദാനമാകയാൽ ദൈവസന്നിധിയിൽ സമർപ്പണത്തിന്റെ അനുഭവം യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. അതിനനുസരിച്ച് പ്രവൃത്തിക്കുവാൻ ഉത്സുകത കാണിക്കേണ്ടതുണ്ട്.

ഫെബ്രുവരിയിൽ പരി. ഏലിയാസ് ത്രിതീയൻ ബാവായുടെ പെരുന്നാൾ ആചരിച്ചുവല്ലോ. മഞ്ഞനിക്കര കുന്നിന്റെ അസ്തമിക്കാത്ത സൂര്യനായ ബാവായുടെ മദ്ധ്യസ്ഥത നമുക്കെന്നും കോട്ടയും അഭയവുമാണ്. നമ്മിൽ അനേകരും മഞ്ഞനിക്കരയിലെ കബറിങ്കൽ പോയി അനുഗ്രഹം പ്രാപിക്കുന്നവരാണ്. അതുപോലെ വിവിധ സ്ഥലങ്ങളിൽ നിന്ന് വരുന്ന തീർത്ഥാടകരെ സ്വീകരിക്കുന്നവരാണ്. പരി.പിതാവ് സഭയുടെ സമാധാനത്തിനുവേണ്ടിയാണല്ലോ തന്റെ ജീവനെ സമർപ്പിച്ചത്. പരിശുദ്ധന്റെ ഓർമ്മ നമുക്കെന്നും വാഴ്വിനായിത്തീരട്ടെ.

പരി.അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന പരി. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നെള്ളിയെന്നത് ഏറ്റവും ശ്രേഷ്ഠമാണ്. മലങ്കര സുറിയാനി ക്നാനായ സമുദായത്തിനുള്ള സന്തോഷം രേഖപ്പെടുത്തുന്നു. പരി. ബാവായുടെ ശ്രേഷ്ഠമായ നേതൃത്വം കൂടുതൽ ദൈവികശക്തിയോടെ ആയിരിക്കുവാൻ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിച്ച് എല്ലാ ഭക്ത്യാദരവുകളും രേഖപ്പെടുത്തട്ടെ.

ഈ വർഷത്തെ കൊഹനെ – ആനീദേ ഞായറാഴ്ചകൾ നാം ആചരിച്ചു. നമ്മെ ശുശ്രൂഷിച്ച വൈദികരെയും, നമ്മെ ദൈവവഴികളിൽ നടത്തിയ മുൻ തലമുറകളെയും നാം അനുസ്മരിക്കുകയാണ്. ഇതിന്റെ അനുസ്മരണം അവരുടെ നല്ല സ്മരണകളെ അയവിറക്കുക മാത്രമല്ല, അവരിൽ നിന്ന് ലഭ്യമായ നല്ല മാതൃകകളെ ഉൾക്കൊണ്ട് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാനും ഇടയാകണം. മുൻ തലമുറകൾ നമുക്ക് കൈമാറിയ മൂല്യാധിഷ്ഠിത ജീവിതം നാം അനുകരിക്കണം. ആധുനികതയുടെ അതിപ്രസരത്തിൽ മൂല്യാധിഷ്ഠിത ജീവിത ശൈലി നമുക്ക് നഷ്ടപ്പെടുന്നുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ ദിവസങ്ങൾ ആചരിച്ചതിലൂടെ മൂല്യാധിഷ്ഠിത ജീവിതം നയിക്കുവാനുള്ള പ്രേരണയെ ഉൾക്കൊണ്ട് ജീവിതത്തെ നവീകരിക്കുവാൻ ഇടയാകണം.

ഈ വർഷത്തെ വലിയനോമ്പ് ആരംഭിച്ചുവല്ലോ. വലിയ നോമ്പ് അവസാനിക്കുന്നത് നമ്മുടെ കർത്താവിന്റെ ഉയിർപ്പ് പെരുന്നാളിലാണല്ലോ. ദൈവിക പദ്ധതിപ്രകാരം തന്റെ ജീവനെ ബലിയായി അർപ്പിച്ച് പഴയനിയമബലി പൂർത്തീകരിച്ച് മനുഷ്യകുലത്തിനാകമാനം രക്ഷ സമ്മാനിച്ച ദൈവപുത്രനായ യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് ദൈവിക ശക്തിയെ വെളിപ്പെടുത്തിയത് തന്റെ ഉയിർപ്പോടെയാണല്ലോ. നോമ്പ് പരി. സഭ ക്രമീകരിച്ചിരിക്കുന്നത് വിശ്വാസ സമൂഹത്തെ വിശുദ്ധിയിലേയ്ക്ക് നയിക്കുവാനാണല്ലോ. വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ ഒന്നാമതായി ഉണ്ടാകേണ്ടത് അനുതാപമാണ്. അത് നമ്മുടെ ജീവിതപാതകളിലെ തെറ്റുകളെ കണ്ടുപിടിക്കുവാൻ നമ്മെ സഹായിക്കുമെന്ന് മാത്രമല്ല, നാം ആയിത്തീരേണ്ട അവസ്ഥയെക്കുറിച്ചുള്ള ബോധ്യവും നമുക്ക് സമ്മാനിക്കും. നമ്മുടെ തെറ്റുകളെക്കുറിച്ചുള്ള ബോധ്യമുണ്ടായാൽ കുമ്പസാരമെന്ന കൂദാശയിലൂടെ നമ്മെതന്നെ കഴുകി വെടിപ്പാക്കി വി. കുർബ്ബാനയാകുന്ന യേശുവിന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച് വെണ്മയുള്ളവരായിത്തീരണം. അങ്ങനെ ഈ വർഷത്തെ നമ്മുടെ വലിയനോമ്പ് വ്യത്യസ്തതയുടേതായിത്തീരാൻ നമുക്ക് ശ്രമിക്കേണ്ടതുണ്ട്. അതിന് ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അനുതാപത്തിന്റെ കാറ്റ് നമ്മിൽ ഒഴുകി നാം എല്ലാവരും വിശുദ്ധി നിറഞ്ഞവരായിത്തീരാൻ ദൈവം അനുഗ്രഹിക്കട്ടെ.

ഈ വർഷം 22-ാമത് ക്നാനായ കൺവൻഷൻ ആണല്ലോ. ഫെബ്രുവരി 28 മുതൽ മാർച്ച് 3 വരെ വിജയ കൺവൻഷൻ സെന്ററിൽവച്ച് നടത്തുവാൻ ദൈവത്തിൽ ശരണപ്പെടുന്നത്. അതിന്റെ ഒരുക്കങ്ങൾ എല്ലാം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ക്നാനായ സുവിശേഷ സമാജത്തിന്റെ എല്ലാ പ്രവർത്തകരും ഇതിന്റെ അനുഗ്രഹത്തിനുവേണ്ടി അക്ഷീണം പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ

*(ശേഷം പേജ് 8-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

സമുദായത്തിൽ വിഘടനം ഉണ്ടാക്കുന്നതിനുവേണ്ടി ചില ഗ്രൂപ്പുകൾ പരി. പാത്രിയർക്കീസ് ബാവായുടെ ഇന്ത്യാ സന്ദർശനത്തിന് ക്നാനായ സമുദായ മെത്രാപ്പാലീത്തായും ക്നാനായ കമ്മിറ്റിയും എതിരാണെന്നുള്ള രീതിയിൽ നുണ പ്രചരണം നടത്തുകയാണ്.

എന്നാൽ യഥാർത്ഥ വസ്തുതകൾ ക്നാനായ സമുദായ അംഗങ്ങൾ അറിയണം. പരി. ബാവാ 2024 ജനുവരി മാസം അവസാനം മലങ്കരയിൽ സന്ദർശനം നടത്തുന്നു എന്ന വിവരം പത്രങ്ങളിൽ കൂടി മാത്രമാണ് ക്നാനായ സമുദായം അറിഞ്ഞത്. ആ അറിവ് വച്ചുകൊണ്ട് പരി. ബാവായ്ക്ക് 2023 ഡിസംബർ മാസം 26-ാം തീയതി ക്നാനായ സമുദായ മെത്രാപ്പോലീത്താ ക്ഷണക്കത്ത് എഴുതി അയച്ച് 13 ദിവസം കഴിഞ്ഞ് ആ കത്തിന് ഒരു മറുപടി 2024 ജനുവരി 11-ാം തീയതി വന്നു. മറുപടിയിലെ ഉള്ളടക്കം ഫെബ്രുവരി 9-ാം തീയതി മഞ്ഞനിക്കരയ്ക്ക് പോകുന്ന വഴിയ്ക്ക് കാലം ചെയ്ത അഭിവന്ദ്യ ക്ലീമ്മീസ് തിരുമേനിയുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തിയതിനുശേഷം ആളുകൾ ഉണ്ടെങ്കിൽ അവിടെ ചെറിയൊരു മീറ്റിംഗ് കൂടി അവിടെ നിന്ന് മഞ്ഞനിക്കരയ്ക്ക് യാത്ര തുടരുമെന്നുമാണ്.

വീണ്ടും സമുദായ മെത്രപ്പോലീത്ത ജനുവരി 17-ാം തീയതി; ക്നാനായ അസ്സോസിയേഷൻ ഹാളിൽ സമുദായാംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ഒരു ചെറിയ മീറ്റിംഗ് കൂടിയതിനുശേഷം വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി പരി. ബാവായെ ദയറാ പള്ളിയിലേക്ക് ആനയിച്ച് ക്ലീമ്മീസ് തിരുമേനിയുടെ കബറിങ്കൽ ധൂപപ്രാർത്ഥയ്ക്ക്ശേഷം മഞ്ഞനിക്കര യാത്ര തുടരുകയും ചെയ്യണം എന്ന് വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ട് ഒരു കത്ത് കൂടി അയച്ചു.

18-ാം തീയതി കിട്ടിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് നേരെ കാറിൽ ദയറാ പള്ളിയിൽ വന്ന് ഇറങ്ങി അവിടെ ധൂപപ്രാർത്ഥന കഴിഞ്ഞ് മീറ്റിംഗ് ഉണ്ടെങ്കിൽ അതിൽ പ്രസംഗിച്ച് മഞ്ഞനിക്കരയ്ക്ക് യാത്ര തുടരും എന്നാണ്.

വീണ്ടും സമുദായ മെത്രാപ്പോലീത്താ ഒരു ലെറ്റർ 23-ാം തീയതി അയച്ചു. അതിൽ പറഞ്ഞിരുന്നത് ചിങ്ങവനം അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ മീറ്റിംഗ് കൂടുന്നില്ലെങ്കിലും അപ്രേം സെമിനാരിയിൽനിന്നും വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി പരിശുദ്ധബാവായെ ദയറാ പള്ളിയിലേക്ക് ആനയിച്ച് കൊണ്ടുവരാനുള്ള അവസരം തരണം എന്നാണ്. അതിന് വന്ന മറുപടി നേരത്തെ ബാവ അറിയിച്ച പ്രോഗ്രാമിൽ ഒരു മാറ്റവും വരുത്തുവാൻ ബാവാ ആഗ്രഹിക്കുന്നില്ല എന്നാണ്.

പ്രിയപ്പെട്ടവരെ, ബാവായുമായി കറസ്പോണ്ടൻസ് നടത്തുന്നതിനിടയിൽ നമ്മുടെ ഒരു സഹായ മെത്രാനായ അഭി. ഗ്രിഗോറിയോസ് തിരുമേനി മുൻകൂറായി കല്പന പള്ളികളിൽ അയച്ചു ജനങ്ങളിൽ കൺഫ്യൂഷൻ ഉണ്ടാക്കിയത് ഒട്ടും ശരിയായില്ല.

ചരിത്രത്തിൽ മലങ്കര സന്ദർശിച്ചിട്ടുള്ള പാത്രിയർക്കീസ് മാർ എല്ലാം അപ്രേം സെമിരിയിൽ വന്നതിനുശേഷമാണ് മീറ്റിംഗ് നടത്തി ക്നാനായ ജനത്തെ അഭിസംബോധന ചെയ്യുന്നത്. അതുകൊണ്ടാണ് സമുദായ ജനങ്ങൾ ആ രീതി തുടരണം എന്ന് ആവശ്യപ്പെടുന്നത്.

ചിലർ പരി.ബാവായെ തെറ്റിദ്ധരിപ്പിച്ച് ക്നാനായ സമുദായം അന്ത്യോഖ്യാ സിംഹാസനത്തിന് എതിരാണെന്ന് വരുത്തിത്തീർക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് സമുദായ അംഗങ്ങൾ മനസ്സിലാക്കണം.

ക്നാനായ മാനേജിംഗ് കമ്മിറ്റികൂടി പരി. ബാവായെ ക്നാനായ സമുദായം ഉചിതമായ രീതിയിൽ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ഇതാണ് യഥാർത്ഥ വസ്തുത.

ഈ വാർത്തകൾ ക്നാനായ ദീപത്തിൽ ഫെബ്രുവരി മാസം പ്രസിദ്ധീകരിക്കുന്നതിന് മുമ്പുതന്നെ പരി.പാത്രിയർക്കീസ് ബാവായുടെ ക്നാനായ സമുദായ സന്ദർശനം കഴിഞ്ഞിരിക്കും.

ക്നാനായ സമുദായ ദിനവും, ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമനസ്സിന്റെ 20-ാമത് മെത്രാഭിഷേക വാർഷികവും, മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിന്റെ ശതാബ്ദി വാർഷികവും സംയുക്തമായി 2024 ജനുവരി 15-ാം തീയതി ഓതറ നസ്രേത്ത് ഫാർമസി കോളേജിൽ ആഘോഷിച്ചു.

സുപ്രീംകോടതി റിട്ടയേർഡ് ജസ്റ്റീസ് ലോകായുക്ത സിറിയക് ജോസഫിന്റെയും, മാർത്തോമ്മാ സഭ അടൂർ ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മോർ സെറാഫിന്റെയും, മറ്റ് വിശിഷ്ട അതിഥികളുടെയും സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട കേരളാ ആരോഗ്യ ശിശുക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിച്ചു.

ഷാർജ സെന്റ് മേരീസ് ക്നാനായ പള്ളിയുടെ സിൽവർ ജൂബിലിക്കായി UAE- ൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും ശ്രിലങ്കൻ ഹൈക്കമ്മീഷനിലെ ഇൻഡ്യൻ കൗൺസിലേറ്റർ എൽദോസ് പുന്നൂസ് IFS, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ എന്നിവർ പ്രസ്തുത സമ്മേളനത്തിൽ ഷാർജ പള്ളിയുടെ ക്ഷണം അനുസരിച്ച് പങ്കെടുക്കുകയുണ്ടായി. ദുബായി പള്ളിയുടെയും, അബുദാബി പള്ളിയുടെയും വികാരിമാരും ക്നാനായ അസ്സോസിയേഷൻ അംഗങ്ങളും, സമുദായ അംഗങ്ങളും അടക്കം ആയിരക്കണക്കിന് സമുദായജനം ഒരു പകലും രാത്രിയുമായി നീണ്ടുനിന്ന പരിപാടികളിൽ പങ്കെടുത്തു. ഇതിന് മുൻകൈയെടുത്ത ഷാർജ പള്ളി വികാരി ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്തിനോടും, പള്ളി ട്രസ്റ്റി, സെക്രട്ടറി അടക്കം ഉള്ള കമ്മിറ്റി അംഗങ്ങളോടും, ക്നാനായ അസ്സോസിയേഷൻ അംഗങ്ങളോടും, ജനറൽകൺവീനർ അലക്സ് ഏബ്രഹാം മുരിക്കോലിപ്പുഴ എന്നിവരോടുമുള്ള നന്ദി ക്നാനായ സമുദായത്തിനുവേണ്ടി അറിയിക്കുന്നു.

ദൈവാലയത്തിന്റെ സിൽവർ ജൂബിലി സമാപന സമ്മേളനത്തിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ 20–ാമത് മെത്രാഭിഷേക വാർഷികം കേക്ക് മുറിച്ച് ആഘോഷിച്ചു.

05–01–2024 ന് കോട്ടയം സബ് കോടതിയിൽ പത്തുലക്ഷം രൂപാ ആസ്തി വരത്തക്കവണ്ണം ഒരു ലക്ഷം രൂപാ കോർട്ട് ഫീ അടയ്ക്കുവാൻ തക്കവണ്ണം ഉള്ള ഒരു കേസ് രാജു അറയ്ക്കൽ കാവാലം എന്നയാൾ ക്നാനായ സമുദായ മെത്രാപ്പോലീത്ത അടക്കം കമ്മിറ്റി ഉൾപ്പെടെ 18 പേരെ പ്രതിയാക്കി ഫയൽ ചെയ്തു.

**കേസിലെ ആവശ്യം**

1) ക്നാനായ അസ്സോസിയേഷനിൽ തിരഞ്ഞെടുക്കപ്പെട്ട ക്നാനായ കമ്മിറ്റി അംഗങ്ങളുടെ ഇലക്ഷൻ ക്യാൻസൽ ചെയ്യണം.

2) ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റിനേയും, ക്നാനായ സമുദായ സെക്രട്ടറിയെയും, പള്ളിക്കുറ്റം ചുമത്തി ക്നാനായ കമ്മിറ്റിയിൽനിന്നും ക്നാനായ സമുദായത്തിന്റെ എല്ലാ ചുമതലകളിൽ നിന്നും മാറ്റി നിർത്തുക.

3) നാലാം പ്രതിയായ സമുദായ മെത്രാപ്പോലീത്ത മൂന്നു ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കണം. കൂടാതെ 9% പലിശയും രാജുവിന് കൊടുക്കണം.

4) നാലാം പ്രതിയായ സമുദായ മെത്രാപ്പോലീത്തായും, അഞ്ചാം പ്രതിയായ ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റും, 6–ാം പ്രതിയായ സമുദായ സെക്രട്ടറിയും, മൂന്നു ലക്ഷം രൂപ ഒരുമിച്ച് കൊടുക്കണം. കൂടാതെ 9% പലിശയും കൊടുക്കണം.

5) നാലാം പ്രതിയും, അഞ്ചാം പ്രതിയും, ആറാം പ്രതിയും വീണ്ടും 3 ലക്ഷം രൂപയും 9% പലിശയും രാജുവിന് കൊടുക്കണമെന്നും

6) കാവാലം രാജുവിനെ ക്നാനായ അസ്സോസിയേഷൻ മെമ്പറായി വീണ്ടും അസ്സോസിയേഷനിൽ പ്രവേശിപ്പിക്കണമെന്നും

7) ഏഴ് മുതൽ 17 വരെയുള്ള ക്നാനായ കമ്മിറ്റി അംഗങ്ങൾ ക്നാനായ കമ്മിറ്റി അംഗങ്ങളായി പ്രവൃത്തിക്കുവാൻ പാടില്ല എന്നും

8) ക്നാനായ സമുദായ മെത്രാപ്പോലീത്ത നോമിനേറ്റ് ചെയ്തിരിക്കുന്ന മുഴുവൻ നോമിനേറ്റഡ് മെമ്പർമാരുടെയും നോമിനേഷൻ ക്യാൻസൽ ചെയ്യണമെന്നും തുടങ്ങി....ധാരാളം ആവശ്യങ്ങളാണ് കോടതിയിൽ ഉന്നയിച്ചിരിക്കുന്നത്.

ഏതായാലും കേസിന് അനുകൂലമായി ഒരു ഓർഡറും ഇതുവരെയും അവർക്ക് ലഭിച്ചിട്ടില്ല. ക്നാനായ സമുദായത്തെ വ്യവഹാരത്തിൽ കുടുക്കുന്ന ഇവരോട് ദൈവം ക്ഷമിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2013 ലെ ക്നാനായ സമുദായത്തിന്റെ മുൻഭരണസമിതിയുടെ കെടുകാര്യസ്ഥതയുടെ ഫലമായി സമുദായ അംഗങ്ങളുടെ നേർച്ചപ്പണവും, സൺഡേസ്കൂൾ കുട്ടികളുടെ കവർപിരിവും ഉൾപ്പെടെയുള്ള തുകകൊണ്ട് സമുദായത്തിനുവേണ്ടി വാങ്ങിയ നെല്ലിക്കലെ മൂന്നു ഏക്കർ സ്ഥലം ബാങ്കിൽ പണയം വെച്ച് ഒന്നരക്കോടി രൂപ എടുത്ത് ക്ലീമീസ് സ്കൂളിന് പുറകിൽ ഒരു ആദായവും ഇല്ലാത്ത, ഒരു മനുഷ്യർക്കും വേണ്ടാതെ കിടന്ന 30 സെന്റ് സ്ഥലം ഒരുകോടി പത്ത് ലക്ഷം രൂപ വിലകൊടുത്ത് വാങ്ങിയെന്ന് രേഖയുണ്ടാക്കി തുക അവർക്ക് തോന്നിയതുപോലെ ധുർത്തടിച്ചു.

ഈ ഇടപാടിൽ ബാങ്കിൽ സമുദായം പലിശ ഉൾപ്പെടെ മൂന്ന് കോടി രൂപ അടക്കേണ്ടി വന്നു. 30 സെന്റ് സ്ഥലത്തിന് മൂന്നുകോടി രൂപ ക്നാനായ സമുദായത്തിന്റെ പോയി. ഫലത്തിൽ 30 സെന്റിന് മൂന്നുകോടി. ഒരു സെന്റിന് പത്തുലക്ഷം ഇതാണ് ബാക്കി പത്രം.

ഇപ്പോൾ 2 മാസം മാത്രം പ്രായമായ പുതിയ സമുദായ ഭരണസമിതി 2023 ഡിസംബർ 30 ന് മുമ്പ് മുൻഭരണസമിതി സമുദായത്തിന് വരുത്തിവെച്ച ഭീമമായ കടക്കെണി, ബാങ്ക് അധികൃതരുമായി ചർച്ചചെയ്ത് വൺടൈം സെറ്റിൽമെന്റിലൂടെ കുറപ്പിച്ച് 88 ലക്ഷം രൂപ ആക്കി, ആ തുക വളരെ ബുദ്ധിമുട്ടി സ്വരൂപിച്ച് ബാങ്കിൽ അടച്ച് നെല്ലിക്കൽ സ്ഥലം തിരിച്ച് പിടിച്ച് വീണ്ടും നമ്മുടെ സമുദായത്തിലേക്ക് മുതൽ കൂട്ടി.

പ്രസ്തുത സ്ഥലം ക്നാനായ സമുദായത്തിലെ റിട്ടയർ ചെയ്ത മാതാപിതാക്കൾക്ക് തങ്ങളുടെ വാർദ്ധക്യകാലം ചില വഴിക്കാൻ വേണ്ടി ഒരു റിട്ടയർമെന്റ് ഹോം നിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്കായി സുപ്രസിദ്ധ ആർക്കിടെക്ചർ പത്മശ്രീ ഡോ. ജി. ശങ്കറും ടീമും, ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി.സി.തോമസ് തോപ്പിൽ, ക്നാനായ കമ്മിറ്റി അംഗങ്ങളായ ജോബി ജോസഫ് കാരിക്കോട്ട്, ലിനു ചെറിയാൻ വരാത്ര, സജി റ്റി.ചാക്കോ താന്നിക്കൽ എന്നിവരോടൊപ്പം അതി മനോഹരമായ നെല്ലിക്കൽ സ്ഥലം സന്ദർശിച്ചു.

കോട്ടയം ജില്ലയിൽ തോട്ടയ്ക്കാട്ടുള്ള ക്നാനായ സമുദായം വക പത്തേക്കർ സ്ഥലത്തിൽ ആദ്യഫേസ് ആയ അഞ്ചേക്കറിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന സേവേറിയോസ് ക്നാനായ കോളേജിന്റെ മെയിൻ ബിൽഡിംഗിലെ അക്കാഡമിക് ബ്ലോക്കിന്റെ പണികളുടെ പുരോഗതിയെക്കുറിച്ചും, അവസാന ഘട്ടത്തിൽ അവിടെ കാന്റീൻ ബ്ലോക്കിൽ ചെയ്ത് തീർക്കേണ്ടതായ നിർമ്മാണ പൂർത്തീകരണ പ്രവർത്തനങ്ങളെക്കുറിച്ചും, മെയിൻഗേറ്റും, റോഡും ഉൾപ്പെടെയുള്ള അനുബന്ധ കാര്യങ്ങളുടെ ലാൻഡ്സ്കേപ്പും മറ്റും ചെയ്യുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും ആർക്കിടെക്ട് പത്മശ്രീ ഡോ. ജി.ശങ്കറും ടീമും സമുദായ വലിയ മെത്രാപ്പോലീത്ത അഭി സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ക്നാനായ കമ്മിറ്റി അംഗങ്ങളായ

തോമസുകുട്ടി തേവരുമുറിയിൽ, ജോബി ജോസഫ് കാരക്കോട്ട്, ലിനു ചെറിയാൻ വരാത്ര, സജി റ്റി. ചാക്കോ താന്നിക്കൽ എന്നിവരുമായി 10-01-2024 ൽ ആശയവിനിമയം നടത്തി.

അമേരിക്കയിൽ ന്യൂയോർക്കിലെ ലോങ്ങ് ഐലൻഡിലുള്ള സെന്റ് ജോസഫ് ക്നാനായപള്ളി വികാരിയായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന റവ.ഫാ. സി.എ. തോമസ് ചിറത്തലയ്ക്കൽ പൗരോഹിത്യ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ക്നാനായ സമുദായത്തിന്റെ പ്രാർത്ഥനാപൂർവ്വമായ എല്ലാവിധ ആശംസകളും നേരുന്നു.

ഇനിയും അനേക വർഷങ്ങളിൽ അദ്ദേഹം മറ്റുള്ളവരെ പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്യട്ടെ. ദൈവം അദ്ദേഹത്തിന് ധാരാളമായ ആയുസ്സും ആരോഗ്യവും നൽകി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ 20 വർഷം പൂർത്തിയാക്കിയ മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസന വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിക്ക് ചിങ്ങവനം അപ്രേം സെമിനാരിയിൽ കോട്ടയം അതിരൂപത സഹായമെത്രാൻ ഗീവർഗീസ് മോർ അപ്രേം തിരുമേനി അഭിനന്ദനങ്ങൾ അർപ്പിച്ചു.

പൗരോഹിത്യ ജീവിതത്തിന്റെ 27 വർഷം തികയുന്ന മുൻ വൈദിക ട്രസ്റ്റിയും നിലവിലെ സൺഡേ സ്കൂൾ ഡയറക്ടറും കൂടിയായ റവ. ഫാ. മോനായി കെ.ഫിലിപ്പ് കർക്കടകംപള്ളിയ്ക്ക് പ്രാർത്ഥനാപൂർവ്വമായ ആശംസകൾ നേരുന്നു.

മുൻ അസ്സോസിയേഷൻ പ്രസിഡന്റ് ബഹു.ഡോ.എ. റ്റി.ഏബ്രഹാം അച്ചനെ വസതിയിൽ സന്ദർശിക്കുവാൻ സാധിച്ചു. അച്ചൻ ആരോഗ്യവാനായി ഇരിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

ക്നാനായ സമുദായ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ കരങ്ങളാൽ ആചാര്യ ശുശ്രൂഷയിലേയ്ക്ക് ഉയർത്തപ്പെട്ട തോമസ് കശ്ശീശ്ശാ (ചിക്കു) കാരിമറ്റത്തിലിന് ക്നാനായ സമുദായത്തിന്റെ എല്ലാവിധ പ്രാർത്ഥനാശംസകൾ നേർന്നു കൊള്ളുന്നു.

ക്നാനായ കമ്മറ്റിക്കുവേണ്ടി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

---

## *എഡിറ്റോറിയൽ*
*(പേജ് 4 തുടർച്ച)*

റായില്ലെങ്കിൽ നഷ്ടം സംഭവിക്കുക സഭയ്ക്കാണ്. സഭ തെറ്റു തിരുത്തണം. കർത്താവായ യേശുവിലേക്കു തിരികെ വരണം. ദൈവവചനത്തിനു നിരക്കാത്ത രീതിയിൽ അന്യമതങ്ങളെ അനുകരിക്കാൻ പോയതും അവയിലെ മാലിന്യങ്ങൾ ക്രിസ്തീയ വിശ്വാസത്തിൽ കൂട്ടിച്ചേർത്തതും സഭ അക്രമിക്കപ്പെടാൻ കാരണമാണ്. സഭയ്ക്ക് അനുകൂലമായി സുപ്രീംകോടതി വിധി പ്രസ്താവിച്ചാലും നാളെ ജനങ്ങൾ കൂടെ നിൽക്കണമെങ്കിൽ യേശുവിന്റെ പിന്നാലെ അണിനിരക്കണം. സഭ തിന്മയെ തിരിച്ചറിഞ്ഞ് അതിനെ ചെറുക്കാനും ദാസ മനോഭാവത്തിലേയ്ക്ക് ഇറങ്ങി വരാനും തയ്യാറാകണം.

ദൈവവവചനത്തിന് അനുസരിച്ചു ജീവിക്കാൻ ഓരോരുത്തരും തയ്യാറാകണം. അന്യമത സംസ്ക്കാരങ്ങൾ ഉപേക്ഷിച്ച് വചനാധിഷ്ഠിതമായ ക്രിസ്തീയ സംസ്ക്കാരത്തിൽ സഭയെ വളർത്താൻ സഭാധികാരികൾ രംഗത്ത് വരണം. സഭയെ വിശുദ്ധീകരിക്കുക, കർത്താവ് തന്റെ സർവ്വശക്തിയോടും കൂടെ വേഗം കടന്നുവരും. ശത്രുക്കളെ ചിതറിക്കും. സഭ തെറ്റു തിരുത്തിയാൽ സഭാസ്ഥാപനങ്ങൾ തെറ്റുതിരുത്തിയാൽ സ്വർഗ്ഗം ഏറ്റവും വലിയ സംരക്ഷണം നൽകും. പ്രിയമുള്ളവരെ, ഈ വാഗ്ദത്തങ്ങൾ നമുക്ക് ഉള്ളതുകൊണ്ട് നാം ജഡത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക (2 കോരി. 7:1).

ദൈവം പരിശുദ്ധനാണ് സഭയുടെ തലയാണ്. സഭ മണവാട്ടിയാണ്. ദൈവം വിശുദ്ധനാകയാൽ വിശുദ്ധിയുള്ളവർക്കു മാത്രമേ തന്നോടു കൂടെ അവകാശം ഉള്ളൂ. അതുകൊണ്ട് നമുക്ക് വിശുദ്ധരായി കർത്താവിനെ എതിരേൽക്കാം. ദൈവം അതിനു സഹായിക്കട്ടെ.

എന്ന്
**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

## *മെത്രാപ്പോലീത്തായുടെ സന്ദേശം*
*(പേജ് 5 തുടർച്ച)*

ദൈവത്തെ സ്തുതിക്കുന്നു. എല്ലാ വിശ്വാസികളും ഇതിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായമുൾപ്പെടെ എല്ലാ സഹകരണങ്ങളും ആത്മാർത്ഥമായി ഉണ്ടാകണമെ. നമ്മുടെ പ്രാർത്ഥന ധാരാളമായി ഉണ്ടാകണം. അതിലൂടെ ഈ വർഷത്തെ എല്ലാ ശുശ്രൂഷകളും ഏറ്റവും അനുഗ്രഹകരമാകട്ടെയെന്ന് ആശംസിക്കുന്നു. വചനധ്യാനങ്ങൾ നമ്മെ ജീവിതരൂപാന്തരത്തിലേയ്ക്ക് നയിക്കട്ടെയെന്ന് ആഹ്വാനം നൽകുന്നു.

ഷാർജ ഇടവകയുടെ 25-ാം വാർഷികാഘോഷത്തിൽ പങ്കെടുക്കുകയുണ്ടായി. കഴിഞ്ഞ കാൽനൂറ്റാണ്ട് മണലാരണ്യത്തിൽ ആയിരിക്കുന്ന വിശ്വാസികളെ ദൈവത്തിലേയ്ക്ക് നയിക്കുവാൻ ഈ ദൈവാലയത്തിന് സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഇന്ന് പല ദൈവാലയങ്ങൾ അവിടെ ഉണ്ടാകുവാൻ നമ്മുടെ ആളുകൾ നേതൃത്വം നൽകുന്നു. അതിലൊക്കെ ഉള്ള സന്തോഷം അറിയിക്കട്ടെ. വാർഷികാഘോഷ പ്രോഗ്രാമുകൾ ഏറെ ചിട്ടയോടെ, ശ്രേഷ്ഠമാക്കിത്തീർത്ത ഇടവക വികാരി, ഇടവക ഭാരവാഹികൾ, ജൂബിലി ആഘോഷ കമ്മിറ്റി, അസ്സോസിയേഷൻ അംഗങ്ങൾ, വിശ്വാസ സമൂഹമെല്ലാം അഭിനന്ദനത്തിന് അർഹരാണ്. ഇത്രയധികം കലാപരിപാടികൾ ക്രമീകരിക്കുവാൻ നേതൃത്വം നൽകിയ എല്ലാവരെയും അനുമോദിക്കുന്നു. ജൂബിലിയുടെ എല്ലാ മംഗളങ്ങളും നേരുന്നു.

ഷാർജപള്ളി ജൂബിലിയോടനുബന്ധിച്ച് അബുദാബി, ദുബായ് പള്ളികളും സന്ദർശിക്കുകയും, ക്നാനായ മക്കളുമായി സ്നേഹം പങ്കിടുകയും ചെയ്തു. ഡീക്കൻ ചിക്കു കാരിമറ്റത്തിൽ ശെമ്മാശ്ശനെ ചാന്നാനിക്കാട് പള്ളിയിൽവച്ച് കശ്ശീശ്ശാ പട്ടം നൽകുവാൻ ദൈവം അനുഗ്രഹിച്ചു. നവാഭിഷിക്തന് എല്ലാ അനുഗ്രഹങ്ങളും നേരുന്നു.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്ത**

# വി. കുമ്പസാരം

റ്റി. യു. ജോസ് തൈത്ര, കുറിച്ചി

മനുഷ്യന്റെ ആത്മീക ജീവിതത്തിൽ ആവശ്യമായ ദൈവ കൃപ ലഭിക്കുന്നതിന് ദൈവമുമ്പാകെ ചെയ്തുപോയ പാപ ങ്ങളെക്കുറിച്ച് അനുതപിച്ച് ഏറ്റു പറഞ്ഞ് ദൈവത്തിൽ നിന്ന് പാപമോചനം പ്രാപിക്കുന്ന ഒരു കൂദാശയാണല്ലോ വി. കുമ്പസാരം. പാപമോചനാധികാരം അപ്പോസ്തോലന്മാർക്കും അവർ വഴിയായി സഭയിലെ അപ്പോസ്തോല പിൻഗാമികളായ പുരോഹിതന്മാരുടെ അടുക്കൽ പാപങ്ങളെ ഏറ്റ് പറഞ്ഞ് നല്ല സത്യകുമ്പസാരം നടത്തുന്നവരെക്കുറിച്ച് 1 യോഹ.1:9 –ൽ "നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നുഎങ്കിൽ അവൻ നമ്മുടെ പാപങ്ങൾ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു". യോഹ.20:22 – ൽ "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അത് മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവ നിർത്തിയിരിക്കുന്നു". അങ്ങനെ ദൈവത്തിന്റെ അഭിഷിക്തരായ പുരോഹിതന്മാരുടെ അടുത്ത് പാപങ്ങൾ ഏറ്റുപറയുന്നവരോട് കർത്താവിന്റെ അരുളപ്പാട് എബ്രാ. 8:12 –ൽ "ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ച് കരുണയുള്ളവൻ ആകും. അവരുടെ പാപങ്ങളിനിയും ഓർക്കുകയും ഇല്ല". എശാ.1:18 –ൽ "നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും". ഇതുപോലെ കുമ്പസാരത്തെപ്പറ്റി അനേക വചനങ്ങൾ വി.ബൈബിളിൽക്കൂടി നമുക്ക് കാണുവാൻ സാധിക്കും.

ഈ കാലഘട്ടത്തിൽ നമ്മുടെ സഭയിൽ കുമ്പസാരിക്കുന്നവർ വളരെ വിരളമാണ്. വലിയ നോമ്പിൽ ആണ്ടു കുമ്പസാരം നിർബന്ധമായതുകൊണ്ട് പേരിനുമാത്രം കുമ്പസാരിക്കുന്നവരാണ് കൂടുതലും. സത്യസന്ധമായി നല്ല കുമ്പസാരം വളരെ ചുരുക്കമാണ്. 40 ദിവസം കൂടുമ്പോഴെങ്കിലും ഒരു വിശ്വാസി കുമ്പസാരിക്കണമെന്നാണ് സഭയുടെ നിയമം. രോഗികളായി ഇരിക്കുന്നവരും പ്രായാധിക്യത്തിൽ ഇരിക്കുന്നവരും ഏറ്റുപറയത്തക്ക പാപം ചെയ്തിട്ടില്ലെന്ന് ബോദ്ധ്യമുള്ളവരുമാണ് ഹൂസോയോ പ്രാപിക്കേണ്ടത്. ഒരു പക്ഷെ കുമ്പസാരത്തെക്കുറിച്ചുള്ള അറിവ് വിശ്വാസികൾക്ക് ഇല്ലാത്തതുകൊണ്ടാണ് ഹൂസോയോ പ്രാപിക്കുന്നതിന് കൂടുതലായി ആളുകൾ വരുന്നത്. 1 യോഹ. 1:9–ൽ പറഞ്ഞതുപോലെ ഏറ്റുപറയാത്ത പാപങ്ങൾ ഒരിക്കലും ഹൂസോയോ കൊണ്ട് ക്ഷമിക്കപ്പെടുന്നില്ല എന്ന് ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. സാധാരണയായി ബലി അർപ്പിക്കുന്ന പുരോഹിതൻ തുയോബോയ്ക്ക് മുൻപായി ഹുസോയോ കൊടുത്തിട്ടാണ് മദ്ബഹായിലേയ്ക്ക് പ്രവേശിക്കുന്നത്. എന്നാൽ ഈ സമയത്ത് വരുന്ന ആളുകൾ വളരെ കുറവായിരിക്കും. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിനു മുൻപ് വീണ്ടും വൈദികൻ മദ്ബഹായിൽ നിന്ന് ഇറങ്ങിവന്ന് ഹൂസോയോ കൊടുക്കാറുണ്ട്. ഇതിലും കഷ്ടം കുർബ്ബാന പകുതി ആകുമ്പോഴോ തീരാറാകുമ്പോഴോ, വരുന്ന ഒരു കൂട്ടം വിശ്വാസികൾ കൈമുത്ത് കഴിഞ്ഞ് ഹൂസോയോയ്ക്കും കുർബ്ബാന അനുഭവിക്കുന്നതിനും നിൽക്കുന്നത് ചില ദൈവാലയങ്ങളിൽ കാണാറുണ്ട്. വി. കുർബ്ബാനയിൽ ആദിയോടന്തം സംബന്ധിക്കാത്തവർക്ക് ചില വൈദികർ കുർബ്ബാന കൊടുക്കുകയില്ല. പാപപരിഹാര പ്രാർത്ഥനയിലൊക്കെ പുരോഹിതനോടൊപ്പം നിന്ന് പ്രാർത്ഥിച്ച് ഒരുക്കത്തോടുകൂടി വേണം വി. കുർബ്ബാന അനുഭവിക്കാൻ. "അനുഭവിച്ചീടുന്നോർക്കായിട്ടാണ്" വി. കുർബ്ബാന അനുഷ്ഠിക്കുന്നത്.

ഒരു നല്ല കുമ്പസാരം പട്ടക്കാരന്റെ മുൻപാകെ നടത്തണമെങ്കിൽ കുറച്ച് സമയം ആവശ്യമാണല്ലോ? തുയോബോയ്ക്കു മുൻപുള്ള സമയത്ത് കൂടുതൽ ആളുകളെ കുമ്പസാരിപ്പിക്കുവാനുള്ള സമയം കിട്ടുകയും ഇല്ല. ഹൂസോയോയ്ക്ക് തന്നെ പതിവിൽ കൂടുതൽ ആളുകൾ വന്നാൽ തന്നെ കുർബ്ബാന ആരംഭിക്കുവാൻ പോലും ലേയ്റ്റാകാറുണ്ട്. കുമ്പസാരത്തിന്റെ പ്രാധാന്യം വിശ്വാസികൾക്കും യുവജനങ്ങൾക്കും, റ്റീനേജുകാർക്കും ബോദ്ധ്യപ്പെടുത്തി ക്ലാസ്സുകളും മറ്റും എടുത്ത് അവരെ ബോധവത്ക്കരിക്കുവാൻ ബഹുമാനപ്പെട്ട വികാരിമാർ ശ്രമിച്ചാൽ ഒരു പരിധിവരെ ഇങ്ങനെയുള്ളവർക്ക് അത് ഒരു അനുഗ്രഹമായിരിക്കും. അതുപോലെ സൺഡേസ്കൂളിൽ 5–ാം ക്ലാസ്സ് മുതൽ മേൽപ്പോട്ടുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുഞ്ഞുങ്ങൾ കുമ്പസാരിക്കുവാൻ വേണ്ട പ്രോത്സാഹനം സൺഡേസ്കൂൾ അദ്ധ്യാപകരും, അവരുടെ മാതാപിതാക്കളും കൊടുക്കണം. ശരിയും തെറ്റും തിരിച്ച് അറിയുവാനും പാപത്തെക്കുറിച്ച് ഉള്ള ബോദ്ധ്യവും ഇല്ലാത്തവരുമാണ് ഈ പ്രായത്തിലുള്ള കുഞ്ഞുങ്ങൾ. അവർ ദൈവഹിതം അനുസരിച്ച് ജീവിക്കുവാനും ഭാവിയിൽ അവർ വഴിതെറ്റി പോകാതിരിക്കുവാനും, കുമ്പസാരത്തിൽകൂടിയും വൈദികരുടെ ഉപദേശങ്ങളിൽ കൂടിയും ഈ കുഞ്ഞുങ്ങൾക്ക് അതിന് ഇടയാകും.

പല വിശ്വാസികൾക്കും കുമ്പസാരിക്കുവാനുള്ള അവസരം ലഭിക്കുന്നില്ല എന്ന് പറഞ്ഞ് കേൾക്കാറുണ്ട്. അതിന്റെ കാരണം വി.കുർബ്ബാനയുള്ള ദിവസം രാവിലെ അതിനുള്ള അവസരം ചിലപ്പോൾ ലഭിക്കാറില്ല. അതുകൊണ്ട് മാസത്തിൽ ഒരു ദിവസം വി.കുർബ്ബാനയുള്ളതിന്റെ തലേദിവസം വൈകുന്നേരം കുറച്ച് സമയം കുമ്പസാരത്തിനായി വൈദികർ സമയം കണ്ടെത്തിയാൽ ഈ പരാതി ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും? സമുദായതലത്തിൽ തന്നെ ഇങ്ങനെ ഒരു അവസരം എല്ലാ ദൈവാലയങ്ങളിലും ഉണ്ടാകുവാനും വികാരിമാർക്ക് നിർദ്ദേശം കൊടുക്കുന്നത് പ്രയോജനകരമായിരിക്കും. വിശ്വാസികൾക്ക് ശരിയായ പാപബോധം ഉണ്ടാകുവാനും, അവർക്ക് നല്ല ഉപദേശങ്ങളിൽക്കൂടി സത്യവിശ്വാസത്തിൽ നിന്ന് മാറിപ്പോകാതിരിക്കുന്നതിനും ദൈവവിശ്വാസത്തിൽ അടിയുറച്ച് പാപത്തിൽ നിന്ന് അകന്ന് ജീവിക്കുവാനും കുമ്പസാരങ്ങൾ മുഖാന്തരമായി തീരണം. അങ്ങനെ വി. കുമ്പസാരത്തിൽക്കൂടി പാപമോചനം പ്രാപിച്ച് നല്ല ഒരുക്കത്തോടുകൂടി നമ്മുടെ കർത്താവിന്റെ തിരുശരീരമാകുന്ന വി.കുർബ്ബാന അനുഭവിക്കുവാൻ നമുക്ക് സാധിക്കണം.

# വാക്കുകളല്ല സുവിശേഷം - പ്രവൃത്തിയാണ്

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

പതിവുപോലെ അമ്മയ്ക്കുള്ള മണിഓർഡറുമായി പോസ്റ്റുമാൻ വീട്ടിൽവന്നു. ആയിരംരൂപാ കൊടുത്തശേഷം പണം അയയ്ക്കുന്ന മകനുമായി സംസാരിക്കുവാൻ പോസ്റ്റുമാൻ സ്വന്തം ഫോൺ നല്കി. ഫോൺകട നടത്തുന്ന സുഹൃത്തുമായി നേരത്തെ ഇടപാടു ചെയ്തുവച്ചിരിക്കുന്നതാണ് വിളിക്കുമ്പോൾ മകനായി അഭിനയിക്കണമെന്ന്. ഫോൺ കടക്കാരൻ ഒരു ദിവസം ചോദിച്ചു നിങ്ങൾ എന്തിനാണ് മാസം ആയിരം രൂപയും അമ്മയുമായി സംസാരിച്ചതിന് നൂറു രൂപയും എനിക്ക് തരുന്നതെന്ന്. പോസ്റ്റുമാൻ പറഞ്ഞു, ആ അമ്മയുടെ മകൻ വിദേശത്തായിരുന്നു കോവിഡ് വന്ന് മകൻ മരിച്ചുപോയി. എല്ലാ മാസവും ആ മകൻ അമ്മയ്ക്ക് ആയിരം രൂപ മണിയോർഡർ അയയ്ക്കുമായിരുന്നു. ആ പാവപ്പെട്ട അമ്മ അറിഞ്ഞില്ല മകൻ മരിച്ചുപോയെന്ന്. കാരണം, ശവം നാട്ടിൽ കൊണ്ടുവന്നില്ല. കോവിഡായിരുന്നതുകൊണ്ട് വിദേശത്തു തന്നെ അടക്കി. മകനായി അഭിനയിച്ചതിനു ലഭിച്ച പണം മുഴുവൻ കടക്കാരൻ തിരിച്ചു കൊടുത്തു. പോസ്റ്റുമാൻ പാവപ്പെട്ടവനായിരുന്നു. ചെറുപ്പത്തിലെ അമ്മ മരിച്ചുപോയതാണ്. അന്യന്റെ ജീവിതത്തിലെ സങ്കടങ്ങൾ സന്തോഷമായി മാറ്റുന്നവരാണ് യഥാർത്ഥ സമ്പന്നൻ. പോസ്റ്റുമാൻ പാവപ്പെട്ടവനാണെങ്കിലും മകനായി അഭിനയിച്ച് ആ അമ്മയ്ക്ക് പണം കൊടുത്തുകൊണ്ടിരുന്നത് ആ മനുഷ്യന്റെ നന്മയാണ്. കാഴ്ചയിൽ ഭംഗി തോന്നണമെന്നില്ല, കാറു വേണമെന്നില്ല, ഭംഗിയുള്ള വേഷം വേണമെന്നില്ല, ഒരു മനുഷ്യനിലേക്ക് വെളിച്ചം പകർന്നു കൊടുക്കുവാൻ. ഞാൻ ആണ് എല്ലാം ചെയ്യുന്നതെന്ന് ആവർത്തിച്ചു പറഞ്ഞു സത്കർമ്മങ്ങളുടെ അധികാരം ഉറപ്പു വരുത്തുന്നതാണ് നമ്മുടെയൊക്കെ സന്തോഷം. പാവപ്പെട്ടവർക്ക് സമുദായത്തിന്റെ വകയായിട്ടൊക്കെ വീടു വച്ചു കൊടുക്കും, എന്നിട്ട് താക്കോൽദാനത്തിന്റെ ഫോട്ടോയും ഒക്കെ എടുത്ത് കൊടുത്ത ആളിന്റേതും ഒക്കെ ആയി പരസ്യവും വെക്കും. പക്ഷേ കർത്താവു പറയുന്നതെന്താ, വലതു കൈ കൊടുക്കുന്നത് ഇടതു കൈ അറിയരുതന്നല്ലേ? മേടിക്കുന്ന ആൾ അവരുടെ ഗതികേടുകൊണ്ടാണ് മേടിക്കുന്നത്. ഇന്ന് അനേകസഭകളും തീയില്ലാത്ത അണഞ്ഞ ചൂളകളായി മാറിക്കൊണ്ടിരിക്കുകയാണ്. പേരും പെരുമയുമാണ് ഇന്ന് സഭയിലെ മുഖ്യ സുവിശേഷം.

ഒരിക്കൽ മൂന്നു കൂട്ടുകാരുകൂടി ഒരു കമ്പനിയിൽ ഇന്റർവ്യൂവിനു പോയി. സ്വല്പം ദൂരെ ആയിരുന്നതുകൊണ്ട് കൈവശം ആഹാരവും വെള്ളവും ഒക്കെ കരുതിയിരുന്നു. അവർ പോകുന്നവഴിയിൽ വളരെ പ്രായമുള്ള ഒരു മനുഷ്യൻ അവശനായി വഴിയിൽവച്ച് അവരോട് അല്പം ആഹാരവും, വെള്ളവും ചോദിച്ചു. രണ്ടു കൂട്ടുകാരു പറഞ്ഞു നമ്മളു പോകുന്ന വഴിയ്ക്ക് ഒന്നും കിട്ടുകയില്ല, ഞങ്ങൾ പോകുകയാണ്. ഒരാളു മാത്രം അവന്റെ ഭക്ഷണവും വെള്ളവും ഒക്കെ കൊടുത്തു. ഇന്റർവ്യൂവിന്റെ സമയം കഴിയുമല്ലോയെന്നോർത്ത് ധൃതിയിൽ നടക്കുവാൻ തുടങ്ങി. ഈ പ്രായമായ മനുഷ്യൻ അവനെ തിരികെ വിളിച്ച് അവന്റെ അഡ്രസ്സും സ്ഥലവും എല്ലാം ചോദിച്ചു. മറ്റ് രണ്ടുപേരും സമയമായപ്പോൾ സ്ഥലത്തെത്തി. ഇവന് സമയത്ത് എത്താൻ കഴിഞ്ഞില്ല. അങ്ങനെ വിഷമിച്ചു നിൽക്കുമ്പോൾ വില കൂടിയ ഒരു കാറിൽ ഇന്റർവ്യൂ നടക്കുന്ന കമ്പനിയുടെ ഉടമസ്ഥൻ വന്നിറങ്ങി. വളരെ വിഷമത്തോടെ നില്ക്കുന്ന ആളിനെ കണ്ട് സൂക്ഷിച്ചു നോക്കിയിട്ട് കെട്ടിപ്പിടിച്ചുകൊണ്ട് തന്റെ റൂമിൽ കൊണ്ടു പോയി. അപ്പോഴാണ് അവനു മനസ്സിലായത് താൻ ആഹാരവും വെള്ളവും കൊടുത്ത ആ വൃദ്ധനായിരുന്നു അതെന്ന്. കള്ളന്മാരാൽ ആക്രമിക്കപ്പെട്ട് വഴിയിൽ ഉപേക്ഷിച്ചു പോയത് കമ്പനിയുടെ ഉടമസ്ഥനെ ആയിരുന്നു എന്ന്. ഇന്റർവ്യൂവിന് ആളിനെ തിരഞ്ഞെടുക്കാൻ വേണ്ടി വന്ന സമയത്തായിരുന്നു കള്ളന്മാരാൽ ആക്രമിക്കപ്പെട്ടത്. നല്ല ജോലിയിൽ അവന് അപ്പോയ്മെന്റും ആയി. കഷ്ടത്തിലും ആവശ്യങ്ങളിലും ആയിരിക്കുന്നവരെ നമ്മളാൽ ആവോളം സഹായിച്ചാൽ നന്മയായിതീരും. ഈ കഥയിലെ ഈ കുട്ടിയാണ് സുവിശേഷം. അവൻ പ്രതിഫലമോ സ്ഥാനമോ മാനമോ ഉദ്ദേശിച്ചല്ല സഹായിച്ചത്. കൃപ കാട്ടുന്നവൻ യഹോവയ്ക്ക് വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്ക് അവൻ പകരം കൊടുക്കും. ഒരാളുടെ നിവൃത്തികേടിനു വിലയിടുന്നതിനേക്കാൾ വലിയ ഹീനകൃത്യം വേറെയില്ല. ഒരാൾക്ക് എന്തു ലഭിക്കുന്നു എന്നതിലല്ല കിട്ടിയത് എങ്ങനെ വിനിയോഗിക്കുന്നു എന്നതിലാണ് കാര്യം. ശ്വസിച്ചുകൊണ്ടിരിക്കുന്ന ഒരു നിമിഷം അതു മാത്രമേ നമുക്ക് ഉറപ്പായിട്ടുള്ളു. ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയാണ് എളിമപ്പെടാൻ കഴിയാത്തത്. സുഖ അനുഭവങ്ങളിൽ കൂടെപ്പോകുന്ന ഒരാൾക്ക് ജീവിതത്തിന്റെ മറുഭാഗങ്ങളൊന്നും മനസ്സിലാകത്തില്ല. ആത്മവിശ്വാസത്തോടെ പറയുന്ന വാക്കുകൾ മനസ്സിനു സന്തോഷം നല്കും. ഹൃദയമെന്നു പറയുന്നത് കൃഷി സ്ഥലമാണെന്ന് സ്വാമി ഗുരുനാഥൻ പറയുന്നു. എന്തു വേണമെങ്കിലും അവിടെ നടാം. സ്നേഹം, വെറുപ്പ്, പ്രതികാരം, അസൂയ, പ്രത്യാശ, അങ്ങനെ എന്തും; എല്ലാം നന്നായി വളരും. പക്ഷേൽ ഏതിൽ നിന്ന് വിളവെടുക്കാമെന്ന് തീരുമാനിക്കുന്നത് നമ്മളു തന്നെയാണ്. പഠിച്ചും, പരീക്ഷിച്ചും, പകർത്തിയും ഒക്കെ ജീവിതം കടന്നു പോകും.

"തീർത്ഥയാത്രയിതു തീരുവതെന്നോ?
ഇനിയും തിരിച്ചുപോകുന്നതു എന്നോ?

ഈ യാത്ര കഴിഞ്ഞ് തിരിച്ചു പോകുമ്പോൾ എന്താണ് നമ്മുടെ കയ്യിലുള്ളത്. ജോലിയൊക്കെ ചെയ്തു വിരമിക്കുമ്പോൾ പെൻഷൻ കിട്ടും. വിശ്വസ്തതയോടെ ജോലി ചെയ്തവർക്ക് അവാർഡൊക്കെ കൊടുത്ത് ആദരിക്കും, ആത്മീയമായി ചിന്തിക്കുമ്പോൾ ഈ ലോകത്തിലെ സേവനമൊക്കെ കഴിഞ്ഞു നിത്യതയിലേക്ക് പോകുമ്പോൾ നമുക്ക് എങ്ങനെയുള്ള സ്വീകരണമായിരിക്കും കിട്ടുന്നത്? ഈ ലോകത്തിൽ ഭൗതികമായി ഒരു യാത്രയയപ്പും മറുലോകത്തിൽ സ്ഥിരമായ ഒരു സ്വീകരണവും. നരകത്തിന്റെ വാതിൽ തുറന്നിടുമോ സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നിടുമോ നമ്മൾക്കുള്ള അവാർഡും പെൻഷനുമൊക്കെയായി സ്വീകരിക്കുവാൻ. "ഏവനും താൻ ചെയ്ത കർമ്മങ്ങൾക്ക് ഒത്തപോൽ ശീഘ്രമായ് പ്രാപിപ്പാൻ ലോകം വിട്ടിടുന്നു" അങ്ങനെയെങ്കിൽ നമുക്കുവേണ്ടി കാത്തിരിക്കുന്നത് എന്തായിരിക്കും?

# 50 – ാം വിവാഹവാർഷികം

**11-2-2024**



## Mathew Abraham (Kunjumon) & Molly Mathew

Advt -G

### Edayadiyil, Kuttoor, Thiruvalla

സ്തോത്രം സ്തോത്രം കർത്താവേ സ്തോത്രം ആയിരമായി അനവധിയായി സ്തോത്രം നാഥാ കൃപ ചെയ്യണമേ ഞങ്ങൾക്കായി. 50 വർഷക്കാലം യഹോവ ഞങ്ങളുടെ നല്ല ആട്ടിടയനായിരുന്നു. ഞങ്ങൾക്ക് ഒരിക്കലും ഒരു കാര്യത്തിനും മുട്ട് ഉണ്ടായിട്ടില്ല. പച്ചയായ പുൽപ്പുറങ്ങളിൽ ഞങ്ങളെ കിടത്തിയിരുന്നു. ഞങ്ങളുടെ ആയുഷ്കാലമൊക്കെയും ഞങ്ങളുടെ മാതാപിതാക്കന്മാരുടെയും പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കട്ടെ.


50th Wedding Anniversary
07/01/2024
Mr. P.T. Chacko
(Kunjumon)
and
Leelamma Chacko
Kandallumannil house,
Eraviperoor
ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി
Best Wishes from Liju and Savitha, Linu and Dony, Keziah Aleesha Nikita Ryan and Angela


Jac's Home
Outpost, Kurichy, Kottayam
Short Stay Homes
Three Bedroom
Hall, Kitchen
Fully Furnished
with AC
100 mtr from Outpost Jn.
Behind St. Mary's & St. Johns
Syrian Orthodox Church
(Kurichy Cheriya Palli)
Contact No. 99471 54938
98102 25466

Advt - O



## 50th Wedding Anniversary
17-02-2024

## Thomas Mathew & Rosamma Thomas
**Thanuvelil, Kattodu, Thirumoolapuram**

**ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി**

പ്രാർത്ഥനയോടെ
**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

Advt - O

## വിവാഹിതരായി



മാമ്പുഴക്കരി സെന്റ് ജോർജ് ക്നാനായ പള്ളി ഇടവകയിൽ അഞ്ചിൽ ജെയിൻ ചാക്കോയുടെയും ഷൈല ജയിനിന്റെയും മകൻ **Jisto Jain**–നും വെളിയനാട് സെന്റ് സ്റ്റീഫൻസ് ക്നാനായ പള്ളി ഇടവകയിൽ ആറ്റുചിറ സാബു തോമസിന്റെയും ബിന്ദു സാബുവിന്റെയും മകൾ **Shelma Sabu**–വും തമ്മിലുള്ള വിവാഹം 08–01–2024–ൽ വെളിയനാട് സെന്റ് സ്റ്റീഫൻസ് ക്നാനായ പള്ളിയിൽ **അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ** കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt -O

## സേവേറിയോസ് ക്നാനായ കോളേജ് അക്കാഡമിക് ബ്ലോക്ക്



തോട്ടയ്ക്കാടുള്ള ക്നാനായ സമുദായം വക പത്ത് ഏക്കർ സ്ഥലത്തിൽ ആദ്യ ഫേസ് ആയ അഞ്ച് ഏക്കറിൽ നിർമ്മിച്ച് കൊണ്ടിരിക്കുന്ന സേവേറിയോസ് ക്നാനായ കോളേജിന്റെ മെയിൻ ബിൽഡിംഗിലെ അക്കാഡമിക് ബ്ലോക്കിന്റെ പണികളുടെ പുരോഗതിയെക്കുറിച്ചും, അവസാന ഘട്ടത്തിൽ അവിടെ കാന്റീൻ ബ്ലോക്കിൽ ചെയ്ത് തീർക്കേണ്ട നിർമ്മാണ പൂർത്തീകരണ പ്രവർത്തനങ്ങളെക്കുറിച്ചും, മെയിൻ ഗേറ്റും, റോഡും ഉൾപ്പെടെയുള്ള അനുബന്ധ കാര്യങ്ങളുടെ ലാൻഡ്സ്കേപ്പും മറ്റും ചെയ്യുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും ആർക്കിടെക്റ്റ് പത്മശ്രീ ഡോ. ഡി. ശങ്കറും ടീമും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി ശ്രീ. ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ, ക്നാനായ കമ്മറ്റി അംഗങ്ങളായ തോമസ്കുട്ടി തേവരുമുറിയിൽ, ജോബി ജോസഫ് കാരിക്കോട്ട്, ലിനു ചെറിയാൻ വരാത്ര, സജി റ്റി. ചാക്കോ താന്നിക്കൽ എന്നിവരുമായി ആശയവിനിമയം നടത്തുന്നു.

## റിട്ടയർമെൻറ് ഹോം



ക്നാനായ സമുദായത്തിലെ റിട്ടയർ ചെയ്ത മാതാപിതാക്കൾക്ക് തങ്ങളുടെ വാർദ്ധക്യകാലം ചിലവഴിക്കാൻ വേണ്ടി ഒരു റിട്ടയർമെൻറ് ഹോം നിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്കായി സുപ്രസിദ്ധ ആർക്കിടെക്ച്ചർ പത്മശ്രീ ഡോ. ഡി. ശങ്കറും ടീമും, ക്നാനായ സമുദായ വലിയ മെത്രാപ്പോലിത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ, ക്നാനായ കമ്മിറ്റി അംഗങ്ങളായ ജോബി ജോസഫ് കാരിക്കോട്ട്, ലിനു ചെറിയാൻ വരാത്ര, സജി റ്റി. ചാക്കോ താന്നിക്കൽ എന്നിവരോടൊപ്പം അതിമനോഹരമായ നെല്ലിക്കൽ സ്ഥലം സന്ദർശിച്ചപ്പോൾ

## സ്റ്റാർസ് & സ്മൈൽസ് (Stars & Smiles) സംസ്ഥാന സംഗമം




കേരള കൗൺസിൽ ഓഫ് ചർച്ചസ് കോട്ടയം സോൺ നേതൃത്വത്തിൽ നടന്ന സ്റ്റാർസ് & സ്മൈൽസ് (Stars & Smiles) സംസ്ഥാന സംഗമം വാകത്താനം സെന്റ് സൈമൺസ് ക്നാനായ പള്ളിയിൽ തോമസ് മോർ തീമോത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു, ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, ഓർത്തഡോക്സ് സഭ ഇടുക്കി ഭദ്രാസനാധിപൻ സഖറിയ മോർ സേവേറിയോസ്, ക്നാനായ സമുദായ സെക്രട്ടറി ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. ഷിബു, ഫാ. സാംജി, ഫാ. ലിജോ പട്ടുകാലായിൽ, ഡോ. മറിയ ഉമ്മൻ, ലിനോജ്, ഫാ. സഖറിയ തോമസ്, സിബി എബ്രഹാം, ബോബൻ കുരുവിള, പ്രിയങ്ക ജോസഫ് എന്നിവർ സമീപം

## മഞ്ഞിനിക്കര തീർത്ഥാടകർക്ക് സ്വീകരണം



മലങ്കര യാക്കോബായ സുറിയാനി സഭയുടെ കോട്ടയം ഭദ്രാസനവും ക്നാനായ അതിഭദ്രാസനവും കോട്ടയം നഗര സഭയും സംയുക്തമായി വടക്കൻ മേഖല മഞ്ഞനിക്കര തീർത്ഥാടകർക്ക് കോട്ടയം നാഗരാതിർത്തിയിൽ സ്വീകരണം നൽകി. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ MLA കോട്ടയം നഗരസഭ ചെയർ പേഴ്സൺ ശ്രീമതി ബിൻസി സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.



# യുവജന കേന്ദ്രീകൃതമാകണം സഭ

## Plan or Perish! Now or never!!!

സുനിൽ ഡി. കുരുവിള

The youth is the hope of our future.”

ഇന്ന് നമ്മുടെ സമൂഹത്തിലെ ഏറ്റവും വലിയ ഒരു വിഭാഗം യുവതയാണ്. എന്നാൽ പള്ളിയിൽ ചെന്നാൽ ഇവരെ കാണാൻ വളരെ പ്രയാസം. കാരണം ചോദിച്ചാൽ അവരെല്ലാം പഠിക്കാനും ജോലി ചെയ്യാനും ഒക്കെയായി അന്യ സംസ്ഥാനങ്ങളിലും മറ്റു രാജ്യങ്ങളിലും ഒക്കെ പോയി എന്ന് പറയും. ഒരു പരിധിവരെ ശരിയുമാണ്!

എന്നാൽ മാളിൽ പോയാൽ സിനിമയ്ക്ക് പോയാൽ പെരുന്നാളിനോ പോയാൽ ഹോട്ടലിൽ പോയാൽ റോഡിലിറങ്ങിയാൽ എല്ലാ ഇടത്തും യുവത തന്നെ മുന്നിൽ! പള്ളിയിൽ കാണാതെയാകുന്ന ഈ വിഭാഗത്തെ ആരെങ്കിലും സത്യസന്ധമായി അന്വേഷിക്കുന്നുണ്ടോ?

ധാരാളംപേർ പഠനം മുടങ്ങി വീട്ടിൽ ഇരിപ്പുണ്ട്. ജോലിയില്ലാത്തവർ, വിവാഹം കഴിക്കാത്തവർ, സന്തോഷം ഇല്ലാത്തവർ, മാനസിക സംഘർഷം അനുഭവിക്കുന്നവർ, ഇങ്ങനെയൊക്കെ പള്ളിയിൽ നിന്നും സമൂഹത്തിൽ നിന്നും ഒക്കെ ഉൾവലിഞ്ഞു നിൽക്കുന്നുണ്ട്.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നമ്മുടെ കൊച്ചുകേരളത്തിൽ യുവതയും കുട്ടികളും കുറയുകയാണ്. വയോജനങ്ങളുടെ എണ്ണം കൂടുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ ചെറുപ്പക്കാരെ അർത്ഥവത്തായ പുരോഗതിയിലേക്കും പ്രത്യാശയിലേക്കും നയിക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്.

കുറച്ചു യുവജനത്തെ എങ്കിലും ഈ നാട്ടിൽ പിടിച്ചു നിർത്താൻ നമുക്ക് കഴിയേണ്ടേ? അതിനു അവരെ എങ്ങനെ motivate ചെയ്യാൻ സാധിക്കും! ഇല്ലെങ്കിൽ എന്താകും ഈ നാടിന്റെ ഗതി?

വീടുകളിൽ അവരെ ശ്രദ്ധിക്കാനോ അവരോടൊത്തു സമയം ചിലവഴിക്കാനോ ആർക്കും സമയമില്ല. പല വീടുകളിലും കൗമാരക്കാരോട് എങ്ങനെ ഇടപെടണം എന്നുതന്നെ ഒരു എത്തും പിടിയുമില്ല. അവരുടെ വളർച്ച ആവശ്യങ്ങൾ തിരിച്ചറിയുന്നില്ല. കുട്ടികളെ പേടിച്ചു കഴിയുന്ന മാതാപിതാക്കളുടെ എണ്ണവും അനുദിനം കൂടി വരുന്നു.

ടെലിവിഷനും ഇന്റർനെറ്റും സോഷ്യൽ മീഡിയ ഒക്കെ ഭവനങ്ങളുടെ ഉള്ളിലെ ബന്ധങ്ങളുടെ ചാരുത നന്നേ നഷ്ടപ്പെടുത്തി. പണംകൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്താമെങ്കിലും ഗുണമേന്മ പരിരക്ഷിക്കാൻ അത് മാത്രം പോരല്ലോ. പരസ്പരബന്ധവും കരുതലും മനസ്സിലാക്കലും സ്നേഹവും ഉത്തരവാദിത്വവും ഒക്കെ യുവതയ്ക്ക് കണ്ടുപിടിക്കാൻ ഇടമില്ല. ഒരുമിച്ചുള്ള ഭക്ഷണമോ പ്രാർത്ഥനയോ ഇല്ല... വിരുന്നുകാരില്ല, ഒരുമിച്ചുള്ള യാത്രകളില്ല.

ഇന്നത്തെ യുവത പലപ്പോഴും പെട്ടെന്ന് ബോറടിക്കുന്നവരും നിരാശരാകുന്നവരും ആകുന്നതിനു ഒരു പ്രധാന കാരണം അവർക്ക് connections കുറവാണ് എന്നുള്ളതാണ്. കുടുംബങ്ങളെ ശക്തീകരിക്കുകയും അവരെ സമൃദ്ധിയായി ജീവിക്കാൻ പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിലെ മൂല്യച്യുതിയും അദ്ധ്യാപകരുടെ കുറവുകളും യുവതയെ വളരെയേറെ ബാധിക്കുന്നുണ്ട്. യുവതയ്ക്ക് നല്ല ഗൈഡൻസും mentoring ഉം അനിവാര്യമാണ്, അവരിൽ നൈപുണ്യങ്ങളും നല്ല മനോഭാവവും ചെറിയ പ്രായത്തിലെ വളർത്തേണ്ടതുണ്ട്. എന്നാൽ ഈ കാര്യങ്ങൾ പലതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നില്ല. മികച്ച അദ്ധ്യാപകർ പലരും ഇന്ന് ഒറ്റപ്പെട്ടും ഭയന്നും നിൽക്കുന്നു എന്നുള്ളതും കാണാതെപോകരുത്. വിദ്യാഭ്യാസത്തിലെ 'കച്ചവട' രാഷ്ട്രീയ ഇടപെടലുകൾ അദ്ധ്യാപകന്റെ morale നെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സഭയ്ക്ക് ഇത്തരം 'empty' സ്പേസിലേക്ക് നീങ്ങാൻ കഴിയണം. ഇന്ന് quality യുള്ളാരു യുവജനം രൂപപ്പെട്ടില്ലെങ്കിൽ നാളെ quality യുള്ളൊരു സഭയില്ല... സമൂഹമില്ല ഓർക്കാം.

യുവതയുടെ ഇന്നത്തെ വലിയൊരു വിഷയം അവരുടെ friendship ആണ്. മദ്യവും മയക്കു മരുന്നും അസാന്മാർഗിക യാത്രയും ഒക്കെ ഇന്ന് വാർത്തയല്ലാതാകുന്നു. ഈ കാര്യത്തിലെല്ലാം ലിംഗസമത്വവും നേടിക്കഴിഞ്ഞു.

നല്ല friendship അവരുടെ ജീവിത വിജയത്തിന് ആവശ്യമാണ്. എന്നാൽ അത് നന്മയുള്ളതും മൂല്യമുള്ളതുമായില്ലെങ്കിൽ അപകടവുമാണ്. ഉയർന്ന വ്യക്തിത്വവും മൂല്യബോധവും അച്ചടക്കവും ചെറിയ പ്രായത്തിലെ ഉറപ്പിച്ചാൽ കൊള്ളേണ്ടത് ഏത് എന്നവർക്ക് വ്യക്തതയുണ്ടാകും.

കളിയും വിനോദവും കലയും സാംസ്കാരിക പ്രവർത്തനങ്ങളും ഒക്കെ യുവതയുടെ ജീവിത യത്നത്തിന് അനിവാര്യമാണ്. ഇതിൽ ഫലപ്രദമായി പ്രവൃത്തിക്കാൻ സഭക്ക് കഴിയും. പൊതുകളിസ്ഥലവും മറ്റും നമ്മുടെ സമൂഹത്തിൽ കുറഞ്ഞത് യുവതയുടെ വികസനത്തെ പ്രതികൂലമായി ബാധിച്ചു. കളികൾ ആരോഗ്യത്തിനും വ്യക്തിത്വ വികസനത്തിനും സ്വഭാവ രൂപീകരണത്തിനും നല്ല ബന്ധങ്ങൾ സൃഷ്ടിക്കാനും പ്രതിസന്ധികളെ നേരിടാനും ഒക്കെ യുവതയെ പ്രാപ്തമാക്കും. കളിച്ചു വളരുന്നവർ അതിജീവിക്കും. ജീവിതത്തിൽ അവർ തോറ്റുപോകില്ല. പള്ളിക്കു ചുറ്റുമുള്ള ഇടങ്ങൾ യുവതയ്ക്ക് കളിക്കാനും ഒത്തുകൂടാനും ഒക്കെ നൽകിയാൽ അവർ 'ചതിയിൽ' പെട്ട് പോകില്ല.

യുവതയുടെ മാനസിക ആരോഗ്യം, വൈകാരിക ബുദ്ധിശക്തി, സ്വഭാവം ഒക്കെ ശ്രദ്ധിക്കുകയും അവ പ്രോത്സാഹിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുകയും വേണം. കൗൺസിലിംഗ്, നല്ല മാർഗ്ഗനിർദ്ദേശ പരിപാടികൾ, പരിശീലന പരിപാടികൾ, പ്രമുഖ വ്യക്തിത്വങ്ങളുമായുള്ള interaction ഒക്കെ നിരന്തരമായി നൽകാൻ കഴിഞ്ഞാൽ അവരുടെ ജീവിതത്തിന്റെ ഗുണമേന്മ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. പ്രത്യേകിച്ച് ആൺകുട്ടികൾ പൊതുവെ അവരുടെ കഴിവുകൾ നന്നായി ഉപയോഗിക്കുന്നില്ല; അവരിൽ ലക്ഷ്യബോധവും focus ഉം ഒക്കെ കുറയുന്നു. ഇത് നാളെ വലിയ സാമൂഹിക വിഷയങ്ങൾ സൃഷ്ടിക്കാം... കരുതി പ്രവർത്തിക്കുക.

അനേകം കുട്ടികൾ ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്ത് തോൽക്കുന്നു. സ്കൂളുകളിൽ കുട്ടികളെ ജയിപ്പിച്ചു വിടുന്നതും, അമിതമായി ട്യൂഷൻ കൊടുത്തു പഠിപ്പിക്കുന്നതും ഒക്കെ വിപരീത ഫലം ചെയ്യും. അഭിരുചിയും താല്പര്യവുമില്ലാത്ത രംഗത്ത് പഠിക്കാൻ പോകുന്നതാണ് മറ്റൊരു വിഷയം. മാതാപിതാക്കൾക്ക് നല്ല വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശം നൽകുന്നത് വലിയ ഗുണം ചെയ്യും. കുട്ടികൾക്ക് ചേരുന്ന മേഖല തിരഞ്ഞെടുക്കുക നല്ല സ്ഥാപനത്തിൽ പഠിക്കുക, നന്നായി പഠിക്കുക ഒക്കെ വളരെ പ്രധാനം.

മുതിർന്ന കുട്ടികൾക്ക് അവരുടെ രക്ഷിതാക്കളോടൊപ്പം മികച്ച career guidance നൽകുന്നത് അഭികാമ്യം!

ഉന്നത പഠനം ഒക്കെ നേടിയ കുട്ടികൾക്ക് പോലും നല്ലൊരു ജോലി കിട്ടാതെ വരുന്ന അവസ്ഥയുണ്ട്. അത് കുട്ടികളെ നിരാശരും ആകുലതയുള്ളവരും ആക്കുന്നു. അത്തരം ഘട്ടങ്ങളിൽ ഫലപ്രദമായി ഇടപെടാൻ സഭക്ക് കഴിയണം. ആവശ്യങ്ങളിൽ അവർക്ക് നല്ല personal career advice ലഭിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കണം. നല്ല career കെട്ടിപ്പടുക്കാൻ യുവതയെ സഹായിക്കുക എന്നതാണ് സഭയുടെ happiness quotient ഉം hope quotient ഉം ഉയർത്താനുള്ള മാർഗ്ഗം.

വിവാഹവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് യുവത നേരിടുന്ന മറ്റൊരു വിഷയം.

പെൺകുട്ടികൾക്ക് വിവാഹത്തോടുള്ള താല്പര്യം കുറയുന്നു! ഇതൊക്കെ വസ്തുനിഷ്ഠമായി ചർച്ച ചെയ്യേണ്ടതല്ലേ? Matrimonial site-ൽ ഇപ്പോൾ കൂടുതലും ആൺകുട്ടികളുടെ പ്രൊഫൈൽ മാത്രമാണ് കാണുന്നത്! വിവാഹം കഴിക്കാനുള്ള താൽപര്യക്കുറവ്, എങ്ങനെയുള്ള പങ്കാളിയെയാണ് വേണ്ടത് എന്ന് ഉറപ്പില്ലായ്മ, ജീവിത നൈപുണ്യങ്ങളുടെ കുറവ്, ഭയം, അജ്ഞത ഒക്കെ ഇന്ന് വിഷയങ്ങളാണ്. അമിതമായ self centredness, സ്വാർത്ഥത, അത്യാഗ്രഹം ഒക്കെ ജീവിതതാളം അട്ടിമറിക്കുന്നുണ്ട്. ചിലർ over ambitious ആണ്. കൗമാരപ്രായം മുതൽ തന്നെ ബന്ധങ്ങളെക്കുറിച്ചും ജീവിതം, വിവാഹം മുതലായ കാര്യങ്ങളെക്കുറിച്ചും ആരോഗ്യകരമായി മനസ്സിലാക്കാനും ചർച്ച ചെയ്യാനും വേദികൾ ഉണ്ടാകണം!

കുടുംബ കോടതികൾ നിറഞ്ഞു കവിയുകയാണ്!

വ്യക്തിത്വ-സ്വഭാവ വൈകല്യങ്ങളാണ് വിവാഹ ജീവിതത്തിൽ താളപ്പിഴകൾ സൃഷ്ടിക്കുന്നത്. മാനസിക ആരോഗ്യ പ്രശ്നങ്ങളും കുറവല്ല. ഇന്ന് എത്രയും പെട്ടെന്ന് നാടുവിടുക എന്നുള്ളതാണ് യുവതയുടെ പുതിയ ട്രെൻഡ്. അവർ നല്ല സാധ്യതകളും അവസരങ്ങളും ഒക്കെ നേടിയെടുക്കട്ടെ. Migration is natural. But massive migration is something to be seriously examined.

ഇന്ന് പഠനം - ജോലി നിരാശയാണ്. അവർക്ക് ഈ കാര്യത്തിൽ ഒക്കെ ശരിയായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതുണ്ട്. അവരിൽ ചിലരെങ്കിലും ഈ നാട്ടിൽ തന്നെ നല്ല career കണ്ടെത്താൻ കഴിവുള്ളവരാണ്.

ഭാവിയിൽ കേരളം ഒരു 'വൃദ്ധസദനം' ആകാതിരിക്കാനും സഭയ്ക്ക് ഒരു ദർശനം വേണ്ടേ? ഇന്ത്യയിലും ജോലിയുണ്ട്. കേരളത്തിലും തൊഴിൽ സൃഷ്ടിക്കാൻ കഴിയും! പക്ഷെ അതിനൊക്കെ യുവതയ്ക്ക് ആത്മവിശ്വാസവും മാർഗ്ഗനിർദ്ദേശവും കൊടുക്കാൻ ഇടങ്ങൾ ഉണ്ടാകണം!

വിദേശ പഠനത്തിനും ജോലിക്കും ഒക്കെ പോകുന്നതിനു മുൻപ് യുവതയ്ക്ക് കൃത്യമായി അവരെ തിരിച്ചറിയാനും അവരുടെ സാദ്ധ്യതകൾ മനസ്സിലാക്കാനും career പ്ലാൻ ചെയ്യാനും ഒക്കെ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം! ഓരോ രാജ്യത്തെയും യാഥാർത്ഥ്യങ്ങൾ അറിയണം. സാദ്ധ്യതകൾ, അപകടങ്ങൾ ഒക്കെ മനസ്സിലാക്കാൻ വേണ്ട information ലഭിക്കണം. നമ്മുടെ കുട്ടികൾ ചതിക്കപ്പെടാതിരിക്കട്ടെ. ഇവിടെയുള്ള സാദ്ധ്യതകൾ അവസരങ്ങൾ, ഭാവി ഒക്കെ തിരിച്ചറിയട്ടെ. ലോകത്തിലെ ഏറ്റവും കൂടുതൽ യുവജനങ്ങൾ ഉള്ള വലിയ വിപണിയായ ഉറച്ച economy യുള്ള രാജ്യമാണ് India എന്നുകൂടി അവർ തിരിച്ചറിയട്ടെ!

ചെറുപ്പക്കാരിൽ ദൈവവിശ്വാസം കുറയുന്നുണ്ടോ? അവർ ആരാധനാലയത്തിൽ വരാനും പ്രാർത്ഥിക്കാനും കൂട്ടായ്മ ആചരിക്കാനും താല്പര്യം കാട്ടുന്നുണ്ടോ? അവരെ ചേർത്തുപിടിക്കാനും മനസ്സിലാക്കാനും നേടിയെടുക്കാനും പദ്ധതികൾ വേണം. കുറ്റപ്പെടുത്തലുകൾ അല്ല അവരെ മനസ്സിലാക്കാനുള്ള ശ്രമങ്ങൾ ആണ് കൂട്ടേണ്ടത്. ഇന്ന് സഭ അവരുടെ വിഷയങ്ങളെ കരുതിയാൽ നാളെ അവർ സഭയുടെ വിഷയങ്ങളിൽ ഉണ്ടാകും. തീർച്ച.

ഈ മേല്പ്പറഞ്ഞ വിഷയങ്ങളെയൊക്കെ effective ആയി കൈകാര്യം ചെയ്യാൻ തക്കവണ്ണം പൗരോഹിത്യ നേതൃത്വം നല്ലനിലയിൽ പരിശീലനം നേടേണ്ടതുണ്ട്.

Internal ഉം external ഉം ആയ ഒരു resource pool സമഗ്രമായി രൂപപ്പെടുത്തേണ്ടതുണ്ട്. Bible college ലെ സിലബസ് കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്.

"The more we sweat in peace,
the less we bleed in war."

ഒരു യുവജന വിഭവശേഷി വികസന നയമാണ് ഇന്ന് സഭ ഏറ്റെടുക്കേണ്ട ഏറ്റവും വലിയ project. ഇത് ഓരോ പ്രാദേശിക പള്ളിയുടെയും 'ഉത്സാഹത്തിനു' വിട്ടുകൊടുത്താൽ ഇതെല്ലാം പരാജയപ്പെടും. ഫലപ്രദമായി ഇത് സാധ്യമാകണമെങ്കിൽ സഭയായി ഇതൊരു centralised പ്രൊജക്ട് ആയി ഏറ്റെടുക്കണം. ഒരു "യുവജന വികസന കേന്ദ്രം" ആരംഭിക്കാം.

പതിനാലു വയസ്സു മുതൽ 35 വയസ്സുവരെയുള്ള എല്ലാ യുവജനത്തിന്റെയും വിവരങ്ങൾ ശേഖരിക്കാം. അവരുമായി personal level ൽ ആശയ വിനിമയം ആരംഭിക്കാം. അവരുടെ ജന്മദിനം, പ്രധാന സന്ദർഭങ്ങൾ ഒക്കെ ആശംസിക്കാം. അവർക്കുവേണ്ടി പ്രാർത്ഥിക്കാം. അവരുടെ പഠനം, പരീക്ഷ ജോലി ഒക്കെ follow up ചെയ്യാം.

Right man for the right job!

യുവതയുമായി ഏറ്റവും നന്നായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അറിയാവുന്നവരെ ഇതിന്റെ ചുമതല ഏൽപ്പിക്കാം.

യുവതയ്ക്ക് മാതൃകയാണോ പുരോഹിതർ? സഭാ ഭാരവാഹികൾ? സഭാ സംഘടനകൾ? വെറും അർച്ചനയും ആരാധനയും കൊണ്ട് ഇനി ഭാവിയില്ല! പ്രവർത്തനം തന്നെയാണ് ആരാധന.. ഓരോ കുട്ടിയിലേക്കും ഇനി സഭ സഞ്ചരിക്കട്ടെ!

ഓരോ വർഷവും നടത്തേണ്ട പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യണം. നടപ്പാക്കണം. പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിശകലനം ചെയ്യണം. നല്ലതു തുടരണം. മോശമായത് ഒഴിവാക്കണം. ആവശ്യങ്ങൾ അനുസരിച്ചു മാറ്റങ്ങൾ തുടരണം. അവസാനത്തെ യുവജനത്തെ വരെ കണ്ടെത്താനുള്ള പരിശ്രമം തുടരണം. നമുക്ക് നഷ്ടപ്പെടുത്താൻ മക്കളില്ല. ആരേം കുറഞ്ഞു പോകാൻ, വീണുപോകാൻ അനുവദിക്കരുത്. നമ്മുടെ കുഞ്ഞുങ്ങളെ ആരും സമൂഹത്തിൽ തുച്ഛീകരിക്കാതിരിക്കട്ടെ.

അവരിൽ ഏവർക്കും ദൈവത്തെ ദർശിക്കാൻ കഴിയണം!

(Sunil D. Kuruvilla is a consultant Career Counsel and HR Trainer. He is the founder of INSIGHT MISSION. He can be contacted @ +91 9656144712)

# നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു

**സീമ ഷിന്റോ, കന്നിയേൽ, റാന്നി**

എന്താണ് വിശ്വാസം? വി. ബൈബിളിലുടനീളം വിശ്വാത്തേക്കുറിച്ചും, യേശുക്രിസ്തുവിൽ അചഞ്ചമായി വിശ്വസിക്കുന്ന ഭക്തൻമാരെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. സദൃശ്യവാക്യങ്ങൾ 3:5 ൽ പറയുന്നു. "പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക. സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊള്ളുക. അവൻ നിന്റെ പാതകളെ നേരെയാക്കും" പൂർണ്ണ ഹൃദയത്തോടെ യഹോവയെ ആശ്രയമാക്കുന്ന ഓരാൾക്ക് വേറേ ഒന്നിനെക്കുറിച്ചും ഭയപ്പെടേണ്ട കാര്യമില്ല. കാരണം വിശ്വസിക്കുന്നതും ആശ്രയമാക്കിയിരിക്കുന്നതും നമ്മുടെ രക്ഷകനെയാണ്. യഹോവ അവന്റെ പാതകളെ നേരെയാക്കും. വഴിതെറ്റിപോകുന്ന അവസരങ്ങളിൽ കൈകൾ ചേർത്തു പിടിച്ച് വഴിയിതാകുന്നു. ഇതിൽക്കൂടി സഞ്ചരിപ്പിൻ എന്ന് പറഞ്ഞ് നേരെയുള്ള വഴി കാട്ടികൊടുക്കും.

യേശുവിലുള്ള ആഴമേറിയ വിശ്വാസത്തിന്റെ തീവ്രത മർക്കോസിന്റെ സുവിശേഷം 9-ാം അദ്ധ്യായത്തിൽ വരച്ചുകാട്ടിയിരിക്കുന്നു. "യേശു അവനോട് നിന്നാൽ കഴിയുമെങ്കിൽ എന്നിൽ വിശ്വസിക്ക. വിശ്വസിക്കുന്നവനു സകലവും കഴിയുമെന്ന് പറഞ്ഞു" "Jesus Said to him, if you can believe? All things are possible for one who believes" യേശുവിൽ വിശ്വസിക്കുന്ന ഒരുവന് ഒന്നും അസാദ്ധ്യമല്ല. ഒരു വിശ്വാസിക്ക് സകലവും സാദ്ധ്യമാണ് എന്ന് നിസംശയം വി. ബൈബിൾ പ്രതിപാദിക്കുന്നു. റോമർ 10-ാം അദ്ധ്യായം 11-ാം വാക്യത്തിൽ നാം കാണുന്നു. "അവനിൽ വിശ്വസിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല" Anyone who believes in him will never be put to shame" (മത്തായി) 17:20 ൽ ഇങ്ങനെ പറയുന്നു. "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെനിന്നും അങ്ങോട്ട് നീങ്ങുക എന്നു പറഞ്ഞാൽ അത് നീങ്ങും. നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകുകയില്ല." വിശ്വസിക്കുന്നവരുടെ ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കും. എപ്പോഴും വി. ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്, അൽപവിശ്വാസിയാകാതെ വിശ്വാസി ആയിരിപ്പാനാണ്. നമ്മെ സൃഷ്ടിച്ച് നമ്മുടെ മൂക്കിൽ ജീവശ്വാസം ഊതി ജീവൻ തന്ന നമ്മുടെ കർത്താവിലുള്ള അടിയുറച്ച വിശ്വാസം എന്നും നമ്മെ വഴി നടത്തുന്നു. ഒരു വിശ്വാസിക്ക് അസാദ്ധ്യമായി യാതൊന്നും ഈ ഭൂമിയിലില്ല. വിശ്വാസം രോഗസൗഖ്യത്തിനു കാരണമാകുന്നു. വിശ്വാസത്താൽ ബന്ധങ്ങൾ അഴിയുന്നു, കെട്ടുകൾ പൊട്ടുന്നു. വിശ്വാസത്താൽ ചെങ്കടൽ പിളർക്കുന്നു. മലകൾ നീങ്ങുന്നു. വിശ്വാസത്താൽ മരിച്ചു പോയവർ ഉയർക്കപ്പെടുന്നു. നമുക്കും ഈ വിശ്വാസം മുറുകെ പിടിക്കാം. അവസാന നാഴികയിൽ കർത്താവിനോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളന്റെ വിശ്വാസം അവനെ നയിച്ചത് നിത്യാനന്ദമുള്ള പറുദീസയിലെ ജീവിതത്തിലേക്കാണ്.

ലൂക്കോസിന്റെ സുവിശേഷം 8-ാം അദ്ധ്യായത്തിൽ പന്ത്രണ്ട് സംവത്സരമായി രക്തസ്രാവമുള്ള സ്ത്രീയെ നമുക്ക് കാണാം. എല്ലാ വൈദ്യൻമാരും ചികിത്സിച്ചിട്ടും ആർക്കും അവളെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ല. എന്നാൽ കർത്താവ് തമ്പുരാന്റെ അത്ഭുത പ്രവർത്തികൾ കേട്ട സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ ഒന്നു തൊട്ടാൽ സൗഖ്യം പ്രാപിക്കും എന്ന് വിശ്വസിക്കുന്നു. അങ്ങനെ ആ സ്ത്രീ യേശുക്രിസ്തുവിന്റെ വസ്ത്രത്തിൽ വിശ്വാസത്തോടെ തൊടുന്നു. ആ നിമിഷം തന്നെ അവളുടെ രക്തസ്രാവം നിന്നു. അവൾ സുഖം പ്രാപിച്ചു. വിശ്വാസത്തോടെ ഒരാൾ തന്നെ തൊട്ടെന്നും തന്നിൽനിന്നു ശക്തി പുറപ്പെട്ടു എന്നു മനസ്സിലാക്കിയ കർത്താവ് ആരാണ് തന്നെ തൊട്ടതെന്ന് ചോദിച്ചപ്പോൾ സൗഖ്യമാക്കപ്പെട്ടു സ്ത്രീ കർത്താവിന്റെ മുന്നിലേക്ക് വന്നു. കർത്താവ് അവളോട് "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോക എന്നു പറഞ്ഞു"

നമുക്കും വിശ്വാസത്തോടെ ആ ആണിപ്പഴുതുള്ള കരത്തിലേക്ക് ചേർന്നിരിക്കാം.

## കശീശ പട്ടം സ്വീകരിച്ചു.



**ചാന്നാനിക്കാട് സെന്റ് മേരീസ് ജെറുശലേം ക്നാനായ പള്ളി ഇടവകയിൽ കാരിമറ്റത്തിൽ കെ.റ്റി. ബേബിയുടെയും മിനി ബേബിയുടെയും മകൻ ഡീക്കൻ ചിക്കു ബേബി 30-1-2024 ചൊവ്വാഴ്ച ചാന്നാനിക്കാട് സെന്റ് മേരീസ് ജെറുശലേം പള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ തൃക്കരങ്ങളാൽ കശീശ പട്ടം സ്വീകരിച്ചു. 04-02-2024 ഞായറാഴ്ച ചാന്നാനിക്കാട് സെന്റ് മേരീസ് ജെറുശലേം പള്ളിയിൽ പുത്തൻ കുർബാന അർപ്പിച്ചു. വെളിയനാട് സെന്റ് സ്റ്റീഫൻസ് ക്നാനായ വലിയപള്ളി ഇടവകയിൽപ്പെട്ട ചക്കിട്ടപറമ്പിൽ സ്റ്റീഫന്റെയും സിനിയുടെയും മകൾ അക്സയാണ് സഹധർമ്മിണി.**

# സംഭാഷണം സുന്ദരമായ കല

സി. ഐ. ചാക്കോ, വലിയപാറയിലായ
കൊച്ചുപറമ്പിൽ, കുറിച്ചി



ദൈവം മനുഷ്യനു നൽകിയിട്ടുള്ള ഒരു വലിയ വരദാനമാണ് സംസാരിക്കുവാനുള്ള കഴിവ്. ജീവിതത്തിന്റെ ഉയർച്ചയ്ക്കും താഴ്ചയ്ക്കും ഒരു പരിധിവരെ സംസാരം കാരണമായിത്തീരാറുണ്ട്. അത് ഒരു സുന്ദര കലയായി പോഷിപ്പിച്ചെടുത്തിട്ടുള്ളവർ സമൂഹത്തിന്റെ പലഭാഗങ്ങളിൽ അത് പ്രയോജനപ്പെടുത്തുന്നു.

സംസാരം ശ്രോതാക്കളെ സന്തോഷിപ്പിക്കുന്നു. ആവേശഭരിതരും ഉത്സാഹികളും കർമോന്മുഖരുമാക്കുന്നു. ചിലപ്പോൾ അവരെ നൈരാശ്യത്തിലേക്കും നിരുത്സാഹത്തിലേക്കും തള്ളിവിട്ടു എന്നും വരാം. ഉപയോഗിക്കുന്ന വാക്കുകൾ, സംസാരിക്കുന്ന തങ്ങളുടെ ഭാവം, വികാരതീവ്രത, ആശയത്തിന്റെ മേന്മ ഇവയെല്ലാമാണ് ശ്രോതാക്കളിൽ വിവിധ വികാരങ്ങൾ ഉളവാക്കുന്നത്.

വാക്കുകൾ മയക്കുമരുന്നുപോലെ ഉപയോഗപ്പെടുത്തുന്ന ഒരു കൂട്ടരാണ്, ഭവനങ്ങളിൽ വില്പനച്ചരക്കുകളുമായി കടന്നു വരുന്നവർ. സാധനങ്ങളുടെ മേന്മയെപ്പറ്റി പറയുമ്പോൾ അതെങ്ങനെ വാങ്ങാതിരിക്കും എന്നു നാം ചിന്തിച്ചുപോകും. പണം കൈയ്യിൽ ഇല്ലെങ്കിൽ കൂടി കടം വാങ്ങിയെങ്കിലും അത് വാങ്ങണമെന്ന മോഹം നമ്മിൽ ഉളവാക്കും. അതാണ് വില്പനക്കാരന്റെ കഴിവ്. അതിനയാൾ പരിശീലനം നേടിയിട്ടുണ്ട്. ഓരോരുത്തരോടും എങ്ങനെയാണ് പറഞ്ഞു തുടങ്ങേണ്ടതെന്നും, താൽപര്യമുളവാക്കാൻ എന്തൊക്കെ പറയണമെന്നും അയാൾക്കറിയാം. അവസാനം അയാൾ ലക്ഷ്യം കാണുകയും ചെയ്യും.

സംഭാഷണം വിജയകരവും ഫലപ്രദവുമാകണമെങ്കിൽ നാം ശ്രദ്ധിക്കേണ്ട പലകാര്യങ്ങൾ ഉണ്ട്. അവയിൽ ചിലത് ചൂണ്ടിക്കാണിക്കട്ടെ.

(1) നാം ആരോട് സംസാരിക്കുന്നുവോ ആ വ്യക്തിയിലും അയാളുടെ കാര്യങ്ങളിലും നമുക്ക് താൽപര്യമുണ്ടെന്ന് അയാൾക്ക് തോന്നത്തക്ക വിധത്തിലായിരിക്കണം നമ്മുടെ സംസാരം. ശ്രോതാവുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ അത് സഹായിക്കും.

(2) വിനയഭാവം മറ്റുള്ളവരെ നമ്മിലേയ്ക്ക് ആകർഷിക്കുന്ന സ്വഭാവമാണ്. അഹംഭാവത്തോടും ധാർഷ്ഠ്യത്തോടും വർത്തിക്കുന്ന വ്യക്തിയോട് അടുക്കാനോ, ഹൃദയം തുറക്കാനോ നമുക്ക് സന്തോഷമുണ്ടാകയില്ല. പ്രസന്നഭാവം, പുഞ്ചിരിയോടെയുള്ള സമീപനം ഇവ സംഭാഷണം വിജയകരമാക്കാൻ സഹായിക്കുന്ന ഘടകങ്ങളാണ്.

(3) ഒരാൾ സംസാരിക്കുമ്പോൾ ഇടയിൽ കടന്നു പറയരുത്. അങ്ങനെ ചെയ്യുന്നത് സംസ്ക്കാര ശൂന്യതയാണ്. അയാൾ പറയുന്നത് മുഴുവൻ കേൾക്കാനുള്ള ക്ഷമ ആവശ്യമാണ്. അതിന്റെ അർത്ഥം പറയുന്നതിന്റെ ഇരട്ടി കേൾക്കാൻ താൽപര്യപ്പെടണമെന്നത്രെ.

അമേരിക്കയിലെ സുപ്രസിദ്ധ ചിന്തകനും രാജ്യതന്ത്രജ്ഞനുമായിരുന്ന ബെഞ്ചമിൻ ഫ്രാങ്കിളിൻ തന്റെ വാർധക്യ ദശയിൽ ചെറുപ്പക്കാർക്ക് നൽകിയ ഉപദേശം ശ്രദ്ധേയമാണ്. “സംഭാഷണത്തിൽ നാം അറിവ് സമ്പാദിക്കുന്നത് നാക്ക് ഉപയോഗിച്ചല്ല ചെവി ഉപയോഗിച്ചാണ് എന്ന വസ്തുത ഞാൻ വളരെക്കാലം മുമ്പുതന്നെ മനസ്സിലാക്കിയിരുന്നു. ജീവിതത്തിൽ ഞാൻ വല്ല വിജയവും നേടിയിട്ടുണ്ടെങ്കിൽ അതിനുകാരണം അതനുസരിച്ച് പ്രവർത്തിച്ചതുകൊണ്ടാണ്. മൗനം ശീലമാക്കുന്നത് ഒരു വലിയ ഗുണമായിട്ടാണ് ഞാൻ കരുതുന്നത്.

അനുഭവസമ്പന്നയായ മറ്റൊരാൾ എഴുതി ‘ജനസമ്മിതി നേടാൻ നല്ല മാർഗ്ഗം മറ്റുള്ളവർ പറയുന്നത് താൽപര്യത്തോടെ കേൾക്കാൻ ഒരുങ്ങുകയാണ്. അവരെ ആവശ്യമില്ലാതെ ഉപദേശിക്കാൻ തുടങ്ങുന്നതുകൊണ്ടല്ല’.

(4) ആത്മപ്രശംസാരൂപത്തിൽ സ്വന്തനേട്ടങ്ങളും കഴിവുകളും പ്രകടിപ്പിക്കാൻ ഒരുങ്ങരുത്. മറ്റുള്ളവരുടെ അഭിനന്ദനവും ആദരവും പിടിച്ചുപറ്റാൻ ലക്ഷ്യമിട്ടുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. പക്ഷെ അവരിൽ പുച്ഛവും ഈർഷ്യയുമേ ഉളവാകൂ എന്ന് മനസ്സിലാക്കണം. ആത്മപ്രശംസ നടത്തുന്നവർക്കു മറ്റുള്ളവരുടെ നന്മകളെ കാണുന്നതിനോ അഭിനന്ദിക്കുന്നതിനോ കഴിയാതെ പോകും.

(5) ശ്രോതാക്കളുടെ പ്രതികരണം മനസ്സിലാക്കാനുള്ള വിവേകവും ഗ്രഹണശക്തിയും ആവശ്യമാണ്. ശ്രോതാവിന്റെ താല്പര്യമോ, താല്പര്യക്കുറവോ പെരുമാറ്റത്തിലും മുഖഭാവത്തിലും പ്രകടമാകാതിരിക്കയില്ല. അതനുസരിച്ചാകണം സംഭാഷണം തിരിച്ചുവിടേണ്ടത്. അതുപോലെ സംഭാഷണം എപ്പോൾ തുടരണം, എപ്പോൾ നിറുത്തണം എന്ന് തിരിച്ചറിയാനുള്ള വിവേകം ആവശ്യമാണ്.

ഒരു യന്ത്രത്തിലെ ചക്രങ്ങൾ സുഗമമായി തിരിയുന്നതിന് എണ്ണയിടുന്നത് ആവശ്യമാണെന്ന് നമുക്കറിയാം. അതുപോലെതന്നെ വ്യക്തികൾ തമ്മിലുള്ള സമ്പർക്കം സുഖകരമാക്കുന്നതിന് സംഭാഷണചാതുര്യം വളർത്തേണ്ടത് ആവശ്യമാണ്. വ്യക്തിബന്ധങ്ങളെ ഉലയ്ക്കുന്നതും ഊട്ടിയുറപ്പിക്കുന്നതും നമ്മുടെ സംഭാഷണമാണ്. അത് ഒരു സുന്ദരകലയായി വളർത്തിയെടുക്കാൻ ശ്രമിക്കാം.

നമുക്ക് പരസ്പരം പുഞ്ചിരിച്ചുകൊണ്ട് ഇടപെടാം. കാരണം പുഞ്ചിരി സ്നേഹത്തിന്റെ തുടക്കമാണ്.

–വി. മദർ തെരേസാ–

# ജയത്തിന്റെ അടയാളവും ശത്രുവാകുന്ന ദുഷ്ടന്റെ നേരെ തോൽക്കാത്ത അടയാളവുമായ ശുദ്ധമുള്ള നോമ്പ്

ഫാ. പി. റ്റി. മാത്യു പയ്യനാട്ട്

പരി. സുറിയാനി സഭയുടെ മക്കൾ വലിയനോമ്പിലേക്കു പ്രവേശിക്കുകയാണ്. ഈ അവസരത്തിൽ പരി.പിതാക്കന്മാരും വി.ഗ്രന്ഥവും പഠിപ്പിക്കുന്നതുപോലെ നോമ്പനുഷ്ഠിച്ചു അനുഗ്രഹങ്ങളെ പ്രാപിക്കാം.

1. പ്രാർത്ഥനയാലും ഉപവാസത്തിലുമല്ലാതെ ഈ ജാതി നിങ്ങിപ്പോകുകയില്ല എന്നു നമ്മുടെ കർത്താവ് അരുളി ചെയ്തു (മത്താ.18:21). പിശാചു അലറുന്ന സിംഹംപോലെ ആരേ വിഴുങ്ങേണ്ടു എന്നു തിരഞ്ഞുകൊണ്ടു നടക്കുകയാണ് (1 പത്രോസ് 5:8). സത്യവിശ്വാസികളായ ദൈവമക്കളെയാണ് അവൻ ഉന്നം വയ്ക്കുന്നത്. നോമ്പനുഷ്ഠിക്കുന്നവൻ സദാനേരത്തിലും സ്വർഗ്ഗത്തിലാകുന്നു! അതായത് രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നിടത്തൊക്കെയും അവരുടെ മദ്ധ്യത്തിൽ ഞാനുണ്ട് (മത്തായി 18:19). കുടുംബപ്രാർത്ഥനയുടെ പ്രാധാന്യം ഇവിടെ വളരെ വ്യക്തം. രണ്ടുപേരില്ലാതെ ഒരു കുടുംബം സൃഷ്ടിക്കപ്പെടുകയില്ലല്ലോ? കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ചുകൂടി യാമപ്രാർത്ഥനകൾ നടത്തുമ്പോൾ നിശ്ചയമായും കർത്താവ് നമ്മുടെ ഭവനങ്ങളിൽ എഴുന്നെള്ളിവന്ന് നമ്മോടുകൂടി ഇരിക്കും അങ്ങനെ കർത്താവു പ്രവേശിക്കുന്ന ഭവനമൊക്കെയും സ്വർഗ്ഗതുല്യമായിത്തീരും. പ്രാർത്ഥനയോടും ഉപവാസത്തോടും കൂടിയ നോമ്പനുഷ്ഠാനം നമ്മുടെ ഭവനങ്ങൾ സ്വർഗ്ഗതുല്യമായിത്തീരുവാൻ ഇടയാകണം.

2. ജഢത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിക്കുവാൻ നോമ്പനുഷ്ഠാനം നമുക്കു ഭാഗ്യം നൽകട്ടെ! ജഡാഭിലാഷം ആത്മാവിനും, ആത്മാഭിലാഷം ജഡത്തിനും വിരോധമാണ് (ഗലാ. 5:17-26). ജഡത്തിന്റെ പ്രവൃത്തികൾ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവയാണ്. നാം ക്രിസ്തുയേശുവിലുള്ളവർ എങ്കിൽ മാത്രമേ ജഡത്തിന്റെ പ്രവർത്തികളെ ക്രൂശിക്കുവാനും, ആത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ഇവ പുറപ്പെടുവിക്കുവാനും സാധിക്കൂ. നോമ്പനുഷ്ഠാനം ആത്മഫലം പുറപ്പെടുവിക്കുന്ന ദൈവിക തരുക്കളായി നമ്മെ രൂപാന്തരപ്പെടുത്തുമാറാകട്ടെ!

3. ഭാഗ്യവാനായ പൗലോസ് ശ്ലീഹായുടെ ഉപദേശങ്ങൾക്കു ചെവിചായിക്കാം. പാപം നമ്മുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്. നമ്മുടെ ഒരു അവയവവും, അനീതിയുടെ ആയുധമായി പാപത്തിനു സമർപ്പിക്കയും അരുത്. സഭയുടെ മക്കൾ പരി. മാമൂദീസായിലൂടെ കർത്താവിനോടൊരുമിച്ചു മരിച്ചു അവനോടുകൂടെ അടയ്ക്കപ്പെട്ടു; അവനോടുകൂടെ ഉയർത്തെഴുന്നേറ്റു ദൈവസന്നിധിയിൽ ജീവിക്കുന്നവരാണ്. അതുകൊണ്ടു നാം നമ്മുടെ ശരീരങ്ങളെ ദൈവത്തിനു പ്രസാദമുള്ള യാഗമായും, നമ്മുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിനു സമർപ്പിപ്പാൻ കടപ്പെട്ടവരാണ്. (റോമ.6:1-14, 12:1-2). നോമ്പനുഷ്ഠാനം ദൈവഹിതം നിറവേറ്റുവാൻ നമ്മെ പ്രാപ്തരാക്കട്ടെ.

4. കർത്താവിന്റെ പീഡാനുഭവ ആഴ്ചയിലെ ഒരുദിവസം, ഒരു വൈദികൻ കർത്താവിനോടു ചോദിച്ചു "ന്യായപ്രമാണത്തിൽ ഏതു കല്പനയാണു വലുത്". കർത്താവു പറഞ്ഞു "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സേവിക്കണം എന്നാകുന്നു; ഒന്നാമത്തേതും വലിയതുമായ കല്പന. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്ന രണ്ടാമത്തെ കല്പന ആദ്യത്തേതിനോടു സമം തന്നെയാണ് (മത്തായി 22:37-39). ഒരുവൻ ന്യായപ്രമാണം മുഴുവൻ അനുസരിച്ചു നടക്കുകയും, ഒന്നിൽ തെറ്റിപ്പോകുകയും ചെയ്താൽ അവൻ ന്യായപ്രമാണം മുഴുവൻ തെറ്റിക്കുന്നവനാകും (യാക്കോ.2:10). പത്തു കല്പനകളിൽ ആദ്യത്തെ അഞ്ചുകല്പനകൾ ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെ ബലപ്പെടുത്തുന്നതും ബാക്കി അഞ്ചെണ്ണം സമസൃഷ്ടങ്ങളോടുള്ള ബന്ധത്തെ കാണിക്കുന്നതുമാണ്. നാമും ദൈവവുമായുള്ള ബന്ധം എപ്രകാരമായിരിക്കണമോ, അപ്രകാരം തന്നെ ആയിരിക്കണം ഞാനും സഹോദരനുമായുള്ള ബന്ധം.

5. നോമ്പനുഷ്ഠാനം യഹൂദാ സമൂഹത്തിലാണ് ആരംഭിച്ചത്. ബാബേൽ പ്രവാസത്തിൽ മടങ്ങി വന്ന യഹൂദജനം നോമ്പനുഷ്ഠിച്ചിരുന്നു. ദൈവഹിതപ്രകാരം നോമ്പനുഷ്ഠിക്കുവാൻ അവർ ഒരുങ്ങിയില്ല. ആയതിനാൽ ദൈവത്തിൽ നിന്നു പ്രതിഫലവും, അവർ ആഗ്രഹിച്ചപ്രകാരം ലഭിച്ചില്ല. അവർ ദൈവത്തെ ചോദ്യം ചെയ്യാൻ തുടങ്ങി. ഭക്തി അഭിനയിച്ചാൽ അതു തനിക്കു സ്വീകാര്യമല്ല എന്നും, യഥാർത്ഥ നോമ്പു എങ്ങനെ ആയിരിക്കണമെന്നും ദൈവം യെശയ്യാ പ്രവാചകനിലൂടെ അവരെ അറിയിച്ചു. അന്യായബന്ധനങ്ങളെ അഴിക്കണം, നുകത്തിന്റെ അമിക്കയറുകളെ അഴിക്കണം, പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കണം. എല്ലാ നുകത്തെയും തകർക്കണം, വിശക്കുന്നവന് നമ്മുടെ അപ്പം നുറുക്കി കൊടുക്കണം. അലഞ്ഞു നടക്കുന്ന സാധുക്കളെ നമ്മുടെ ഭവനങ്ങളിൽ ചേർത്തു കൊള്ളുന്നതും നമ്മുടെ മാംസരക്തങ്ങളായിരിക്കുന്നവർക്ക് നമ്മെതന്നെ മറക്കാതിരിക്കുന്നതുമാണ് ദൈവത്തിനു പ്രസാദകരമായ നോമ്പ് (യെ

ശ.58:3-7). കിണ്ടികിണ്ണങ്ങളുടെ പുറം ശുദ്ധീകരിക്കുന്നവയായിരിക്കരുത്. നമ്മുടെ നോമ്പനുഷ്ഠാനം മറിച്ച് അകവും പുറവും ഒരുപോലെ ശുദ്ധീകരിക്കപ്പെടണം "ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നതല്ലോ ദൈവകല്പന (ലേവ്യ.19:2).

മൂശയുമേലിയാവും നാല്പതുദിനം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു ആകൽക്കറുസായേ ജയിച്ചു.

പഴയ നിയമത്തിലും പുതിയ നിയമത്തിലുമായി മൂന്നു പ്രധാന വ്യക്തികൾ അനുഷ്ഠിച്ച നോമ്പു മാതൃകയായി പിതാക്കന്മാർ നമ്മെ കാണിക്കുന്നു. ഫറവോന്റെ അടിമത്വത്തിൽനിന്നു വിടുവിക്കപ്പെട്ടു മരുഭൂമിയിൽ കൂടി കാനാൻ ദേശത്തേക്കു യാത്രചെയ്യുന്ന ദൈവജനത്തിന്റെ നായകനായ മോശയെ സീനായി പർവ്വതത്തിലേക്കു വിളിക്കുന്നു. പർവ്വതത്തിൽ 40 ദിനരാത്രങ്ങൾ ദൈവത്തോടുകൂടി ആയിരുന്ന മോശയിലൂടെയാണു പത്തു കല്പനകളും (പുറ.20) സാമൂഹിക നിയമങ്ങളും (പുറ. 21:1, 25:8) ജനത്തിന് ദൈവത്തിൽ നിന്നു ലഭിക്കുന്നത്.

ആഹാബു രാജാവിന്റെ ഭാര്യയായ ഇസബേലിന്റെ വധഭീഷണിക്കു മുമ്പിൽ പതറിപ്പോയ ദീർഘദർശിയായ ഏലിയാവ് ഭയന്നോടി ബേർ-ശേബാ മരുഭൂമിയിൽ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങി. ഒരു ദൈവദൂതൻ, പുതിയ നിയമ സഭയിലെ വിശുദ്ധ കുർബ്ബാനയുടെ നിഴലായ അപ്പവും വെള്ളവും പ്രവാചകനെ ഉണർത്തിക്കൊടുത്തു. ആ ബലത്തിൽ പ്രവാചകൻ 40 ദിനരാത്രങ്ങൾ സഞ്ചരിച്ചു ദൈവത്തിന്റെ പർവ്വതമായ ഹോറേബിൽ എത്തി ഒരു ഗുഹയിൽ പാർത്തു. സർവ്വശക്തനായ ദൈവത്തിൽ നിന്നു പ്രാപിച്ച നിർദ്ദേശാനുസരണം മടങ്ങി വന്നു "ഹസായേലി"നെ അരാമിനു രാജാവായും, നിംശിയുടെ മകനായ'യേഹു'വിനെ യിസ്രായേലിനും രാജാവായി അഭിഷേകം ചെയ്തു. തന്റെ പിൻഗാമിയായി ഏലിശായെ നിയമിച്ചു. തുടർന്നു അഗ്നിത്തേരിൽ സ്വർഗ്ഗത്തേരിൽ സ്വർഗ്ഗത്തിലേക്കു എടുത്തുകൊള്ളപ്പെട്ടു (1 രാജ.19, 2 രാജ.2).

നോമ്പാചരണത്തിനു മാതൃകയായി പിതാക്കന്മാർ നമ്മെ പരിചയപ്പെടുത്തുന്ന മൂന്നാമത്തെ വ്യക്തിയാണു നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമ്ശിഹാ.

പിശാചിനാൽ പരീക്ഷിക്കപ്പെടുവാനായി ആത്മാവാണ് (spirit) യേശുവിനെ മരുഭൂമിയിലേക്കു നടത്തിയത്. പരീക്ഷയെ അഭിമുഖീകരിക്കുന്നതിന് മുമ്പായി കർത്താവ് നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു. മണ്മയ പിതാവായ ആദാം തോറ്റിടത്ത് വിൺമയപിതാവും രണ്ടാം ആദാമുമായ കർത്താവ് ജയിക്കണം. എങ്കിലേ രക്ഷണ്യപ്രവർത്തനം വിജയിക്കൂ. കർത്താവ് ലോകത്തിലേക്ക് അയക്കപ്പെട്ടിരിക്കുന്നത് ലോകത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിക്കുവാനാണല്ലോ?

നീ ദൈവപുത്രനെങ്കിൽ ഈ കല്ല് അപ്പമായിത്തീരുവാൻ കല്പിക്ക-പിശാചിന്റെ ആദ്യപരീക്ഷണം. ദൈവപുത്രൻ കല്ല് അപ്പമാക്കുവാൻ വന്നവനല്ല. കല്ല് സ്തേപ്പാനോസ് സഹദായെപ്പോലെയുള്ള വിശുദ്ധന്മാരെ കൊല്ലുവാൻ പിശാചുപയോഗിക്കുന്ന ആയുധമാണ്. ആവർത്തനം 8:3 ഉദ്ധരിച്ചുകൊണ്ട് "മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ദൈവത്തിന്റെ വായിൽ നിന്നുവരുന്ന സകലവചനം കൊണ്ടും ജീവിക്കുന്നു" എന്ന് കർത്താവ് ഉത്തരം കൊടുത്തു. ദൈവത്തിന്റെ അപ്പം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു ലോകത്തിന് ജീവനെ കൊടുക്കുന്നതാകുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന അപ്പം നമ്മുടെ കർത്താവു തന്നെയാണ് (യോഹ.6:32-37). ജഡമായിത്തീർന്ന് കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്ത (യോഹ.1:14) മ്ശിഹാ തമ്പുരാൻ ഈ ലോകത്തിലേയ്ക്ക് അയക്കപ്പെട്ടത്; തന്റെ ശരീരം മുറിച്ചു നമുക്കു ഭക്ഷണമായിത്തീരുവാനും തന്റെ രക്തം പകർന്ന് നമ്മെ കുടിപ്പിക്കാനുമാണ്. തദ്വാരാ, പാപമോചനവും, നിത്യജീവനും അവസാനനാളിലെ നിത്യജീവനും നാം പ്രാപിപ്പാനാണ്. കല്ലല്ല; കർത്താവുതന്നെയാണ് നമുക്ക് അപ്പമായിതീർന്നത്.

തുടർന്ന്, സാത്താൻ കർത്താവിനെ വിശുദ്ധ നഗരമായ യെറുശലേമിലെ ദൈവാലയത്തിൽ കൊണ്ടുപോയി. യറുശലേം ദൈവാലയം തന്റെ പിതാവിന്റെ ആലയമാണെന്നും, (ലൂക്കാ.2:49) അതു തന്റെ പിതൃസ്വത്താണെന്നും കർത്താവിന്നറിയാം. ആ ദൈവാലയത്തിന്റെ അഗ്രത്തിൽ നിർത്തിയിട്ടു പിശാചു കർത്താവിനോടു പറയുകയാണ്; ഇങ്ങു ചാടിപ്പോരിക; "നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിപ്പാൻ അവർ (ദൂതന്മാർ) നിന്നെ കൈകളിൽ വഹിച്ചുകൊള്ളുമെന്നും 91 -ാം സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ! പിശാചിനും നമ്മോടാവശ്യപ്പെടുന്നത് ദൈവാലയം വിട്ടു പോരാനാണ്. (പുറ.17:10, ആവ.6:16) വേദഭാഗങ്ങൾ ആധാരമാക്കി "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുതെന്നും എഴുതിയിട്ടുണ്ടല്ലോ; ഞാനതേ അനുസരിക്കൂ എന്നും പറഞ്ഞു.

ഫറവോന്യ അടിമത്വത്തിൽ നിന്നു മോചിപ്പിക്കപ്പെട്ട ദൈവജനം ഒരു വർഷത്തെ യാത്രയ്ക്കൊടുവിൽ രഫീദീമിൽ എത്തി. അവിടെ ജനത്തിനു കുടിപ്പാൻ വെള്ളമില്ലായിരുന്നു. ജനം മോശയ്ക്കു വിരോധമായി പിറുപിറുത്തു. ദൈവം രഫീദിമിലുള്ള പാറമേൽ നിന്നിട്ടു, തന്റെ കൈയ്യിലുള്ള വടി കൊണ്ടു പാറയെ അടിക്കുവാൻ പറഞ്ഞു. മോശ അങ്ങനെ ചെയ്തപ്പോൾ പാറ പിളർന്നു. യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾക്കും കുടിപ്പാൻ തക്ക വെള്ളം പുറപ്പെട്ടു. അടികൊള്ളപ്പെട്ട പാറ ക്രിസ്തുവാണ് (1കൊരി.10:4). രാഫീദീമിൽ ദൈവത്തെ പരീക്ഷിച്ച തലമുറയ്ക്ക് (പുരുഷന്മാർ മാത്രം ഏകദേശം 6,60,000 പേർ) കനാൻ നാട്ടിൽ പ്രവേശിപ്പാൻ സാധിച്ചില്ല. എല്ലാവരും മരുഭൂമിയിൽ പട്ടുപോയി. ഇതു നമുക്കേവർക്കും പാഠമാകട്ടെ. ദൈവത്തെ പരീക്ഷിക്കരുത്.

പിശാച് കർത്താവിനെ ഏറ്റവും ഉയർന്ന ഒരു മലമേൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു. വീണ് അവനെ നമസ്ക്കരിച്ചാൽ അവയൊക്കെ കർത്താവിന് കൊടുക്കാം എന്നു പറഞ്ഞു (മത്തായി 4:8-10). ഇതാണു പൈശാചികനിൽ നിന്നു നേരിടേണ്ടിവന്ന മൂന്നാമത്തെ പരീക്ഷ. കർത്താവ് സാത്താനെ ആട്ടിപ്പുറത്താക്കി. ആകൽക്കറുസായെ ജയിച്ച കർത്താവിനെ മാലാഖമാർ ശുശ്രൂഷിച്ചു (മത്തായി 4:11).

ഭൂമിയും അതിന്റെ പൂർണ്ണതയും, ഭൂതലവും അതിന്റെ നിവാസികളും തന്റെ പിതാവിന്റേതാകുന്നു (സങ്കീ. 24:1).

ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും തന്റെ പിതാവിന്റെതാകുന്നു എന്ന് ഉറപ്പുള്ളവനായ കർത്താവ് സാത്താനെ പുറത്താക്കുകയാണ്. ഏദൻതോട്ടത്തിൽ പിതാവിനോടു തോറ്റുപോയ ആദാമിനെ വീണ്ടെടുക്കാൻ മനുഷ്യാവതാരം ചെയ്ത കർത്താവ് പിശാചിനെ അവന്റെ സകല പരീക്ഷകളിലും തോൽപ്പിച്ചു. അതിന്റെ ശേഷമാണു കർത്താവു പരസ്യശുശ്രൂഷ ആരംഭിച്ചത്.

നോമ്പാചരിക്കയല്ല; അനുഷ്ഠിക്കയാണു വേണ്ടത്. നോമ്പാനുഷ്ഠാനത്തിലൂടെ നമ്മിലെ ജഡിക മനുഷ്യൻ തളരട്ടെ., ആത്മീയ മനുഷ്യൻ വളരുവാൻ ഇടയാകട്ടെ; മോശയും ഏലിയാവും കർത്താവും നമുക്കു മാതൃകയായും തീരട്ടെ.

# വിശുദ്ധ കുർബ്ബാന സ്വീകരണത്തിലെ ആശങ്കകൾ

റ്റി.കെ. തോമസ്, തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

വിശുദ്ധകുർബ്ബാന സ്വീകരിക്കുമ്പോൾ, കർത്താവിന്റെ ശരീരവും, രക്തവും എന്ന വിശ്വാസത്തോടെ നാം ഭക്ഷിക്കുന്ന കുർബ്ബാനഅപ്പം ചവച്ച് ഭക്ഷിക്കണമോ, അല്ലെങ്കിൽ വിഴുങ്ങിയാൽ മതിയോ, എന്ന ചോദ്യത്തിന് കൃത്യമായ ഒരു ഉത്തരം പലപ്പോഴും ലഭിക്കാതെ പോകുന്നു. ഇക്കാര്യത്തിൽ പലരിലും വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നതിനാൽ, അവരവരുടെ വിശ്വാസം പോലെയും താല്പര്യം പോലെയും കുർബ്ബാനഅപ്പം ഭക്ഷിച്ചുകൊള്ളട്ടെ എന്നാണ് എന്റെ അഭിപ്രായം. വിശുദ്ധ വേദപുസ്തകത്തിൽ കർത്താവിന്റെ ശരീരം, രക്തങ്ങൾ ഭക്ഷിക്കുമ്പോൾ സ്വയം ആത്മപരിശോധന നടത്തിയശേഷം ഭക്ഷിക്കണം എന്നു നിർദ്ദേശിക്കുന്നു (1 കൊരിന്ത്യർ 11: 24-34).

വിശുദ്ധ ആരാധനയിൽ ഖണ്ഡിക്കുന്ന, ഗോതമ്പ് അപ്പവും വീഞ്ഞും കർത്താവിന്റെ ശരീര രക്തങ്ങളായി രൂപാന്തരപ്പെടുന്നു എന്നു വിശ്വസിച്ച്, വിശുദ്ധ കുമ്പസാരത്തിനൊ, ഹൂസ്സോയിക്കൊ ശേഷം നാം ഭക്ഷിക്കുന്നു. യൂറോപ്യൻ രാജ്യത്ത് എവിടെയോ, വിശുദ്ധ കുർബ്ബാന അപ്പം, ഒരു നിരീശ്വരവാദി, തന്റെ കൈകളിൽ സ്വീകരിച്ചശേഷം, ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ, അത് സാക്ഷാൽ മനുഷ്യമാംസം എന്ന് അയാൾക്ക് ലാബിൽനിന്നും റിപ്പോർട്ട് ലഭിച്ചു എന്നും, അതേ തുടർന്ന് അയാൾ നിരീശ്വരവാദം ഉപേക്ഷിച്ച് ക്രിസ്തുമത വിശ്വാസിയായി മാറിയെന്നും കേട്ടിട്ടുണ്ട്. വിശുദ്ധ വേദപുസ്തകത്തിലെ മൂന്നു സുവിശേഷത്തിലും, കർത്താവ് തന്റെ ശിഷ്യന്മാർക്കൊപ്പം പെസഹ ഭക്ഷിച്ച ആ രാത്രിയിൽ, അപ്പവും, വീഞ്ഞും എടുത്ത് വാഴ്ത്തി, വിശുദ്ധീകരിച്ച്, തന്റെ ശിഷ്യന്മാർക്ക് നൽകിക്കൊണ്ട്, അവരോട്, ഇത് തന്റെ ശരീരവും, രക്തവും ആകുന്നു എന്നും ഇത് നിങ്ങൾ വാങ്ങി, ഭക്ഷിക്കുകയും, പാനം ചെയ്യുകയും, ചെയ്വീൻ എന്നു പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു (മത്താ.20:26, മർക്കോ. 14:22-25, ലൂക്കോ. 22:19-21).

1 കൊരി. 11:24-34 ഇപ്രകാരം പറയുന്നു, കർത്താവായ യേശുക്രിസ്തു താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, തന്റെ കൈകളിൽ അപ്പം എടുത്ത് സ്തോത്രം ചൊല്ലി, നുറുക്കി, ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം, എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വീൻ എന്നു പറഞ്ഞു. അപ്രകാരം തന്നെ അത്താഴം കഴിഞ്ഞശേഷം യേശു പാനപാത്രവും എടുത്തു. ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമമാകുന്നു, ഇതു കുടിക്കുമ്പോഴൊക്കെയും, എന്റെ ഓർമ്മയ്ക്കായി ചെയ്വീൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും, പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും, കർത്താവ് വരുവോളം തന്റെ മരണത്തെ പ്രസ്താവിക്കുന്നു. അയോഗ്യമായി അപ്പം തിന്നുകയോ, കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും, രക്തവും, സംബന്ധിച്ചു കുറ്റക്കാരനാകും. മനുഷ്യൻ തന്നത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും, പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്യാൻ. തിന്നുകയും കുടിക്കുകയും, ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ, തനിക്കു തന്ന ശിക്ഷാവിധി തിന്നുകയും, കുടിക്കുകയും ചെയ്യുന്നു. ഇതു ഹേതുവായി പലരും ബലഹീനരും, രോഗികളുമാകുന്നു. അനേകരും നിദ്ര കൊള്ളുന്നു. യേശു പറഞ്ഞു, എന്റെ ശരീരം ഭക്ഷിക്കുകയും, എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കും, അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കും. വിശുദ്ധിയുള്ളവർക്കും, വെടിപ്പുള്ളവർക്കും മാത്രം വിശുദ്ധതകൾ നൽകപ്പെടുമ്പോൾ സഭ ചില മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്, വിശുദ്ധ കുർബ്ബാന ഭക്ഷിക്കുന്നതിനു മുമ്പായി, വി. കുമ്പസാരം എന്ന കൂദാശ അനുഷ്ഠിക്കുകയോ, ഹൂസ്സോയോ പ്രാപിക്കുകയോ, ചെയ്തേ മതിയാകൂ. വി. കുർബ്ബാന സ്വീകരണത്തിനു മൂന്നു ദിവസം മുമ്പ് മത്സ്യമാംസാദികൾ വർജ്ജിക്കണം, ഒപ്പം പന്ത്രണ്ടു മണിക്കൂർ മുമ്പ് മുതൽ കുർബ്ബാന സ്വീകരിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി, ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുക നിർബന്ധം. രോഗികൾക്ക് ചില വിട്ടുവീഴ്ചകൾ സഭ അനുവദിക്കുന്നുമുണ്ട്. എന്നാൽ വി. കുർബ്ബാന അപ്പം ചവച്ച് കഴിക്കണമോ, വിഴുങ്ങണമോ, എന്ന് എവിടെയും നിഷ്കർഷിച്ചു കണ്ടിട്ടില്ല. മാളികയിൽ തന്റെ ശിഷ്യന്മാർക്കൊപ്പം, പെസഹാ ഭക്ഷിച്ചപ്പോൾ, വാഴ്ത്തിനുറുക്കിയ അപ്പം വലിയ കഷ്ണങ്ങൾ ആകകൊണ്ട്, ശിഷ്യന്മാർ അത് ചവച്ച് ഭക്ഷിച്ചിരിക്കാം, എന്നാൽ പ്രതീകാത്മകമായി ഇന്ന് ഓർമ്മ പുതുക്കുന്ന വിശുദ്ധ കുർബ്ബാനയിൽ, കർത്താവിന്റെ ശരീരമാകുന്ന ഭക്ഷണവും രക്തമാകുന്ന പാനീയവും, ചെറിയ അളവിൽ വിശ്വാസികൾക്ക് നൽകപ്പെടുമ്പോൾ അതിന്റെ രുചി അന്വേഷിക്കാതെ, വായിൽ സ്വീകരിച്ച്, വെള്ളത്തോടു ചേർത്ത് വിഴുങ്ങുന്നതാകും ഉചിതം എന്നു വിലയിരുത്തുന്നു. മറിച്ചു ചെയ്യുന്നതും അവരവരുടെ യുക്തിക്കനുസരണമാകട്ടെ. കർത്താവിന്റെ ശരീരരക്തങ്ങളുടെ സ്വീകരണവേളയിൽ അതിന്റെ രുചി അറിയുവാൻ ആഗ്രഹിക്കുന്നവർക്ക് ചവച്ചും, അതല്ല മറിച്ച് വിശ്വാസത്തിന്റെ ഭാഗമായി കുർബ്ബാന സ്വീകരിക്കുന്നവർക്ക് രുചി അന്വേഷിക്കാതെ വിഴുങ്ങുവാനും അവരുടെ വിവേചനാധികാരത്തിനു വിട്ടു കൊടുക്കാം. വിശുദ്ധ കുർബ്ബാന കാണുവാനും, അലക്ഷ്യമായി കർത്താവിന്റെ ശരീരരക്തങ്ങൾ സ്വീകരിക്കാനും, വിശ്വാസികൾ കടന്നുവരാതെ, വിശുദ്ധ മദ്ബഹായിൽ പുരോഹിതൻ ഖണ്ഡിക്കുന്ന കർത്താവിന്റെ ശരീരരക്തങ്ങൾ ഭക്തിയോടും, ആദരവോടും കൂടി ഭക്ഷിക്കാൻ മനസ്സും, ശരീരവും, ദൈവത്തിൽ സമർപ്പിച്ച്, ദൈവാലയങ്ങളിൽ നമുക്ക് കടന്നു ചെല്ലാം. മുൻവിധികളെ മാറ്റിവച്ചുകൊണ്ട്, നമുക്ക് ബലികളിൽ പങ്കാളികളാകുകയും, ദൈവാനുഗ്രഹങ്ങളെ പ്രാപിക്കുകയും ചെയ്യാം.




റവ.ഫാ. ബിനോ ഫിലിപ്പ് മൂഴിപ്പറമ്പിൽ, ചിങ്ങവനം

## ഗർബോ ഞായർ (ലൂക്കോ. 5: 12 – 16) കുഷ്ഠ രോഗിയുടെ ഞായറാഴ്ച 18 – 02 – 2024

വേദനയും പ്രയാസവും ഉളവാക്കുന്ന കുഷ്ഠരോഗം കാരണമായി മാനസികക്ലേശം അനുഭവിക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം ദൈവവിശ്വാസം അത്ര എളുപ്പമുള്ള സംഗതിയല്ല. വിശ്വാസത്തിന് സാദ്ധ്യമല്ലാത്ത ചുറ്റുപാടിൽ നിന്നും വിശ്വാസത്തിൽ അധിഷ്ഠിതമായിട്ടുള്ള ശബ്ദം കേൾക്കുന്നതിനിടവരുന്നു. സ്വയം അശുദ്ധനാണെന്നുള്ള തന്റെ ചിന്താഗതിയൊടൊപ്പം സമൂഹത്തിൽ അവഗണിക്കപ്പെട്ട് കിടക്കുന്ന വ്യക്തിയാണെന്നുള്ള ഭാരവും കാരണം വ്യാകുലപ്പെട്ടിരിക്കുമ്പോൾ ധൈര്യമായി കർത്താവിനോട് സഹായാഭ്യർത്ഥന നടത്തുകയാണ്.

"നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും" എന്ന പ്രഖ്യാപനത്തിലൂടെ അവന്റെ പൂർണ്ണസമർപ്പണവും വിശ്വാസത്തിന്റെ ആഴവും പ്രതിഫലിക്കുന്നു. യേശുക്രിസ്തു അവനിൽ പ്രവൃത്തിക്കണമെന്ന് അവൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു.

യേശുവിന്റെ കരങ്ങൾ അവനെ സ്പർശിച്ചു. അവൻ പരിപൂർണ്ണമായും ശുദ്ധനാക്കപ്പെട്ടു.

സമൂഹത്തിൽ അവഗണിക്കപ്പെട്ടവൻ സമൂഹത്തിന്റെ കേന്ദ്രമായിത്തീർന്നു.

അവഗണനയിൽ നിന്നും ദൈവസ്നേഹത്തിൽ അധിഷ്ഠിതമായിട്ടുള്ള പ്രവർത്തന മണ്ഡലങ്ങളിലേയ്ക്ക് വ്യക്തികളെ സ്വീകരിക്കുവാനും പ്രവർത്തന മേഖലകൾ തുറന്നു കൊടുക്കുവാനും പരി.സഭയിലെ ചെറിയ ഇടവകകൾക്കു പോലും സാധിക്കേണ്ടതാണ്.

## മ്ശറിയോ ഞായർ (മർക്കോസ് 2:1 –12) തളർവാത രോഗിയുടെ ഞായറാഴ്ച 25 – 02 – 2024

നാല് പേർകൂടിയാണ് തളർവാതരോഗിയെ ചുമന്നു കൊണ്ടു വരുന്നത്. അവരുടെ വിശ്വാസം നിമിത്തം കർത്താവ് അവനോട് ദയ ചെയ്തു. മറ്റുള്ളവരുടെ വിശ്വാസം നിമിത്തം ദൈവം കരുണ ചെയ്യുമെങ്കിൽ തല തൊടുന്നയാളിന്റെ വിശ്വാസവും ഏറ്റുപറച്ചിൽ മുഖാന്തിരം, വി. മാമ്മോദീസ സ്വീകരിക്കുന്ന പൈതലിന്മേൽ ദൈവത്തിന്റെ കൃപ പ്രവഹിക്കുമെന്നും, ശിശുക്കളെ വിശ്വാസം പഠിപ്പിച്ചിട്ട് വേണ്ട മാമ്മോദീസ നൽകാൻ എന്ന് നമുക്ക് വിശ്വസിക്കാം.

ആത്മാവ് മാത്രമല്ല, ശരീരവും പൂർണ്ണമായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

ആകയാൽ രോഗികളായിട്ടുള്ളവർ സഭയിലെ ആചാര്യനെ വരുത്തി കർത്താവിന്റെ നാമത്തിൽ എണ്ണപൂശി പ്രാർത്ഥിക്കട്ടെ (യാക്കോ. 5:13–16).

രോഗിയെ കർത്താവിന്റെയരികിലെത്തിച്ച നാല് പേർ, അവർ അജ്ഞാതരാണ്. ഞങ്ങളെത്തന്നെ ഉയർത്തിക്കാണിക്കുവാൻ അവർ ആഗ്രഹിക്കുന്നില്ല. നമുക്ക് പ്രവൃത്തി കൊണ്ടും വാക്കുകൾകൊണ്ടും, പ്രാർത്ഥനകൾകൊണ്ടും മറ്റുള്ളവരെ കർത്താവിലേയ്ക്ക് കൊണ്ടുവരുവാൻ സാധിക്കണം.

ധൈര്യപ്പെടുത്തുന്ന വാക്കുകൾ "മകനെ ധൈര്യമായിരിക്ക" മത്തായി 9:2 ആകുലതയുടെ നടുവിൽ ആശ്വാസവാക്കുകൾ നൽകാം.

## ക്നാനാത്തൊ ഞായർ (മത്തായി 15: 21 – 31) കനാൻകാരി സ്ത്രീയുടെ ഞായറാഴ്ച 03 – 03 – 2024

യേശുവിൽ വിശ്വാസമർപ്പിക്കുവാൻ സാധ്യമല്ലാത്ത ഒരു അന്യജാതിക്കാരിയായിരുന്ന കനാൻകാരി സ്ത്രീ അതിനെ അതിജീവിച്ച് മുന്നോട്ടു വന്നു. അവൾ യാചിക്കുകയാണ്.

നമ്മുടെ യാചനകൾക്ക് ഉടനെ ഉത്തരം ലഭിക്കണമെന്നില്ല, കൂടാതെ തടസ്സങ്ങളുടെ വാക്കുകൾ ആണ് അവൾ കേൾക്കുന്നത്. എന്നിട്ടും അവളിൽ കുടി കൊള്ളുന്ന വിശ്വാസത്തിന്റെ ആഴം അവിടെ വെളിപ്പെടുത്തുകയാണ്. "സ്ത്രീയെ നിന്റെ വിശ്വാസം വലുത്" എന്ന് പറയപ്പെടുമ്പോൾ അവൾ ക്രിസ്തുവിനാൽ ഉയർത്തപ്പെടുകയാണ്. അവളുടെ വിശ്വാസം കാരണം അവളുടെ മകൾ സൗഖ്യം പ്രാപിച്ചു. കർത്താവിൽ കുഞ്ഞുങ്ങളെ സമർപ്പിച്ചു പ്രാർത്ഥിച്ചാൽ നല്ല അനുഭവങ്ങൾ അവർക്ക് ലഭിക്കും.

തങ്ങളുടെ കുഞ്ഞുങ്ങൾ പൈശാചികമായ ചിന്തകളും പ്രവൃത്തികളും ഉള്ളവരായിത്തീരുന്നുവെങ്കിൽ, അവരുടെ മാതാപിതാക്കൾക്കുണ്ടാവുന്ന മാനസികക്ലേശം വളരെ വലുതായിരിക്കും. ദൈവമുമ്പാകെ ശരണപ്പെടുവാനും മടുപ്പില്ലാതെ പ്രാർത്ഥിക്കുവാനും സാധിക്കണം.

രോഗം ഉളവാകാതിരിക്കുമ്പോഴും, രോഗം ശമിക്കുമ്പോഴും ഏതു സമയത്തും ദൈവത്തെ സ്തുതിക്കണം. ദൈവം തരുന്ന ഓരോ നന്മകളെയും ഓർത്തു ദൈവത്തെ സ്തുതിക്കണം.

ദൈവത്തിന്റെ കൃപയിൽ വിശ്വസിക്കുന്നവർക്ക് കൂടുതൽ കൂടുതൽ ദൈവത്തെ പുകഴ്ത്തുവാനും ഉറച്ച് വിശ്വസിക്കുവാനും അത്ഭുതങ്ങൾ ദർശിക്കുവാനും സാധിക്കും.

## ക്ഫിത്തോ ഞായർ (ലൂക്കോസ് 13: 10 – 17) കൂനിയായ സ്ത്രീയ്ക്ക് സൗഖ്യം നൽകിയ ഞായറാഴ്ച ( 10 – 03 – 2024)

കൂനിയായ സ്ത്രീയ്ക്ക് സൗഖ്യം നൽകുന്നതിൽ അസ്വസ്ഥരാകുന്ന ഒരു കൂട്ടം ആളുകൾ. ഈ കൂട്ടർ ഏത് നന്മയിൽ തിന്മ കണ്ടെത്തും.

ദൈവത്തിങ്കലേയ്ക്ക് നോക്കി ജീവിക്കേണ്ട മനുഷ്യൻ അതിൽ നിന്ന് വ്യതിചലിക്കുമ്പോൾ ദൈവം അവരെ ഉപേക്ഷിക്കില്ല. എന്തെന്നാൽ മനുഷ്യൻ ദൈവസൃഷ്ടിയുടെ മകുടമാണ്.

മരുഭൂമിയിൽ പിത്തള സർപ്പത്തെ ഉയർത്തിയതുപോലെ

# അരങ്ങിനപ്പുറത്തെ അണിയറ യാഥാർത്ഥ്യങ്ങൾ

എൻജി. ടി.എം. തോമസ് കൊച്ചുപുരയ്ക്കൽ, തുണ്ടിയിൽ, കല്ലിശ്ശേരി

**2015** ഫെബ്രുവരി ആദ്യവാരത്തിൽ കുറെ ദിവസങ്ങളായി ചിങ്ങവനം ട്രാൻസ്പോർട്ട് വെയ്റ്റിംഗ് ഷെഡ്ഡിൽ ഒരു വയോവൃദ്ധൻ തീരെ അവശതയിൽ കിടന്നിരുന്നു. ഓട്ടോ ഡ്രൈവർമാരും അടുത്തുള്ള കടക്കാരും ഒക്കെ എന്തെങ്കിലുമൊക്കെ ആഹാരങ്ങൾ കൊടുത്തിരുന്നു. അങ്ങനെ എത്രനാൾ അവിടെ കിടന്നിരുന്നു എന്നറിവില്ല. കല്ലിശ്ശേരിക്കാരിയായ തോപ്പിൽ ശ്രീദേവിയെന്ന ഹോമിയോ ഡോക്ടർ തന്റെ ദന്തസംബന്ധമായ ചികിത്സയ്ക്കായി സുഹൃത്തും നാട്ടുകാരിയുമായ ഡോക്ടർ അച്ചയുടെ ദന്തൽ ക്ലിനിക്കിലേക്കു വന്നിരുന്ന ഏതാനും ദിവസങ്ങളിൽ ഒരു വയോവൃദ്ധൻ വെയ്റ്റിംഗ് ഷെഡ്ഡിൽ കിടന്നിരുന്നതു ശ്രദ്ധിച്ചിരുന്നു. ടിയാനോടു അനുകമ്പ തോന്നിയ ശ്രീദേവി തന്റെ സുഹൃത്തായ ഡോ. അച്ചയോടു പറഞ്ഞു എടീ,ഒരു വൃദ്ധൻ കുറേ ദിവസമായി വെയിറ്റിംഗ് ഷെഡിൽ കിടക്കുന്നു. നീ അയാളെ നിന്റെ പപ്പ കല്ലിശ്ശേരിയിൽ നടത്തുന്ന ഓൾഡേജ് ഹോമിൽ ആക്കിക്കൂടെ എന്ന്.

അന്നുതന്നെ വൈകുന്നേരം പലരുടെയും സഹായത്താൽ ടി യാനെ എടുത്ത് കാറിന്റെ പുറകിലെ സീറ്റിൽ കിടത്തി കല്ലിശ്ശേരിയിലെ മരുപ്പച്ചയിലേക്ക് കൊണ്ടുവരുകയും മരുപ്പച്ച ഭാരവാഹികൾ മാലക്കര ആശുപത്രിയിൽ പ്രവേശിപ്പിക്കയും ചെയ്തു. ഏതാനും ആഴ്ചകളിലെ ചികിത്സയാൽ ടിയാൻ പൂർണ്ണ ആരോഗ്യവാനാകുകയും ചെയ്തു. അന്വേഷണത്തിൽ ടിയാൻ ഒരു കോൺട്രാക്ടർ ആയിരുന്നുവെന്നും കോട്ടയം മെഡിക്കൽ കോളേജിനടുത്തു താമസിക്കുന്ന തന്റെ ഒരു സുഹൃത്തിന്റെ വീട്ടിൽ താമസിച്ചു വരികയായിരുന്നുവെന്നും അറിഞ്ഞു. . തന്റെ നിർദ്ദേശപ്രകാരം ബാങ്കിൽ കിടന്നിരുന്ന ഏതാനും ലക്ഷങ്ങൾ എടുത്ത് 8 സെന്റ് സ്ഥലം കോളേജിനു സമീപമായി തന്റെ പേരിൽ വാങ്ങുവാൻ സുഹൃത്തിനെ ചുമതലപ്പെടുത്തി. എന്നാൽ ടിയാൻ സ്ഥലം വാങ്ങിയതു അയാളുടെ പേരിലായിരുന്നു. നിജസ്ഥിതി എങ്ങനെയോ അറിഞ്ഞ് രാഘവനാചാരി സുഹൃത്തിനെതിരെ കേസ് കൊടുത്തു. തുടർന്ന് ടിയാനെ സുഹൃത്ത് വീട്ടിൽ നിന്നും ഇറക്കി വിടുകയും എവിടെയോ അലഞ്ഞു തിരിഞ്ഞു ചിങ്ങവനം വെയ്റ്റിംഗ് ഷെഡ്ഡിൽ അഭയം പ്രാപിക്കയായിരുന്നു.

കേസ് കൈകാര്യം ചെയ്തിരുന്നത് ചിങ്ങവനത്തെ ഒരു പ്രഗത്ഭനായ വക്കീൽ ആയിരുന്നു. വാദിക്കു അനുകൂലമായ വിധി പ്രസ്താവിക്കുവാൻ കോടതിയിൽ ഹാജരാകുവാൻ പലപ്രാവശ്യം നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ എവിടെ ആണെന്നു അറിയായ്ക്കയാൽ നോട്ടീസ് മടങ്ങിപ്പൊയ്ക്കൊണ്ടിരുന്നു. അങ്ങനെ കോടതിയിൽ ഹാജരാകാനുള്ള അവസാന തീയതിയിൽ എന്തോ ദൈവനിയോഗത്താൽ വക്കീലിനെ കണ്ടു കേസിന്റെ വിശദവിവരണങ്ങൾ അന്വേഷിക്കാമെന്ന ഒരു തോന്നലിനാൽ ടിയാനെയും കൂട്ടി കോട്ടയത്തേയ്ക്കു യാത്ര തിരിച്ചു. വഴിമദ്ധ്യേവച്ച് വക്കീലിന്റെ ഫോൺ നമ്പർ ഏതോ വിധത്തിൽ മനസ്സിലാക്കി ബന്ധപ്പെട്ടപ്പോൾ കഴിവതും വേഗം കോട്ടയം കോടതിയിൽ എത്തിപ്പെടുവാൻ പറഞ്ഞു. ഈ ദിവസവും വാദി ഹാജരാകുന്നില്ലെങ്കിൽ കേസ് തള്ളിക്കളയാനാണു കോടതി തീരുമാനം.

ദൈവികമായ നിയോഗത്താൽ തക്കസമയത്തു തന്നെ കോടതിയിൽ എത്തിപ്പെടുകയും ഏഴു രൂപയ്ക്കു വസ്തു ലേലം ചെയ്യുകയും ചെയ്തു. ചിലവുകളെല്ലാം കഴിഞ്ഞുള്ള അഞ്ചുലക്ഷം രൂപാ ടി യാന്റെ പേരിൽ കിട്ടുകയും ചെയ്തു. ഇത്രയും തുകയുള്ളതിനാൽ ഏതെങ്കിലും paid ആയിട്ടുള്ള ഓൾഡേജ് ഹോമിൽ താമസം ക്രമീകരിക്കാമെന്നു അറിയിച്ചുവെങ്കിൽ മരുപ്പച്ചയിലെ താമസത്തിനപ്പുറം എനിക്കൊരു താമസം വേണ്ടാ എന്നു പറഞ്ഞ് ഇവിടെ തുടരുകയായിരുന്നു. മരുപ്പച്ചയുടെ മൂന്നുനിലയുള്ള പുതിയ ബ്ലോക്കിന്റെ നിർമ്മാണ ആവശ്യത്തിലേക്കായി പ്രസ്തുത പണം സംഭാവന ചെയ്യുകയും ചെയ്തു. 2 ൽപരം വർഷങ്ങളിലെ താമസത്തിനുശേഷം 2017 ഏപ്രിൽ മാസം 3-ാം തീയതി പ്രിയ രാഘവനാചാരി തന്റെ 83-ാം വയസ്സിൽ ദിവംഗതനാകയും ചെയ്തു.

---

**_ഏവൻഗേലിയോൻ ദീപം_**

*(പേജ് 22 തുടർച്ച)*

മനുഷ്യപുത്രൻ ഉയർത്തപ്പെട്ടതിന്റെ അടയാളമാണ് "നോർത്തോ അല്ലെങ്കിൽ ഗോഗുൽത്ത". അഗ്നി സർപ്പത്തിന്റെ കടിയേറ്റവർക്ക്, ഉയർത്തപ്പെട്ട പിത്തളസർപ്പത്താൽ ജീവനുണ്ടാകുന്നു. ഗോഗുൽത്തായിൽ ഉയർത്തപ്പെട്ട ക്രിസ്തുവിലൂടെ സകല പാപകൂനുകളും പരിഹരിക്കപ്പെടുന്നു.

സർവ്വലോകത്തിനുവേണ്ടി ഉയർത്തപ്പെട്ട ആ കുരിശിലേയ്ക്ക് നോക്കുവാനാണ് ദൈവാലയ മദ്ധ്യത്തിൽ ഗോഗുൽത്താ നാട്ടിയിരിക്കുന്നത്. ക്രിസ്തുവിന്റെ മുഖത്തേയ്ക്ക് നോക്കുമ്പോൾ നമ്മുടെ ഇരുട്ടാകുന്ന പ്രത്യാശയില്ലായ്മ പുറകിലേയ്ക്ക് മാറ്റപ്പെട്ടു. ഇരുട്ട് മാറ്റപ്പെട്ടു.

സ്ത്രീസ്വാതന്ത്ര്യത്തെ ക്രിസ്തു അംഗീകരിക്കുന്നുവെന്ന് ഈ വേദഭാഗം വെളിപ്പെടുത്തുന്നു.

# സ്ത്രീകൾ വിമർശന വിധേയരോ?

പ്രൊഫ. ഡോ. അന്നമ്മ ജേക്കബ്, റാന്നി

സ്ത്രീകൾ പലപ്പോഴും വിമർശിക്കപ്പെടാറുണ്ട്. പ്രത്യേകിച്ച് കുടുംബത്തിൽ. അധികാര ഗർവ്വ് കാണിക്കുന്നവരെന്നോ അനുസരണക്കേട് കാണിക്കുന്നവരെന്നോ താൻ പോരിമയുടെ പര്യായമായി മാറുന്നവരെന്നോ ഒക്കെ...ഒക്കെ. ഏറെക്കുറെ ചില സാഹചര്യങ്ങളിലെങ്കിലും ശരിയാകും. എന്നാൽ ഇന്നും ഈ പുതുയുഗത്തിലും വളരെ മാനസിക പീഡനമേൽക്കുന്ന അനേകം സ്ത്രീകളുണ്ട് എന്നത് വളരെ സത്യമാണ്. അഭിമാനമോർത്ത് പുറത്തു പറയാറില്ല. എല്ലാം അനുഭവിച്ച് കാലം തീർക്കാൻ കാത്തിരിക്കുന്നവരുമുണ്ട്. ഇവിടെ ഞാൻ സ്ത്രീപക്ഷത്തു നിന്നുകൊണ്ട് സംസാരിക്കുകയല്ല, പകരം സമൂഹത്തിൽ ഒളിഞ്ഞുകിടക്കുന്ന ചില സത്യാവസ്ഥകൾ എടുത്തു കാണിക്കുന്നു എന്നേയുള്ളൂ. ഇത്തരം അനുഭവങ്ങൾ ഈ കാലത്ത് ചുരുക്കമാണ് എന്നിരുന്നാൽകൂടി അവർക്ക്, ഈ ന്യൂനപക്ഷത്തിനുവേണ്ടി, ഞാൻ എഴുതുന്നു.

അടുത്തുകാലത്ത് ഒരു സ്ത്രീ എന്നോടു പറഞ്ഞു, ടീച്ചർ ഞാൻ അന്നും ഇന്നും മരുമകൾ എന്ന്. അന്ന് മരുമകളുടെ സ്ഥാനത്തായിരുന്നപ്പോൾ എത്രത്തോളം മാനസിക സംഘർഷം ഉണ്ടായിരുന്നോ അത് ഇന്നും തുടരുന്നു. അന്ന് ജീവിതം ദുസ്സഹം ആയിരുന്നു. മാനസിക പിരിമുറുക്കം അത്യുച്ചകോടിയിൽ ആയിരുന്നു. അന്നത്തെ കാലത്ത് മരുമകൾപദവി എത്ര സമ്പത്തുള്ള വീട്ടിലായാലും പല സൗഭാഗ്യങ്ങളും ലക്ഷ്മണരേഖക്കുള്ളിലായിരുന്നു. അക്കാലത്തെ സാമൂഹിക സ്ഥിതിവിശേഷം ഇവിടെ എടുത്തു പറയേണ്ട ആവശ്യം ഇല്ലെന്ന് തോന്നുന്നു. പലർക്കും അറിവുള്ളതാണല്ലോ? അനുഭവിച്ച് അറിഞ്ഞിട്ടുള്ളതുമാകാം. ഇന്നത്തെ മരുമക്കൾ സൗഭാഗ്യമുള്ളവരാണ്. സുകൃതം ചെയ്തവരാണ്. സമൂഹം പുരോഗമിച്ചു. വ്യവസ്ഥകൾ മാറി. സംസ്കാരവും പരിഷ്ക്കാരവും ഏറി. സ്വയംപര്യാപ്തത യുവജനങ്ങൾ കൈവരിച്ചു. പല മാമൂലുകളേയും അവർ തിരുത്തിക്കുറിച്ചു. ഒരു കാലത്ത് പഴയ തലമുറ അനുഭവിച്ച മാനസിക സംഘർഷങ്ങൾ വരും തലമുറയ്ക്ക് ഉണ്ടാകരുത് എന്ന മുൻവിധിയോടെ ഒരുവിഭാഗം പഴമക്കാർ പെരുമാറിയതുകൊണ്ടുകൂടിയാണ് ഇന്നത്തെ തലമുറ സൗഭാഗ്യം അനുഭവിക്കുന്നത്. അതുകൊണ്ട് ഇന്നത്തെ മരുമക്കൾ സൗഭാഗ്യമുള്ളവരായി. അത് നന്നായി. അതിനെ നാം ഉൾക്കൊള്ളണം. പ്രോത്സാഹിപ്പിക്കണം. പുതിയ പ്രതീക്ഷകളുമായി പുതുജീവിതത്തിലേയ്ക്ക് കാൽവെക്കുന്ന ഇന്നത്തെ കുട്ടികൾ മാനസിക സന്തോഷം അനുഭവിക്കട്ടെ! അത് അവരുടെ അവകാശമാണ്. അന്നത്തെ തലമുറയുടെ ജീവിതാന്തരീക്ഷം ഇന്നത്തെ തലമുറയ്ക്ക് ഉണ്ടാവരുതെന്ന് നാം ആഗ്രഹിക്കുന്നു.


അന്നും മരുമകൾ ഇന്നും മരുമകൾ എന്ന് പരാതി പറഞ്ഞ സ്ത്രീ അനുഭവിക്കുന്ന വേദന കുടുംബത്തിൽ നിന്നാണ്. വായനക്കാർക്ക് തോന്നിയേക്കാം ഇതൊരു സാധാരണ സംഭവം അല്ലേയെന്ന്. അതെ, സാധാരണ സംഭവം തന്നെ. പക്ഷെ....

ഇന്ന് കാലം മാറി. വ്യവസ്ഥിതികൾ മാറി. ഇന്നത്തെ തലമുറ സ്വാതന്ത്ര്യം പ്രകടിപ്പിച്ചു തുടങ്ങി. അതവരുടെ പോരായ്മ എന്ന് പറയാനാവില്ല. മനുഷ്യമനസ്സുകളിലെ ചിന്തകൾക്കും വിദേശ രാജ്യങ്ങളുടെ സംസ്ക്കാരിക കടന്നുകയറ്റങ്ങൾക്കും പുരോഗമന ചിന്താഗതികൾക്കും മറ്റും മനുഷ്യനെ പുതിയ യുഗത്തിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു.

അതോടെ, അന്നൊരിക്കൽ മുതിർന്നവരെ ഭയന്ന് കഴിഞ്ഞ തലമുറയ്ക്ക് ഇന്ന് ആ ഒരു സ്വഭാവത്തിൽ നിന്നും വ്യത്യസ്തരാവാൻ കഴിയുന്നില്ല. വളരെ സാവധാനത്തിലേ അവർക്ക് മാറാൻ കഴിയുന്നുള്ളൂ. രൂഢമൂലമായ സ്വഭാവരീതിയിൽ പെട്ടെന്ന് മാറ്റം വരുത്തുവാൻ കഴിയുന്നില്ല. അറിഞ്ഞോ, അറിയാതെയോ അവർ സ്വയം നിയന്ത്രിതരും അനുസരണയുള്ളവരുമായി തീരുന്നു. പുതുതലമുറയും അതുപോലെ തന്നെ. അറിഞ്ഞുകൊണ്ടല്ല, അവർ ജീവിച്ചുവന്ന സാഹചര്യവും പരിശീലിച്ചുവന്ന ജീവിതക്രമവും ആസ്വദിച്ചുവന്ന സ്വാതന്ത്ര്യവും ഉപയോഗിച്ച് പ്രവർത്തിക്കുന്നു അത്രമാത്രം. അവിടെയുണ്ടാകുന്ന ഒരു തരം പൊരുത്തക്കേട് ആരും മനഃപൂർവ്വം ഉണ്ടാക്കുന്നതല്ല. മനോധർമ്മം അനുസരിച്ച് സ്വയം ക്രമപ്പെടുത്താൻ ശ്രമിക്കുക. അല്പമല്ല വളരെ ബുദ്ധിമുട്ടുള്ള ഒരു സത്യാവസ്ഥയാണ് അത്. അങ്ങനെ ആ അന്തരം കുറച്ചുകൊണ്ട് വന്നാൽ ബന്ധങ്ങൾ ഏറെ സുഖകരവും ആസ്വാദ്യകരവുമാകും. അങ്ങനെയുള്ള പഴമക്കാരായ വ്യക്തികളെയും എനിക്കറിയാം. അവിടെ നൂറുശതമാനവും വിജയമല്ലെങ്കിലും പലപ്പോഴും വിജയത്തിലെത്തിക്കാൻ മൗനം എന്ന കയ്പ്പേറിയ ഔഷധത്തിനും പ്രതികരിക്കാതിരിക്കുക എന്ന കഷായത്തിനും കഴിയുന്നുണ്ട്. മരുന്നും കഷായവും എപ്പോഴും വേണ്ടല്ലോ. രോഗാവസ്ഥയിൽ അത്യാവശ്യത്തിന് മാത്രം വിവേകപൂർവ്വം അവ ഉപയോഗിക്കാം. വ്യത്യസ്ത സ്വഭാവങ്ങളിൽ ചെയ്യേണ്ട ചില ക്രമീകരണങ്ങളാണ് ഇവിടെ ഔഷധമായി പ്രയോജനപ്പെടുത്തേണ്ടത്.

എല്ലാ ചെയ്തികൾക്കും കുറ്റം കണ്ടുപിടിച്ച് ശകാരം മാത്രം നൽകുന്ന സ്ത്രീകളും പുരുഷന്മാരും ഉണ്ടല്ലോ. ഒരിക്കലും ഒരു നന്മയും പറയാത്തവർ മണിക്കൂറുകളല്ല ദിവസങ്ങളോളം ഒരു കൂരക്കീഴിൽ ഒരക്ഷരം ഉരിയാടാതെ ജീവിക്കുന്നവരുണ്ട്. ഒരു പക്ഷെ ആ മൗനത്തിന്റെ കാരണം മഷിയിട്ടു നോക്കിയാൽപ്പോലും കണ്ടുപിടിക്കാനാവില്ല. അപ്പോൾ അത് നിർവചിക്കാനോ സങ്കല്പിക്കാനോ ആവാത്ത ഒരു മാനസികഭാരമായി മാറും. ഒരിക്കലും ഉരുകിത്തീരാത്ത കട്ടിയേറിയ ലോഹം ഉരുകുംപോലെ...സ്വർണ്ണം രാജദ്രാവകത്തിൽ ഉരുകും. പക്ഷേ ഈ മൗനത്തിന്റെ ലോകം ഉരുകാൻ കുറെ വൈകും. ക്ഷമ, സഹനം എന്നീ ഔഷധ ദ്രാവകങ്ങളിൽ അല്ലാതെ ഈ മൗനം- ദുരവസ്ഥ – ഉരുകി മാറുകയില്ല.

വി.വേദപുസ്തകത്തിൽ പരാമർശിക്കുന്ന സ്ത്രീരത്നങ്ങളിൽ എന്നെ ഏറ്റവും ആകർഷിച്ചിട്ടുള്ള അബിഗയിൽ, നാബാലിന്റെ ഭാര്യ, വളരെ മാനസികപീഡ അനുഭവിച്ചിട്ടുള്ള



സ്ത്രീരത്നമാണ്. നയരഹിതമായ ക്രൂരസ്വഭാവിയായ നാബാലിന്റെ പ്രവൃത്തികളോട് അബിഗയിലിന് എന്നും എതിർപ്പുണ്ടായിരുന്നു. എന്നാൽ ശക്തമായ വാക്കുകൾ കൊണ്ടോ, പ്രവൃത്തികൾ കൊണ്ടോ ഒരിക്കലും അവൾ ഭർത്താവിനെ എതിർത്തിട്ടില്ല. പകരം അനുനയ വാക്കുകളിലൂടെയും സൗമ്യമായ പെരുമാറ്റത്തിലൂടെയും, ക്ഷമയോടുകൂടിയും സഹനത്തോടുകൂടിയും പെരുമാറിയിരുന്നു. അതുകൊണ്ടുതന്നെ എത്രയോ വലിയപ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചു. ബുദ്ധിമതിയായ അവളുടെ നല്ല പെരുമാറ്റംമൂലം പല വിപത്തുകളെയും തരണം ചെയ്ത് ഭർത്താവിനെ സംരക്ഷിക്കാൻ അവൾക്ക് കഴിഞ്ഞു. ഭർത്താവിന്റെ ഏറ്റവും അടുത്ത തുണയായി ദൈവം അറിഞ്ഞ് കല്പിച്ച് കൊടുത്ത ദാനമാണ് അബിഗയിൽ (1 ശമുവേൽ 25). നമ്മുടെ ഭൗതിക ജീവിതത്തിലും തക്ക തുണയെയാണ് ദൈവം നൽകുന്നത് എന്ന ആശ്വാസവാക്ക് പറഞ്ഞാണ് അന്ന് എന്നോട് പരാതി പറഞ്ഞ ആ സ്ത്രീയെ ഞാൻ സമാധാനിപ്പിച്ചത്.

നാബാലിന്റെ സ്വഭാവം അറിഞ്ഞ് ദൈവം നൽകിയ ഒരു നിധിയാണ്, സത്യത്തിൽ അബിഗയിൽ എന്ന ബുദ്ധിമതിയായ ഭാര്യ (ജീവിതപങ്കാളി). ക്ഷമിച്ചും സഹിച്ചും, വഹിച്ചും നിന്നുകൊണ്ട് കുടുംബത്തിൽ മറ്റുള്ളവരെക്കൂടി ജീവിത പന്ഥാവിൽ സ്ഥിരപ്പെടുത്തിയില്ലെങ്കിൽ ജീവിതം നിലച്ചുപോകും. വഴിപിരിയും. കുടുംബജീവിതം ഏറ്റവും ദുർഘടമാകും. അതിനാണ് ഒരാൾക്കെങ്കിലും ദൈവം സഹനശക്തി തരുന്നത്.

സകല കുറവുകളോടുംകൂടി ദൈവം നമ്മെ സ്വീകരിക്കുന്നതുപോലെ ദൈവസൃഷ്ടികളായ നമ്മളും പരസ്പരം സ്വീകരിക്കാനും അംഗീകരിക്കാനും തയ്യാറാണെങ്കിൽ ജീവിതം ഏറ്റവും ആനന്ദകരമാകും.

നഷ്ടങ്ങളെ നേട്ടമാക്കാൻ കഴിയണം. എന്തെല്ലാം നഷ്ടപ്പെടുന്നു എന്നല്ല, നഷ്ടപ്പെട്ടതിനുശേഷം എന്തെല്ലാം അവശേഷിക്കുന്നു എന്നതിലാണ് നേട്ടങ്ങൾ കണ്ടെത്തേണ്ടത്. മറിഞ്ഞുവീഴുന്ന മരങ്ങളിൽ വേരിന്റെ സാധ്യതയുണ്ട്. വറ്റിപ്പോകുന്ന നദികളിൽ ഉറവയുടെ സ്രോതസ്സുണ്ട്. എല്ലാം തികഞ്ഞവരായി ആരുമില്ല. ന്യൂനതകളെയും നിറവുകളെയും യഥോചിതം കൂട്ടിയിണക്കി സാഹചര്യത്തിനനുസരിച്ച് ജീവിതം മുന്നോട്ടു കൊണ്ടുപോകുക. അതാണ് വേണ്ടത്. അപ്പോൾ കുടുംബത്തിൽ/സമൂഹത്തിൽ സ്ത്രീകൾ വിമർശിക്കപ്പെടുന്നതിന്റെ കാരണം ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടും. എങ്ങനെയെന്നാൽ, അതുപോലെയുള്ള സന്ദർഭങ്ങളിൽ ബുദ്ധിമതികളായ സ്ത്രീകൾ ഒരു പരിധി വരെ അധികാരഗർവ്വും താൻപോരിമയും പൊതുനന്മയ്ക്കുവേണ്ടി തുടർന്നെന്നിരിക്കും. അത് ഒരു ബുദ്ധിപ്രയോഗം എന്നേയുള്ളൂ. അപ്പോൾ കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ വിമർശിക്കപ്പെടും. അത്രമാത്രം. ●

# Nazareth Asramam Othera

**1/11/2023 to 30/1/2024**

**Donations**

| | |
|---|---|
| 1. Ashik Mohan Karipalil | 6000/- |
| 2. M/s Lens Optics Thiruvalla | - Two Spectacles |
| 3. Dr Elessy Abraham | 5000/- |
| 4.Chandyson K Kozhimattomthoppil | 3000/- |
| 5. Abraham C Jacob Chandanathuvakal | 5000/- |
| 6. Abraham Maruvuthara | 5000/- |
| 7. Punnoose Abraham Santa Vihar | 5000/- |
| 8. Libin Mathew Puthuchirayil | 15000/- |

**SMIJU JACOB MATTAKKATTU**
**Secretary, 9446079420**

## ആവശ്യമുണ്ട്

ക്നാനായ സമുദായം ആരംഭിക്കുവാൻ പോകുന്ന മീഡിയാ സെല്ലിലേക്ക് പരിചയ സമ്പന്നരായ ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട് ബന്ധപ്പെടുക.

സെക്രട്ടറി,
മോർ അപ്രേം സെമ്മിനാരി, ചിങ്ങവനം
Email: knanayaarchbishop@gmail. com
Ph. 9447097450

## ശുഭചിന്തകൾ

**കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ഒരു മനുഷ്യനുമില്ല, സന്തോഷവും സങ്കടവും ഇല്ലാതെ ജീവിതവുമില്ല. നമുക്കുള്ളത് എന്താണോ അതിൽ സന്തോഷം കണ്ടെത്തുമ്പോൾ ജീവിതം സുന്ദരമായി തീരും.**

Frankfinn is the global leader in cabin crew training. We currently have the following openings for our centre at **TRIVANDRUM**

## Centre Sales Manager

Graduate/Post Graduate with 4-7 Years of Experience, Atleset 2 years in managerial level.

## Academic / Course Counsellors (F)

Graduate with minimum 2-4 years of experience in sales / marketing admn.

## Business Development Executives (M)

Graduate with 3-5 years Exp. in Sales or Marketing

*Excellent Communication skill, dynamic, personality with ability to convince are pre requisite for all the post*

**TRAINERS** | **AVIATION / GROOMING (F)**
**ENGLISH, PD & SOFT SKILLS**
**TRAVEL, HOSPITALITY**

Min. Exp. of 10-12 yrs in relevant field.

## Telecallers (F)

Telecalling – Experience or freshers (age 22-32)

## MIS EXECUTIVE / (DATA ENTRY) FEMALE

Minimum 1-2 years of experience in data handling with strong knowledge of MS Excel

*Interested candidates may rush your C.V to trivandrum@frankfinn. com with Post applied and location as subject line or call : 90617 00099*

Frankfinn
INSTITUTE OF AIR HOSTESS TRAINING
WORLD'S NO.1 AIR HOSTESS TRAINING INSTITUTE
fly high®

www.frankfinn.com

KANNAMTHANAM GROUP

# മനുഷ്യന്റെ മാറ്റുകൂട്ടുന്ന മതം

ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്, ഇരവിപേരൂർ

സമൂഹജീവിയായ മനുഷ്യൻ ബുദ്ധിജീവിയാകയാൽ യുക്തിപൂർവ്വം ചിന്തിക്കുകയും, പ്രവൃത്തിക്കുകയും ചെയ്യണം. ദൈവിക അസ്തിത്വമുള്ള മനുഷ്യൻ ദൈവത്തോടുള്ള വിധേയത്വം നിലനിർത്തേണ്ടതാണ്. അതിനു മതത്തിന്റെ പങ്ക് വളരെ പ്രധാനമാണ്. പക്ഷിമൃഗസസ്യ ജീവജാലങ്ങളെപ്പോലെ സാധാരണമായ ജീവിതവ്യാപാരങ്ങൾക്ക് പുറമെ മനുഷ്യനു അമർത്യമായ അന്തരാത്മാവിന്റെ മാനസിക വ്യാപാരത്തോടുകൂടി ദൈവിക പദ്ധതി നിറവേറ്റേണ്ടതാണ്. മനുഷ്യൻ തന്റെ ചിന്താശക്തിയും ഇച്ഛാസ്വാതന്ത്ര്യത്തോടും കൂടി തന്റെ ദൈവീക ദൗത്യം നിർവ്വഹിക്കുന്നു. അതിനു പര്യാപ്തമായ മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും അവൻ സ്വയം കണ്ടെത്തുന്നു. ആ ലക്ഷ്യത്തിലേക്ക് നയിക്കുവാൻ മതം മനുഷ്യനാവശ്യമാണ്. കാരണം മതത്തിനു ഒരു ദിവ്യശക്തിയുണ്ട്. മനുഷ്യനെ ദൈവത്തോടു ബന്ധിക്കുന്ന ദിവ്യശക്തി.

സമൂഹത്തിൽ ധാർമ്മിക നിയമങ്ങൾ അനുസരിക്കുന്നതിന് മതത്തിന്റെ അനുശാസനം ആവശ്യമാണ്. ധർമ്മം അനുഷ്ഠിക്കുന്നതിനും, അധർമ്മം ഉപേക്ഷിക്കുന്നതിനും തിന്മ മതിയാക്കി നന്മ പഠിക്കുന്നതിനുമുള്ള അനുശാസനം ഫലപ്രദമായി നടപ്പിലാക്കുവാൻ സമൂഹത്തിൽ മതത്തിനു മാത്രമെ സാധിക്കുകയുള്ളു. അതുപോലെ മനുഷ്യന്റെ ചിന്താപരവും, രഹസ്യവുമായ വ്യാപാരങ്ങളെ നിയന്ത്രിക്കുവാൻ മതത്തിന്റെ അനുശാസനങ്ങൾക്ക് സാധിക്കും. ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും അറിയുന്ന ദൈവത്തിനു മാത്രമേ മനുഷ്യന്റെ മനോവിചാരങ്ങളും രഹസ്യപ്രവൃത്തികളും മനസ്സിലാക്കുവാൻ കഴിയുകയുള്ളു.. അതുകൊണ്ട് കർത്താവിന്റെ കർത്തൃത്വം അംഗീകരിക്കുന്ന മതത്തിനു മാത്രമേ ധാർമ്മിക നിയമങ്ങളുടെ ഫലപ്രദമായ അനുശാസനം നൽകുവാൻ കഴിയുകയുള്ളു. ധാർമ്മിക നിയമാനുസൃതജീവിതം നയിക്കുവാൻ പഠിപ്പിക്കുന്ന മതം മനുഷ്യനെ സഹനസന്നദ്ധനാക്കുന്നു. മനുഷ്യന് മതം ജീവിതത്തിൽ ശ്രേഷ്ഠമായ മഹത്വം ലഭിക്കുമെന്നുള്ള പ്രത്യാശ പകരുകയും ചെയ്യുന്നു. അങ്ങനെ മനുഷ്യന് തന്റെ ഐഹിക ജീവിതത്തെ ധന്യമാക്കുവാൻ പര്യാപ്തമായ തലത്തിൽ വിരോചിത കൃത്യങ്ങൾ ചെയ്യുവാനും, സഹജീവികൾക്കുവേണ്ടി സേവനമനുഷ്ഠിക്കുവാനും, പ്രതിബന്ധങ്ങളെ സധൈര്യം അഭിമുഖീകരിക്കുവാനും മതം പ്രേരിപ്പിക്കുന്നു.

ദൈവവചന കേൾവിയും, പഠനവും അറിവിലേയ്ക്കും, അറിവ് വിശ്വാസത്തിലേയ്ക്കും, വിശ്വാസം ആരാധനയിലേയ്ക്കും, ആരാധന ദൈവാനുഭവത്തിലേയ്ക്കും മനുഷ്യനെ നയിച്ചുകൊണ്ട് അവന്റെ ഇഹലോക ജീവിതത്തിലെ ക്ലേശങ്ങളെ സഹനത്തോടെ അഭിമുഖീകരിക്കുവാൻ മതം പ്രേരിപ്പിക്കുന്നു. ജീവിത ക്ലേശാനന്തരം ലഭിക്കുന്ന നിത്യസമ്മാനം മതം വാഗ്ദാനം ചെയ്യുന്നു. പ്രശ്ന പ്രതിസന്ധികളാൽ കലുഷിതമായ വിവിധ ജീവിത സാഹചര്യത്തിലും, വെല്ലുവിളിയിലും മനുഷ്യനു സാന്ത്വനമേകുവാൻ മതത്തിനു കഴിയുന്നു. മതമില്ലാത്ത മനുഷ്യന്റെ ജീവിതം ദയനീയവും, ക്രൂരവും, ദുരാരോപിതവും, പ്രതീക്ഷാരഹിതവും, മനക്ലേശവും, നിരാശയും നിറഞ്ഞതായിരിക്കും.

മതം മനുഷ്യ സ്വഭാവ രൂപീകരണത്തിന് അത്യന്താപേക്ഷിതമാണ്. മതത്തിനും മനുഷ്യ സ്വഭാവത്തിനും തമ്മിൽ ഗാഢമായ ഒരു ബന്ധമുണ്ട്. ഈ ബന്ധം മതം മഹത്വപ്പെടുത്തുന്ന ദൈവത്തിൽ വിശ്വസിക്കുവാൻ സഹായിക്കുന്നു. ഈ ബന്ധത്തിലൂടെ വിശ്വാസികളിൽ മനുഷ്യസ്നേഹം, സമസൃഷ്ടികളെ സഹായിക്കുന്നതിനുള്ള സന്നദ്ധത, നിരന്തരപ്രയത്നം, അടിയുറച്ച ആത്മവിശ്വാസം തുടങ്ങിയ ഗുണങ്ങൾ കാണാൻ സാധിക്കും. ശാസ്ത്ര സാങ്കേതിക പുരോഗതി മനുഷ്യന്റെ ശ്രേയസ്സ് വർദ്ധിപ്പിക്കുന്ന ഘടകങ്ങളാകയാൽ മതവിശ്വാസവും, ശാസ്ത്രജ്ഞാനവും പരസ്പരം പൂരകമാണ്. ഐൻസ്റ്റീൻ പറയുന്നതുപോലെ "മതമില്ലാത്ത ശാസ്ത്രം മുടന്തുള്ളതും ശാസ്ത്രമില്ലാത്ത മതം കാഴ്ചയില്ലാത്തതുമായിരിക്കും." വൈകല്യരഹിതവും, കാഴ്ചയും, കേൾവിയുമുള്ള ധാർമ്മികതയുടെ മൂല്യബോധമുണർത്തുന്ന മതവിശ്വാസാചാരങ്ങൾ മനുഷ്യന്റെ ശ്രേയസ്സ് അനുദിനം വർദ്ധിപ്പിക്കുന്നു. സനാതന ധർമ്മങ്ങളും, മൂല്യങ്ങളും നിർഭയം നിറവേറ്റുവാൻ മതം അത്യന്താപേക്ഷിതമാണ്. മതമില്ലാത്ത മനുഷ്യ സമൂഹത്തിനു ദൈവികാടിസ്ഥാനമില്ല, കേവലം മാനുഷിക അടിസ്ഥാനമാണുള്ളത്. ദൈവിക ചിന്തയും, വിചാരവും, ബോധവും അതു നൽകുന്ന മഹത്തായ മൂല്യങ്ങളും നഷ്ടപ്പെട്ട സമൂഹത്തിൽ അരക്ഷിതാവസ്ഥ ആരംഭിക്കുന്നു. മതമില്ലെങ്കിൽ സദ്ഗുണങ്ങൾ ഇല്ലാതാകും, തത്സ്ഥാനത്ത് സ്വാർത്ഥതയും, അഹന്തയും, വഞ്ചനയും, വക്രതയും, അഴിമതിയും, അക്രമവും ഉടലെടുക്കും. ഇഹലോക ജീവിതം സന്തോഷസമാധാന സമൃദ്ധമാക്കി മാറ്റുവാൻ സഹായിക്കുന്നത് മതാധിഷ്ഠിതമായ ജീവിതത്തിലൂടെ മാത്രമായിരിക്കും. ദൈവികബോധ്യാനുഭവമുണർത്തുന്ന മതാധിഷ്ഠിത ജീവിതം മനുഷ്യനെ മന്നിൽ മാതൃകയുള്ളവനാക്കി മാറ്റുന്നു.

## ശുഭചിന്തകൾ

**കണ്ണുള്ളപ്പോൾ അതിന്റെ വില നാം അറിയാറില്ല. അത് പോലെ എപ്പോഴും കൂടെയുള്ളവരെ കാണാനുള്ള കണ്ണ് നമുക്ക് ഉണ്ടാവാറില്ല. അകന്ന് ദൂരെ എത്തുമ്പോഴാണ് നമുക്ക് അവർ എത്ര വലുതായിരുന്നു, എന്തു മാത്രം ആശ്വാസമായിരുന്നു എന്നൊക്കെ നാമറിയുന്നത്.**




# യുവാവും മീവൽപക്ഷിയും

ധനികനായ അച്ഛൻ മരിച്ചു. സ്വത്ത് മുഴുവൻ മകന്റെ കൈയിലായി. വിഡ്ഢിയും അലസനുമായിരുന്നു മകൻ. പണംവെച്ചുള്ള ചീട്ടുകളിയിലും അത്തരത്തിലുള്ള മറ്റു കളികളിലുമാണ് അയാൾക്ക് കമ്പം. പിതാവിൽനിന്ന് ലഭിച്ച സമ്പാദ്യം മുഴുവൻ ഏതാനും മാസങ്ങൾക്കുള്ളിൽ അയാൾ തുലച്ചു.

അത് മഞ്ഞുകാലമായിരിന്നു. യുവാവ് നഗരത്തിലേയ്ക്കുള്ള യാത്രയിലാണ്. പതിവില്ലാത്തവിധം നല്ല സൂര്യപ്രകാശമുണ്ട്. അതിനാൽ വസന്തകാലമാണെന്ന ഭാവത്തോടെ ഒരു മീവൽപക്ഷി പാറിപ്പറക്കുന്നത് കണ്ട് യുവാവ് ചിന്തിച്ചു.

'ഇത് വസന്തകാലമാണെന്ന് തോന്നുന്നുവല്ലോ! പിന്നെ ഇത്രയും വസ്ത്രങ്ങൾ ഞാൻ ധരിക്കുന്നത് എന്തിനാണ്?' അയാൾ ചൂടു നൽകുന്ന മേൽ വസ്ത്രങ്ങളെല്ലാം അഴിച്ചു വിറ്റു. അങ്ങനെ കിട്ടിയ പണവും ചീട്ടുകളിയിൽ നഷ്ടപ്പെട്ടു.

വൈകുന്നേരം വാടിയ മുഖത്തോടെ അയാൾ നഗരത്തിൽ നിന്ന് മടങ്ങി. ഇപ്പോൾ സൂര്യപ്രകാശവും ചൂടും ഇല്ല. കനത്ത മഞ്ഞ് പെയ്തുകൊണ്ടിരിക്കുകയാണ്. ചരാചരങ്ങളെല്ലാം മഞ്ഞിൽ മൂടിമരവിച്ചിരിക്കുന്നു. കൂട്ടത്തിൽ രാവിലെ ആഹ്ളാദത്തോടെ പാറിപ്പറന്ന ആ മീവൽപക്ഷിയും മരണം കാത്ത് കിടപ്പുണ്ട്.

യുവാവ് അടിമുടി വിറയ്ക്കുകയായിരുന്നു. എല്ലു തുളച്ചു കയറുന്ന തണുപ്പ്. പല്ലുകൾ കൂട്ടിയടിക്കുന്നു.

'നീ കാരണമാണ് ഞാൻ ഈ അവസ്ഥയിലായത്.' മരിക്കാറായ മീവൽപക്ഷിയെ നോക്കി യുവാവ് കുറ്റപ്പെടുത്തി.

***വിഡ്ഢികളുടെ പ്രവർത്തനം കണ്ട് സ്വയം വിഡ്ഢിത്തം ചെയ്തശേഷം മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

### ഫെബ്രുവരി മാസത്തിലെ ചോദ്യങ്ങൾ

1. നോഹയുടെ ആയുഷ്കാലം എത്ര?
2. തേരഹിന്റെ പിതാവാര്?
3. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായ ശാലേം രാജാവ് ആര്?
4. വൃക്ഷത്തിന്റെ കീഴിൽ അതിഥികളെ സല്ക്കരിച്ച പൂർവ്വപിതാവ് ആര്?
5. സകല സഹോദരന്മാർക്കും എതിരെ പാർക്കുന്ന വൻ ആര്?
6. ബഹു. ജാതികൾക്കും മാതാവായി തീർന്നവൾ ആര്?
7. ലോത്ത് എവിടെ കടന്നപ്പോഴാണ് സൂര്യൻ ഉദിച്ചത്?
8. അബിമേലെക്കിന്റെ സേനാപതിയുടെ പേരെന്ത്?
9. അബ്രഹാം ബേർശേബയിൽ നട്ട വൃക്ഷം ഏത്?
10. അബ്രഹാം വാങ്ങിയ ശ്മശാന നിലത്തിന്റെ പേരെന്ത്?

### ജനുവരി മാസത്തിലെ ഉത്തരങ്ങൾ

1. മനുഷ്യൻ ഏകനായിരിക്കുന്നത് (ഉല്പ: 2:18)
2. പാമ്പ് (ഉല്പ: 3:14)
3. ആദാ, സില്ലാ (ഉല്പ: 4:19)
4. 930 സംവത്സരം (ഉല്പ: 5:5)
5. കീൽ (ഉല്പ: 6:14)
6. 40 ദിവസം (ഉല്പ: 7:12)
7. അരാറത്ത് (ഉല്പ: 8:4)
8. ഹാം (ഉല്പ: 9:18-22)
9. റേസെൻ (ഉല്പ: 10:12)
10. ബേല (ഉല്പ: 14:28)

# ക്നായിതോമ പ്രാർത്ഥന യോഗം

പൂവൻ തുരുത്ത് : ക്നായിതോമാ പ്രയർ ഫെലോഷിപ്പിന്റെ പ്രാർത്ഥന യോഗം 25-02-2024 ഞായർ വൈകുന്നേരം 6.30-ന് പാക്കിൽ സെന്റ് തോമസ് യാക്കോബായ പള്ളിയുടെ പാരീഷ് ഹാളിൽ വച്ച് നടത്തുന്നു. ബഹുമാനപ്പെട്ട മെറ്റോ ജേക്കബ് ശെമ്മാശൻ വെട്ടിപ്പറമ്പിൽ മുഖ്യ സന്ദേശം നൽകുന്നതാണ്. വൈസ് പ്രസിഡന്റ് റവ. ഫാ. സി. സി. ഏലിയാസ് കട്ടയിൽ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുന്നതാണ്.

## ക്നാനായ സമുദായദിനവും, ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസിന്റെ ഇരുപതാം മെത്രാഭിഷേക വാർഷികവും, സേവേറിയോസ് വിദ്യാഭ്യാസ നിധിയുടെ ശതാബ്ദി ആഘോഷവും




ക്നാനായ സമുദായ ദിനവും, ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസിന്റെ ഇരുപതാം മെത്രാഭിഷേക വാർഷികവും, സേവേറിയോസ് വിദ്യാഭ്യാസ നിധിയുടെ ശതാബ്ദി ആഘോഷവും സംയുക്തമായി നടന്ന മീറ്റിംഗ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ്, സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് സിറിയക് ജോസഫ്, മാർത്തോമ്മാസഭ മാത്യൂസ് മാർ സെറാഫിം എപ്പിസ്കോപ്പാ, ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ. ഫാ. വി.എ.ഏബ്രഹാം ഇളയശ്ശേരിൽ, ഫാ. എം.സി.സഖറിയ മധുരംകോട്ട്, ടി.സി. തോമസ് തോപ്പിൽ, ഫാ.ഏലിയാസ് സ്കറിയ ഇളവൻകളം, ആലിച്ചൻ ആറൊന്നിൽ, ഉതുപ്പാൻ ജോസഫ് വള്ളപ്പുരക്കൽ, സാബു കണ്ണാട്ടിപ്പുഴ, ലിനു ചെറിയാൻ വരാത്ര, രെഞ്ജു ചാക്കോ കോഴിമറ്റം, ജോബി ജോസഫ് കാരിക്കോട്ട്, സജി റ്റി. ചാക്കോ താന്നിക്കൽ, റ്റിജു ഏബ്രഹാം തോട്ടുപുറത്ത്, ഫാ. കെ. കെ. ഏബ്രഹാം കുറ്റിയിൽ, തമ്പാൻ തോമസ് കോളഭാഗത്ത് , ജേക്കബ് ലൂക്കോസ് കോയിപ്പുറത്ത് , പി.എ.ഏബ്രഹാം കുഴിക്കണ്ടത്തിൽ, തോമസ് കുട്ടി തേവരുമുറിയിൽ എന്നിവർ സമീപം



## പൗരോഹിത്യ സുവർണ ജൂബിലി ആഘോഷങ്ങൾ

ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ മഹാ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷങ്ങൾ പുത്തൻകുരിശ് പാത്രിയാർക്കാ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. പരി പാത്രിയാർക്കീസ് ബാവയുടെ അദ്ധ്യക്ഷതയിൽ കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ യോഗം ഉദ്ഘാടനം ചെയ്തു. മലങ്കര മെത്രാപ്പോലീത്ത ജോസഫ് മോർ ഗ്രീഗോറിയോസ്, ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത മോർ സേവേറിയോസ് കുറിയാക്കോസ് തുടങ്ങി വിവിധ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ ചടങ്ങിൽ സംബന്ധിച്ചു.


ST. MARY'S KNANAYA PRAYER GROUP
RIYADH-SAUDI ARABIA
MANAGING COMMITTEE-2024
ST. MARY'S KNANAYA PRAYER GROUP
ST. MARY'S KNANAYA PRAYER GROUP
SPIRITUAL COORDINATOR
SUNIL IDICULLA
KOITAMKUZHIYIL HOUSE
ST MARY'S KNANAYA CHURCH
MANNAR
Contact:+966537062565
St. Mary's Knanaya Prayer Group - Riyadh
PRESIDENT
BAIJU CHACKO
VALAYANATTU HOUSE
ST THOMAS KNANAYA KURISHUPALLY
MANNAMARUTHI RANNY
Contact:+966 562786671
SECRETARY
THOMAS KURIEN
TRUSTEE
REJI CHACKO
AUDITOR
ROJI MATHEW
SUNDAY SCHOOL HEADMISTRESS
SMITHA M MANOJ
COMMITTEE MEMBERS
SAJO MATHEW
MANU MATHEW
ZACHARIA PUNNOOSE(BIJU)
MONCY KURIAN
TOBU CHERIAN
വനിതാസമാജം ഭാരവാഹികൾ
KOCHUMOL C IDICULLA
CO ORDINATOR
NIKHILA LALU CHACKO
CO ORDINATOR
ANU JACOB
TRUSTEE

# വിവാഹിതരായി



റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ ഇടശ്ശേരിൽ സജി ഉണ്ണിട്ടന്റെയും ജിനിമോൾ സജിയുടെയും മകൻ **Nikhil**-ഉം ഇരവിപേരൂർ സെന്റ് മേരീസ് പള്ളിയിൽ എരുത്തിപ്പാട്ട് ഫാ. മാത്യു കുരുവിളയുടെയും ഷൈനി മാത്യുവിന്റെയും മകൾ **Lidiya**-ഉം തമ്മിലുള്ള വിവാഹം 11-01-2024-ൽ ഐത്തല സെന്റ് കുരിയാക്കോസ് പള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ** മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt -O

# വിവാഹിതരായി



കല്ലിശ്ശേരി സെന്റ് മേരീസ് വലിയപള്ളി ഇടവകയിൽ കുറ്റിയിൽ കെ.എ. അലക്സിന്റെയും ജെസ്സി അലക്സിന്റെയും മകൻ **ജോയൽ അലക്സും** പടിഞ്ഞാറ്റോതറ സെന്റ് മേരീസ് പള്ളി ഇടവകയിൽ തുരുത്തിക്കോണത്ത് പരേതനായ വി.യു. കുഞ്ഞുമോന്റെയും ബിന്ദു കുഞ്ഞുമോന്റെയും മകൾ **പിങ്കി കുഞ്ഞുമോനും** തമ്മിൽ 30-12-2023-ൽ കല്ലിശ്ശേരി സെന്റ് മേരീസ് വലിയപള്ളിയിൽ **അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനിയുടെ** മുഖ്യകാർമ്മികത്വത്തിൽ വിവാഹിതരായി.

Advt -O




മദ്ധ്യപൂർവ്വ ഏഷ്യയിലെ പ്രഥമ ക്നാനായ ദൈവാലയമായ ഷാർജാ സെന്റ് മേരീസ് ക്നാനായ പള്ളിയുടെ രജത ജൂബിലിയുടെ സമാപനം 2024 ജനുവരി 2–ന് ക്നായി തൊമ്മൻ നഗറിൽ (Cultural Central, Ajman, UAE) വെച്ചു വിവിധ കലാപരിപാടികളോടുകൂടി നടത്തപ്പെട്ടു. ക്നാനായ സമുദായ മെത്രാപ്പോലിത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്ത് അദ്ധ്യക്ഷത വഹിച്ചു. ശ്രീലങ്കയിലെ ഇന്ത്യൻ കൗൺസിലർ ശ്രീ. എൽദോസ് പുന്നൂസ് മുഖ്യാതിഥിയായിരുന്നു. സമുദായ സെക്രട്ടറി ശ്രീ. ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി ശ്രീ ടി.സി. തോമസ് തോപ്പിൽ, ഷാർജ ഇന്ത്യൻ അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീ. നിസാർ തളങ്കര, അബുദാബി സെന്റ് ഗ്രീഗോറിയോസ് ക്നാനായ പള്ളി വികാരി റവ. ഫാ. സിജോ ഏബ്രഹാം വട്ടോത്തറ, ദുബായ് സെന്റ് ജോർജ് ക്നാനായ പള്ളി വികാരി റവ. ഫാ. ലിബിൻ ഏബ്രഹാം കന്നാകുഴിയിൽ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. സന്തോഷ് സക്കറിയ കാവുങ്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ഇടവക സെക്രട്ടറി ശ്രീ. ജിബു എബ്രഹാം കളപ്പുരയ്ക്കൽ സ്വാഗതവും രജതജൂബിലി ആഘോഷങ്ങളുടെ ജനറൽ കൺവീനർ ശ്രീ. അലക്സ് എബ്രഹാം മുരിക്കോലിപ്പുഴ കൃതജ്ഞതയും പറഞ്ഞു.

## മോർ സേവേറിയോസ് വിദ്യാഭ്യാസനിധി മാനേജിംഗ് കമ്മിറ്റി അംഗങ്ങളായി ക്നാനായ അസ്സോസിയേഷനിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ



ബിജു ജേക്കബ്
കൈതാരം



ജൂബി ജേക്കബ്
കൊച്ചുപുരയ്ക്കൽ



ജിജി കുര്യൻ
പൊഴിമണ്ണിൽ



ജേക്കബ് തോമസ്
ചെറുവട്ടക്കാട്ട്



ജൂബി കെ. ജേക്കബ്
കൊല്ലംപറമ്പിൽ

## 15 – ാം ചരമവാർഷികം

**4 – 03 – 2024**



Advt -R

### ജോസഫ് സഖറിയ

**പാലക്കുടിയിൽ, ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 8-ാം ചരമവാർഷികം

**29–02–2024**



Advt -G

### കെ. പി. തോമസ് (തോമാച്ചൻ)

**കൊണ്ടൂർ, ചിങ്ങവനം**

മാതാ എഞ്ചിനീയറിംഗ് വർക്സ്, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 25 – ാം ചരമവാർഷികം

**24 – 02 – 2024**



Advt - S

### ഏബ്രഹാം ചാണ്ടി (കുഞ്ഞുമോൻ)

**മതുകുഴിയിൽ, പടിഞ്ഞാറ്റോതറ, തിരുവല്ല**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Death Anniversary

**27 – 02 – 2024**



Advt -O

### K.C.Korah (Babu)

**Kallumkal (H), Kottayam**

*"Hoping to meet again on the shores of eternity with memories that never die"*

By Sorrowing Family

## 3 – ാം ചരമവാർഷികം

18 – 03 – 2024



Advt - O

## K.I.THOMAS

**Kallooparambil, Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4 – ാം ചരമവാർഷികം

7-2-2024



Advt -S

## കെ. എൻ. രാജൻ

**ഇരണയ്ക്കൽ, തുരുത്തിക്കാട്**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 – ാം ചരമവാർഷികം

1 – 02 – 2024



Advt -S

## ഏബ്രഹാം ചാക്കോ (അനിയൻ)

**ഓതറ ഹൗസ്, ഐത്തല**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

ഭാര്യ : ഏലിയാമ്മ ഏബ്രഹാം
മക്കൾ : അബിൻ ഏബ്രഹാം, അനു ഷിബു
മരുമക്കൾ : ഷിബു, മിൽക്ക

*സന്തപ്ത കുടുംബാംഗങ്ങൾ*

## 17 – ാം ചരമവാർഷികം

20 – 02 – 2024

## 1 – ാം ചരമവാർഷികം

10 – 02 – 2024



**കെ. സി. ജേക്കബ്** | **മറിയാമ്മ ജേക്കബ്**

**കാട്ടുവേലിൽ,**
**കുറ്റൂർ**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



# 16 – ാം ചരമവാർഷികം

17 – 3 – 2024

## കെ. സി. ജോസഫ്

(അനിയൻകുഞ്ഞ്)

കോയിക്കൽ, അങ്ങാടി, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

കോയിക്കൽ സോമിൽ, അങ്ങാടി, റാന്നി.

കോയിക്കൽ ഫർണിച്ചർ മാർട്ട്, മാമുക്ക്, റാന്നി
9446708529

കോയിക്കൽ ഫർണിച്ചേഴ്സ്, അങ്ങാടി, റാന്നി
9447395775

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



# വേർപാടിന്റെ രണ്ടാം വർഷം

16 – 02 – 2024

## റവ. ഫാ. ഒ. പി. തോമസ്

പാറാനിയ്ക്കൽ


"ആചാര്യേശാ മ്ശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

19 – ാം ചരമവാർഷികം
11 – 2 – 2024

12 – ാം ചരമവാർഷികം
12 – 2 – 2024





**ഏബ്രഹാം തോമസ്**
(കുഞ്ഞവറാച്ചൻ)

**അന്നമ്മ ഏബ്രഹാം**
(അമ്മിണി)

ചിറമേൽപറമ്പിൽ, വള്ളംകുളം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

---

1 – ാം ചരമവാർഷികം
07 – 02 – 2024



**കെ. എ. ഏബ്രഹാം (കുഞ്ഞ്)**
കണ്ണങ്കര, പഴവങ്ങാടി, റാന്നി

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

6th Death Anniversary
20 - 02 - 2024



**ഏലിയാമ്മ മാത്യു (ലീലാമ്മ)**
കറയക്കളളിൽ, തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

---

40 – ാം ചരമദിനം
09 – 02 – 2024



**ഉഷാ മാത്യു (51)**
മുക്കാട്ട്, കുറിച്ചി

"മഹിമയോടന്തിമ വിധിനാളിൽ കർത്താവേ നീ അണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ നല്ലവരൊത്തു വലഭാഗേ"

***സന്തപ്ത കുടുംബാംഗങ്ങൾ***

Advt -R



## 2 – ാം ചരമവാർഷികം

**16 – 02 – 2024**

# Rev. Fr. O. P. Thomas Paranickal

**(14-09-1955 - 16-02-2022)**
**Vicar as on 1990 -2021**
**Nilambur**

"ആചാര്യേശാ മ്ശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

പ്രാർത്ഥനയോടെ
പള്ളിക്കുത്ത്
സെന്റ് മേരീസ് ക്നാനായ പള്ളി
നിലമ്പൂർ

Advt -O

## 1 – ാം ചരമവാർഷികം

**12 – 03 – 2024**



# അന്നാമ്മ കുര്യൻ

**നടുവിലേപ്പറമ്പിൽ, കാവാലം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 5 – ാം ചരമവാർഷികം

**01 – 02 – 2024**



# ജിൻസ്മോൻ റ്റി. സി.

**തച്ചാറചിറയിൽ, രാമമംഗലം**

